SYRO-MALABAR VISION
A NEWSLETTER PUBLISHED WITH THE APPROVAL OF THE SYRO-MALABAR SYNOD

# സീറോമലബാർ വിഷൻ

ജനുവരി 2024 | പുസ്തകം 02 | ലക്കം 09 | സീറോമലബാർ സിനഡിന്റെ അംഗീകാരത്തോടെ പ്രസിദ്ധീകരിക്കുന്ന വാർത്താപത്രം



## സീറോമലബാർസഭയ്ക്ക് ഭദ്രമായ അടിത്തറ പാകിയ വലിയ ഇടയന് കൃതജ്ഞതയോടെ...

# സീറോമലബാർ വിഷൻ

## എഡിറ്റോറിയൽ

## ഭദ്രമായ അടിത്തറ പാകിയ വലിയപിതാവ്


സീറോമലബാർസഭയുടെ മെത്രാൻ സിനഡിനാൽ തെരഞ്ഞെടുക്കപ്പെട്ട പ്രഥമ മേജർ ആർച്ച്ബിഷപ് എന്ന നിലയിൽ പന്ത്രണ്ടു വർഷക്കാലം സഭാനൗകയെ ധീരമായി നയിച്ച കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവ് സ്ഥാനത്യാഗം ചെയ്തിരിക്കുന്നു. ഉത്തമമായ ബോധ്യങ്ങളോടെയും ദൃഢനിശ്ചയത്തോടെയും സഭാപാരമ്പര്യങ്ങളെ മുറുകെ പിടിച്ചുകൊണ്ട് ഉറച്ച ആത്മീയതയിൽ നമ്മുടെ സഭയുടെ ഐക്യവും കെട്ടുറപ്പും ലക്ഷ്യം വെച്ചാണ് വലിയപിതാവ് നമ്മെ നയിച്ചത്. സഭയ്ക്കകത്തുമാത്രമല്ല, പൊതുസമൂഹത്തിന്റെ വ്യത്യസ്തങ്ങളായ മേഖലകളിൽ ഫലപ്രദമായ ഒത്തിരിയേറെ ഇടപെടലുകൾ അദ്ദേഹം നടത്തിയിട്ടുണ്ട്. സഭയുടെ മാധ്യമ ശുശ്രൂഷയെ സാങ്കേതിക തികവോടെയും കാലഘട്ടത്തിനനുസൃതമായും കാര്യക്ഷമമാക്കുന്നതിൽ വലിയപിതാവിന്റെ നിർദ്ദേശങ്ങളും പിന്തുണയും എപ്പോഴും ഉണ്ടായിരുന്നു. അതിനാൽ, 'സീറോമലബാർ വിഷൻ' ഈ ലക്കം സഭയുടെ പിതാവും തലവനുമായിരുന്ന കർദിനാൾ അഭിവന്ദ്യ മാർ ജോർജ് ആലഞ്ചേരി പിതാവിന് ആദരപൂർവം സമർപ്പിക്കുകയാണ്.

കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവ് സീറോമലബാർസഭയുടെ മേജർ ആർച്ച്ബിഷപ് എന്ന ഔദ്യോഗിക ചുമതലയിൽനിന്നും പടിയിറങ്ങുമ്പോൾ സംഭവബഹുലമായ ഒരു കാലഘട്ടത്തിന്റെ പരിസമാപ്തിയാണത്. അത്യന്തം ലളിതസുന്ദരവും ആത്മീയശോഭ നിറഞ്ഞതും എല്ലാവരെയും ഒരുപോലെ ഹൃദയത്തോട് ചേർത്തുനിർത്തുന്നതുമായ അസാധാരണ വ്യക്തിത്വമാണ് ആലഞ്ചേരി പിതാവെന്ന വലിയ ഇടയന്റേത്. സീറോമലബാർസഭയുടെ സമഗ്രവും സർവ്വതലസ്പർശിയുമായ വളർച്ചയ്ക്ക് അടിത്തറ പാകാൻ അക്ഷീണം യത്നിച്ച കർമ്മയോഗിയാണ് ആലഞ്ചേരി പിതാവ്. സഭാതലവനായുള്ള ഉത്തരവാദിത്വവഴികൾ വെല്ലുവിളികളും വിവാദങ്ങളും തീർത്ത കുരിശിന്റെ വഴികളായിരുന്നു. തെറ്റിദ്ധാരണകളും അപവാദപ്രചാരണങ്ങളും കള്ളക്കേസുകളും ഏറെയുണ്ടായി. സമചിത്തതയോടെ സഹനങ്ങളെ സ്വീകരിക്കുകയും പ്രസന്നവദനനായി കൂടെയുള്ളവരെയും അഥിതികളെയും സന്തോഷിപ്പിക്കുകയും ചെയ്യുന്ന വലിയപിതാവ് ഞങ്ങൾക്കെന്നും അത്ഭുതമായിരുന്നു. ഭക്തനും ശക്തനും ഉത്തമനായ ഒരു സുവിശേഷ വാഹകനുമാണ് അദ്ദേഹം. ദൈവത്തോടും ദൈവം ഭരമേല്പിച്ച സഭയുടെ നേതൃശുശ്രൂഷയോടും പൂർണ്ണമായ വിശ്വസ്തത കാത്തുസൂക്ഷിച്ച മാർതോമാശ്ലീഹായുടെ യഥാർത്ഥ പിൻമുറക്കാരനായിരുന്നു ആലഞ്ചേരി പിതാവ്.

സീറോമലബാർസഭ വളർച്ചയുടെ പല നിർണ്ണായകമായ നാഴികക്കല്ലുകളും പിന്നിട്ടത് ആലഞ്ചേരി പിതാവിന്റെ നേതൃത്വത്തിലാണ്. തളർന്നുപോകാമായിരുന്ന പ്രതിസന്ധികളുടെയും വേദനകളുടെയും നാടുവിൽ ദൈവപരിപാലനയിൽ ആശ്രയിച്ചുകൊണ്ട് സങ്കടകടലിന്റെ തീരത്തു പടർന്നു പന്തലിച്ച ഫലവൃക്ഷം പോലെ അദ്ദേഹം തലയുയർത്തി നിൽക്കുന്നു. അപ്രതീക്ഷിതമായ ഒരു സങ്കട സമയത്ത് പിതാവിനോട് ഒപ്പമുണ്ടായിരുന്ന ഞാൻ അദ്ദേഹത്തോട് ചോദിച്ചു: 'പിതാവ് ഇതെല്ലാം എങ്ങനെ സഹിക്കുന്നു?' പിതൃസഹജമായ വാത്സല്യത്തോടെ എന്നെ കെട്ടിപ്പിടിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു: 'മോനെ, എല്ലാ ജീവിതാനുഭവനങ്ങളിലും സംതൃപ്തനായിരിക്കണം. ഒന്നും കുരിശിൽ അവസാനിക്കില്ല, സന്തോഷകരമായ ഉത്ഥാനം തീർച്ചയാണ്. നമുക്ക് കാത്തിരിക്കാം.' പ്രതിസന്ധിയിലും സമചിത്തത കൈവിടാതെയുള്ള പിതാവിന്റെ പ്രതികരണം അദ്ദേഹത്തിന്റെ ആത്മീയ അടിത്തറയുടെയും ''എന്റെ ഇഷ്ട്ടമല്ല, നിന്റെ ഇഷ്ടം നിറവേറട്ടെ'' യെന്ന ക്രിസ്തുസമാനമായ സമർപ്പണത്തിന്റെയും നിദർശനമാണ്. മാണിക്യത്തിന്റെ തിളക്കം ഒരിക്കലും കുറയുകയില്ല. നാൾക്കുനാൾ അതിന് ശോഭ വർധിക്കുകയേയുള്ളു. സീറോമലബാർസഭയുടെ തിളങ്ങുന്ന മാണിക്യമായി നമ്മുടെ 'വലിയപിതാവ്' ഇനിയും നമ്മെ വഴിനടത്തട്ടെ.



**ഫാ. ഡോ. ആന്റണി വടക്കേകര വി. സി.**
ചീഫ് എഡിറ്റർ, സീറോമലബാർ വിഷൻ




സീറോമലബാർ വിഷനിലേക്ക് രൂപതാ / സമർപ്പിതസമൂഹ വാർത്തകൾ അയക്കാൻ ആഗ്രഹിക്കുന്നവർ താഴെ കൊടുത്തിരിക്കുന്ന ഐഡിയിലേക്ക് മെയിൽ അയക്കുകയോ, നമ്പറിലേക്ക് വാട്ട്സാപ്പ് മെസേജ് അയക്കുകയോ ചെയ്യാവുന്നതാണ്.

email: syromalabarvision@gmail.com
whatsapp: +91 8089552280

## സീറോമലബാർ വിഷൻ
EDITORIAL BOARD

ADVISORY BOARD
MAR JOSEPH PAMPLANY
CHAIRMAN, MEDIA COMMISSION
MAR PAULY KANNOOKADAN
EPISCOPAL MEMBER, MEDIA COMMISSION
MAR SEBASTIAN VANIYAPURACKAL
EPISCOPAL MEMBER, MEDIA COMMISSION

CONSULTANTS
DR. CHACKO KALAMPARAMBIL
DR. KOCHURANI JOSEPH
ADV. AGI JOSEPH

CHIEF EDITOR
FR. DR. ANTONY VADAKKEKARA VC
P.R.O. & SECREATRY, MEDIA COMMISSION

ASSOCIATE EDITOR
FR. DR. PRAKASH MATTATHIL
VICE CHANCELLOR

MANAGING EDITOR
FR. SEBY KOLANGARA
EXECUTIVE DIRECTOR, INTERNET MISSION

DESIGN & LAYOUT
EBY THOMAS
OFFICE STAFF, MEDIA COMMISSION

# പ്രതിഭാധനനായ ആചാര്യശ്രേഷ്ഠൻ



**മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ**
അഡ്മിനിസ്ട്രേറ്റർ, സീറോമലബാർസഭ

സീറോമലബാർസഭയ്ക്കു കഴിഞ്ഞ 12 വർഷക്കാലം ധീരമായ നേതൃത്വം നല്കിയ കർദിനാൾ ജോർജ് ആലഞ്ചേരി പിതാവു മേജർ ആർച്ചുബിഷപ്പു സ്ഥാനത്തുനിന്നു വിരമിച്ചിരിക്കുന്നു. പ്രതിഭാധനനായ ഒരു ആത്മീയാചാര്യനാണ് ആലഞ്ചേരി പിതാവ്. 1990ൽ വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിൽ ദൈവവശാസ്ത്ര വിദ്യാർഥിയായിരുന്ന കാലംമുതൽ എനിക്കു പിതാവിനെ നേരിട്ടറിയാം. സെമിനാരി വിദ്യാർഥികളെ വ്യക്തിപരമായി അറിഞ്ഞു പേരുചൊല്ലി വിളിച്ചിരുന്നതിനാൽ പിതാവിനോടു എല്ലാവർക്കും അടുപ്പമുായിരുന്നു. ദൈവശാസ്ത്ര വിഷയങ്ങൾ താത്വികമായി വിശകലനംചെയ്തു പഠിപ്പിക്കുന്നതിനോടൊപ്പം അജപാലന മേഖലയിൽ സ്വീകരിക്കേണ്ട പ്രായോഗിക സമീപനങ്ങളെക്കുറിച്ചും പിതാവു പറഞ്ഞുതന്നിരുന്നു.

1996ൽ പുതുതായി സ്ഥാപിക്കപ്പെട്ട തക്കല രൂപതയുടെ പ്രഥമ മെത്രാനായി നിയമിക്കപ്പെട്ട പിതാവു തീക്ഷ്ണവും ഊർജസ്വലവുമായ നേതൃത്വംനല്കി അവിടത്തെ ദൈവജനത്തെ വളർത്തുന്നതിൽ നിതാന്ത ജാഗ്രതപുലർത്തി. ലോകമെമ്പാടും ചുറ്റി സഞ്ചരിച്ചു ഉദാരമതികളായ ആളുകളെ കണ്ടുപിടിച്ചു തക്കല രൂപതയ്ക്കു ഭദ്രമായ അടിത്തറയിടാൻ വന്ദ്യ പിതാവിനു സാധിച്ചു.

2011 മെയ് 29നു സിറോമലബാർസഭയുടെ മൂന്നാമതു മേജർ ആർച്ചുബിഷപായി തെരഞ്ഞെടുക്കപ്പെട്ട ആലഞ്ചേരി പിതാവു കേരളത്തിലും ഭാരതത്തിലും ഏഷ്യയിലുമുള്ള കത്തോലിക്കാമെത്രാൻസമിതികളിൽ മാത്രമല്ല ഒരു കർദിനാൾ എന്ന നിലയിൽ സാർവത്രികസഭ മുഴുവനിലും ശ്രദ്ധിക്കപ്പെടുന്ന വ്യക്തിയായി ത്തീർന്നു. ഇന്റർ ചർച്ച് കൗൺസിലിന്റെ ചെയർമാൻ എന്ന നിലയിൽ എല്ലാ ക്രൈസ്തവസഭകൾക്കിടയിലും പിതാവിനു സ്വീകാര്യതയുണ്ട്. പിതാവിന്റെ അഭിപ്രായമറിയാനും അനുഗ്രഹംവാങ്ങാനും രാഷ്ട്രീയ-സാമൂഹിക-മത മേഖലകളിലുള്ള ഉന്നതരായ വ്യക്തികൾ എത്തുമായിരുന്നു. പ്രതിസന്ധികളിലും പ്രതികൂലസാഹചര്യങ്ങളിലും മനസു പതറാതെ സഭയെ നയിക്കാൻ പിതാവിനു കഴിഞ്ഞതു ദൈവത്തിലുള്ള ആശ്രയം കൊണ്ടുമാത്രമാണ്.

> **ഔദ്യോഗിക കൃത്യനിർവഹണത്തിൽനിന്നു വിരമിച്ചാലും ആലഞ്ചേരി പിതാവു ഇനിയും വിശ്രമരഹിതനായി സഭാശുശ്രൂഷയിൽ പ്രാർഥനാപൂർവം വ്യാപരിക്കുന്ന ഒരു അജപാലകശ്രേഷ്ഠൻതന്നെ ആയിരിക്കും.**



സീറോമലബാർസഭയ്ക്കു കേരളത്തിനുപുറത്തു ഭാരതത്തിലും ഭാരതത്തിനു വെളിയിലും രൂപതാസംവിധാനങ്ങൾ ഉണ്ടാക്കിയെടുക്കുന്നതിൽ പിതാവു വഹിച്ച പങ്കു നിസ്തുലമാണ്. ദൂരയാത്രകൾ ചെയ്തു ക്ഷീണിച്ചിരിക്കുമ്പോഴും രോഗപീഡകളാൽ അലട്ടപ്പെട്ടപ്പോഴും സഭയെക്കുറിച്ചു ചിന്തിച്ചിരുന്ന പിതാവു വിശ്രമത്തിനു സമ്മതിച്ചില്ല. സ്കൂൾ-കോളേജുകാലത്തും സെമിനാരിപരിശീലനകാലത്തും പൗരോഹിത്യ ശുശ്രൂഷാകാലയളവിലും തനിക്കു സുഹൃത്തുക്കളായിലഭിച്ച എല്ലാവരെയും സഭയുടെ പൊതുസുഹൃത്തുക്കളാക്കാൻ പിതാവിനു ഉണ്ടായിരുന്ന സന്തോഷം എടുത്തു പറയേണ്ടതാണ്. ഔദ്യോഗിക കൃത്യനിർവഹണത്തിൽനിന്നു വിരമിച്ചാലും പിതാവു ഇനിയും വിശ്രമരഹിതനായി സഭാശുശ്രൂഷയിൽ പ്രാർഥനാപൂർവം വ്യാപരിക്കുന്ന ഒരു അജപാലകശ്രേഷ്ഠൻതന്നെ ആയിരിക്കും. ആലഞ്ചേരി പിതാവെന്ന വലിയ ദാനത്തെപ്രതി ദൈവത്തിനു സ്തുതിക്കളർപ്പിക്കുന്നു!



# സീറോമലബാർസഭയുടെ മേജർ ആർച്ച്ബിഷപ് എന്ന ഔദ്യോഗിക ചുമതലയിൽനിന്നും വിരമിച്ചുകൊണ്ട് 2023 ഡിസംബർ 7–ാം തിയതി സഭാ ആസ്ഥാനമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വെച്ച് നടത്തിയ പത്രസമ്മേളനത്തിൽ കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവ് നൽകിയ പ്രസ്താവന.

**George Cardinal Alencherry**
Major Archbishop
Syro-Malabar Church

Prot. No. 1197/2023 — 7 December 2023

പ്രിയപ്പെട്ടവരേ,

**ഈശോമിശിഹായ്ക്കു സ്തുതിയായിരിക്കട്ടെ!**

ദൈവകൃപയാൽ 2011 മെയ് 29-ാം തിയതിമുതൽ മേജർ ആർച്ചുബിഷപ് എന്ന നിലയിൽ സീറോമലബാർസഭയിൽ ഞാൻ ശുശ്രൂഷ നിർവഹിക്കുകയായിരുന്നു. സർവശക്തനായ ദൈവത്തിന്റെ അനുഗ്രഹംകൊണ്ടാണു മേജർ ആർച്ചുബിഷപിന്റെ ഉത്തരവാദിത്വങ്ങൾ നിറവേറ്റാൻ എനിക്കു സാധിച്ചത്.

നിങ്ങളിൽ ചിലർക്കെങ്കിലും അറിയാവുന്നതുപോലെ, മേജർആർച്ചുബിഷപ്പിന്റെ സ്ഥാനത്തുനിന്നു വിരമിക്കാനുള്ള എന്റെ ആഗ്രഹം 2019 ജൂലൈ 19-നു ഞാൻ പരിശുദ്ധ പിതാവിനെ അറിയിച്ചിരുന്നു. നമ്മുടെ സഭയിലെ വർധിച്ചുവരുന്ന അജപാലന ആവശ്യങ്ങളും എന്റെ ആരോഗ്യസ്ഥിതിയും ശ്രദ്ധാപൂർവം പരിഗണിച്ചാണു ഞാൻ ആ തീരുമാനം എടുത്തത്. സ്ഥാനമൊഴിയണമെന്ന എന്റെ ആഗ്രഹം അംഗീകരിക്കുന്നതിനു വേണ്ടി ഞാൻ താല്പര്യത്തോടെ അഭ്യർഥിച്ചുവെങ്കിലും, എന്റെ തീരുമാനം സ്വീകരിക്കുന്ന തിനുമുൻപു പരിശുദ്ധ പിതാവ് സീറോമലബാർ സഭയുടെ സിനഡിന്റെ അഭിപ്രായം തേടി. സിനഡ് എന്റെ തീരുമാനം അംഗീകരിച്ചില്ല.

പ്രാർഥനാപൂർവകമായ പുനരാലോചനകൾക്കുശേഷം സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പിന്റെ ഉത്തരവാദിത്വത്തിൽനിന്നു മാറാൻ അനുവദിക്കണമെന്ന ആഗ്രഹം പ്രകടിപ്പിച്ചുകൊണ്ട് 2022 നവംബർ 15നു എന്റെ രാജി പരിശുദ്ധ പിതാവിനു വീണ്ടും സമർപ്പിച്ചു. എന്റെ അഭ്യർഥനയിൽ ഉടനടി തീരുമാന മെടുത്തില്ലെങ്കിലും ഒരു വർഷത്തിനുശേഷം പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ രാജി സ്വീകരിക്കുകയും ഔദ്യോഗിക ഉത്തരവാദിത്വത്തിൽനിന്നു വിരമിക്കാൻ എന്നെ അനുവദിക്കുകയും ചെയ്തിരിക്കുന്നു എന്ന വിവരം നിങ്ങളെ അറിയിക്കാൻ എനിക്കു സന്തോഷമുണ്ട്. അതിനാൽ, ഇന്നേദിവസം 2023 ഡിസംബർ 7-ാം തിയതി പ്രാബല്യത്തിൽവരുന്നവിധം സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പിന്റെ സ്ഥാനത്തുനിന്നു ഞാൻ ഔദ്യോഗികമായി വിരമിക്കുന്നു. നിങ്ങളുടെ പ്രാർഥനയും പിന്തുണയും മാറ്റത്തിന്റെ ഈ കാലയളവിൽ ഉണ്ടാകുമല്ലോ.

**പൗരസ്ത്യസഭാനിയമപ്രകാരം മേജർ ആർച്ചുബിഷപ്പിന്റെ സ്ഥാനം ഒഴിവുവരുമ്പോൾ സഭയുടെ കൂരിയാബിഷപ് – ഇപ്പോഴത്തെ സാഹചര്യത്തിൽ ബിഷപ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ – പുതിയ മേജർ ആർച്ചുബിഷപ് സ്ഥാനം ഏറ്റെടുക്കുന്നതുവരെ സീറോമലബാർസഭയുടെ അഡ്മിനിസ്ട്രേറ്ററായി പ്രവർത്തി ക്കുന്നതാണ്.**

ഈശോയിൽ സ്നേഹപൂർവം,

+ കർദിനാൾ ജോർജ് ആലഞ്ചേരി

The Syro-Malabar Major Archiepiscopal Curia
Mount St. Thomas, P.B.No. 3110, P.O. Kakkanad, Kochi – 682 030, Kerala, India
Tel: (0484) 2424780, 2424768, 2426235; Fax: (0484) 2422727. E-mail: majorarchbishop@gmail.com, Website:www.syromalabarchurch.in

# ആലഞ്ചേരി പിതാവ് സഭാതനയർക്ക് പ്രാതസ്മരണീയൻ

ആർച്ച്ബിഷപ് ജോസഫ് പാംപ്ലാനി
തലശ്ശേരി അതിരൂപതാ മെത്രാപ്പോലിത്ത, മീഡിയാ കമ്മീഷൻ ചെയർമാൻ & സിനഡ് സെക്രട്ടറി





സീറോമലബാർസഭയുടെ വലിയ ഇടയനായി സഭാനൗകയെ ഒരു വ്യാഴവട്ടക്കാലത്തിലധികം നയിച്ച അഭിവന്ദ്യ കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവ് സഭാതനയർക്ക് പ്രാതസ്മരണീയനാണ്. ജീവിത ലാളിത്യംകൊണ്ടും സുവിശേഷത്തോടുള്ള പ്രതിബദ്ധതകൊണ്ടും സഭാപാരമ്പര്യങ്ങളോടുള്ള കറകളഞ്ഞ വിശ്വസ്തകൊണ്ടും ആലഞ്ചേരി പിതാവിന്റെ ജീവിതം അജപാലകർക്കുള്ള പാഠപുസ്തകമാണ്. വിശ്രമമില്ലാതെ അധ്വാനിക്കാനുള്ള അനിതര സാധാരണമായ കഴിവും പ്രതിസന്ധികളിൽ പതറാത്ത നിശ്ചയദാർഢ്യവും ആഴമേറിയ ദൈവാശ്രയബോധവും പിതാവിനെ സഭാനൗകയുടെ കരുത്തുറ്റ അമരക്കാരനാക്കി മാറ്റി. രണ്ടു സഹസ്രാബ്ദംകൊണ്ട് നേടാൻ കഴിഞ്ഞതിൽ അധികം വളർച്ച സഭയ്ക്കു കരഗതമായത് ആലഞ്ചേരി പിതാവിന്റെ അജപാലന നേതൃത്വത്തിലാണെന്നതിന് ചരിത്രം സാക്ഷി. ഭാരതം മുഴുവനും കാനോനികമായി ഭരണാധികാരമുള്ള സഭയായി സീറോമലബാർസഭ മാറിയതും ഭാരതത്തിനുവെളിയിൽ വിവിധ രൂപതകൾ സ്ഥാപിക്കപ്പെട്ടതും പിതാവിന്റെ സഭാശുശ്രൂഷയ്ക്ക് സ്വർഗ്ഗവും തിരുസിംഹാസനവും നൽകിയ അംഗീകാരങ്ങളാണ്.

വർഷങ്ങളായി വഴിമുടങ്ങിക്കിടന്ന സഭയുടെ ആരാധനാക്രമനവീകരണം പൂർത്തീകരിക്കാൻ പിതാവു പുലർത്തിയ നിശ്ചയദാർഢ്യം സഭയുടെ സ്വത്വബോധം വീണ്ടെടുക്കാൻ സഹായകമായി. വിശുദ്ധ കുർബാനക്രമത്തിന്റെയും യാമപ്രാർത്ഥനകളുടെയും നവീകരണം സഭയുടെ ഭാവിയെ ഭദ്രമാക്കുന്ന ഉറച്ച കാൽവയ്പുകളായിരുന്നു. ദൈവഹിതം നിറവേറ്റുന്നതിനുള്ള നിയോഗത്തിൽ വ്യക്തിപരമായ നഷ്ടങ്ങളെ പിതാവ് സുവിശേഷാത്മകമായ സഹനമായി സ്വീകരിച്ചു. ഏശയ്യാ പ്രവാചകന്റെ സഹനദാസദർശനത്തിന്റെ ദൃശ്യാവിഷ്കാരമായിരുന്നു പിതാവിന്റെ ജീവിതം. തെരുവീഥികളിലോ മാധ്യമങ്ങൾക്കു മുന്നിലോ ന്യായവാദങ്ങൾ നടത്താതെ ദൈവഹിതം ഹൃദയത്തിൽ നിശബ്ദമായി സംഗ്രഹിച്ച് ധ്യാനിച്ച അഭിവന്ദ്യ പിതാവിന്റെ ജീവിതം വിശുദ്ധോദാരമായ ക്രിസ്തുമാർഗ്ഗമായിരുന്നു എന്നു കാലം തെളിയിക്കും. ബലിയർപ്പകനും ബലിവസ്തുവും ബലിപീഠവും ഒന്നാകുന്ന അഭിവന്ദ്യ പിതാവിന്റെ ജീവിതം തിളങ്ങുന്ന മാണിക്യംപോലെ സഭയെ പ്രകാശിപ്പിക്കും.

പഴയനിയമത്തിലെ മോശയെപ്പോലെ സഹനത്തിന്റെ കനൽവിരിച്ച വഴികളിലൂടെ ദൈവജനത്തെ നയിച്ച ആലഞ്ചേരി പിതാവ് കർത്താവു കാണിച്ചുകൊടുത്ത നെബോ മലയിൽ വച്ച് സ്വയം പിൻവാങ്ങുകയായിരുന്നു. സഭയുടെ സമ്പൂർണ്ണ ഐക്യം എന്ന കാനാൻ അനുഭവം കയ്യെത്തുന്ന ദൂരത്ത് കാണിച്ചുതന്നിട്ടാണ് അഭിവന്ദ്യ പിതാവ് സ്ഥാനത്യാഗം ചെയ്തത്. മുന്നോട്ടുള്ള തുടർപ്രയാണത്തിൽ അഭിവന്ദ്യ ആലഞ്ചേരി പിതാവു നൽകിയ ദിശാബോധം തന്നെയാണ് സഭയുടെ ഏറ്റവും ഈടുറ്റ മൂലധനം. സീറോമലബാർസഭയുടെ പിതാവും തലവനുമായി ദൈവം ഭരമേല്പിച്ച നിയോഗം അതിന്റെ പൂർണ്ണതയിൽ നിറവേറ്റിയ കർമ്മയോഗിയായി കാലം അഭിവന്ദ്യ ആലഞ്ചേരി പിതാവിനെ വിലയിരുത്തും.

> രണ്ടു സഹസ്രാബ്ദം കൊണ്ട് നേടാൻ കഴിഞ്ഞതിൽ അധികം വളർച്ച സഭയ്ക്കു കരഗതമായത് ആലഞ്ചേരി പിതാവിന്റെ അജപാലന നേതൃത്വത്തിലാണെന്നതിന് ചരിത്രം സാക്ഷി.



## സീറോമലബാർസഭയുടെ മേജർ ആർച്ച്ബിഷപ് എന്ന ചുമതലയിൽനിന്നും വിടുതൽ നൽകണമെന്ന് ആവശ്യപ്പെട്ട് കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവ് നൽകിയ രാജി സ്വീകരിച്ചുകൊണ്ട് 2023 നവംബർ 29–ാം തിയതി പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ നൽകിയ കത്ത്.

*To My Venerable Brother*
*His Beatitude Mar George Cardinal Alencherry*
*Major Archbishop of Ernakulam-Angamaly of the*
*Syro-Malabar Church*

As you celebrated last year your fiftieth anniversary of priestly ordination and twenty-fifth anniversary as a Bishop, I was pleased to join you in giving thanks to the Lord, expressing as well my gratitude for the dedication shown over the course of those years by your many pastoral and educational efforts and initiatives. In particular, since 2011, the year of your election as Father and Head of the Major Archepiscopal Church of Ernakulam-Angamaly, the signs of your zeai artd generosity were numerous, as you laboured unceasingly for the achievement of various important milestones in the life of this Particular Church.

In this regard, I think of the recognition of the All-India jurisdiction, the establishment of the oflices of the Procurator in Rome and the erection of Eparchies in Australia, Canada and Great Britain. It is also encouraging that various provisions for the pastoral care of the faithful in the Arabian Peninsula are under serious consideration. You have attended to all this without neglecting the ordinary path of the Church, in considering, together with the Synod, pastoral care in catechesis and the liturgr, formation of the clergr and accompaniment of young people, especially in the diaspora, while not forgetting to give attention and service to the poor and those most in need.

The year 2022 witnessed another important event in the life of the Saint Thomas Christians as well as in the universal Church: the 1,950th anniversary of the martyrdom of the Apostle who, according to tradition, brought the proclamation of the Gospel to India. There, as a martyr, he conformed himself totally to his Lord and God (cf. Jn 20:28) through the supreme sacrifice of his life. Guided by this example of Saint Thomas, and out of love for the risen Lord and his Church, in 2019 you offered to step away from the pastoral governance of the beloved Syro-Malabar Church when faced with divisions and protests. Yet at that time, the Apostolic See accepted the judgment of the Syro-Malabar Synod of Bishops, which did not consider it the suitable moment. The Synod, however, could not fail to recognize in your request the heart of a Pastor who set the unity and mission of the Church above everything else.


Now that you have reached two significant jubilees and accomplished the pastoral objectives set for the flock entrusted to your care, I consider your resignation not as the conclusion, but the fulfilment of your service. Indeed, this step represents a further witness of fidelity to the Gospel and a new way of serving the Church, above all through contemplative and intercessory prayer, as well as by continuing to offer your counsel to the Dicasteries of the Roman Curia of which you are a member.

In light of these considerations, together with the occurrence of the centenary of the Syro-Malabar hierarchy, and always mindful of the good and unity of the People of God, I have decided to accept your resignation as a sign of your openness and docility to the Holy Spirit. Invoking the intercession of Saint Thomas the Apostle and assuring you of my prayers, I impart my blessing to you and to the whole Major Archepiscopal Church of Ernakulam- Angamaly.

Rome, from Saint John Lateran,
29 November 2023

Franciscus

# നലംതികഞ്ഞ സഭാ സ്നേഹിയായ ആലഞ്ചേരി പിതാവ്



**ആർച്ച്ബിഷപ് ആൻഡ്രൂസ് താഴത്ത്**
സിബിസിഐ പ്രസിഡന്റ് &
തൃശൂർ അതിരൂപതാ മെത്രാപ്പോലിത്ത

തികഞ്ഞ സഭാ സ്നേഹിയും ബഹുമുഖ പ്രതിഭയുമായിരുന്ന കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി പിതാവ്, സീറോമലബാർസഭയ്ക്ക് പിതാവും തലവനുമായ മേജർ ആർച്ച്ബിഷപ്പ് എന്ന നിലയിൽ വലിയ അനുഗ്രഹമായിരുന്നു. അഭിവന്ദ്യ മാർ ജോർജ്ജ് ആലഞ്ചേരി പിതാവിനെ ഞാൻ ആദ്യമായി പരിചയപ്പെടുന്നത് ആലുവ പൊന്തിഫിക്കൽ സെമിനാരിയിൽ പഠിക്കുമ്പോഴായിരുന്നു. അന്ന് അദ്ദേഹം മാസ്റ്റർ ഓഫ് തിയോളജി (എം.ടി.എച്ച്.) പഠിക്കുകയായിരുന്നു. എല്ലാവരോടും സൗഹൃദം പുലർത്തുന്ന നല്ല ഒരു വ്യക്തിത്വം അന്നേ അദ്ദേഹത്തിൽ ഞാൻ ദർശിച്ചിരുന്നു. പിന്നീട് പി.ഒ.സി. ഡയറക്ടറായി സേവനം ചെയ്യാൻ അവസരം ലഭിച്ചപ്പോൾ, കേരള കത്തോലിക്കാസഭയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് അദ്ദേഹം വലിയ സംഭാവനകൾ നൽകി. കേരളത്തിലെ മെത്രാന്മാർ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് വളരെ സന്തോഷത്തോടെയും അഭിമാനത്തോടെയും സംസാരിക്കുന്നതു മാത്രമേ ഞാൻ കേട്ടിട്ടുള്ളൂ.

പിന്നീട് ചങ്ങനാശ്ശേരി അതിരൂപതയുടെ വികാരി ജനറലായി പ്രവർത്തിക്കുമ്പോഴാണ് ഞാൻ പിതാവിനെ കാണുന്നത്. അവിടെയും തന്റേതായ വ്യക്തിമുദ്ര പതിപ്പിക്കാൻ അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്. 1996ൽ വിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപാപ്പ തക്കല രൂപത സ്ഥാപിച്ചപ്പോൾ രൂപതയുടെ പ്രഥമ മെത്രാനായി മാർ ജോർജ്ജ് ആലഞ്ചേരി പിതാവിനെ തിരഞ്ഞെടുത്തതും ദൈവനിയോഗമായിരുന്നു. ഒന്നുമില്ലാതിരുന്ന രൂപതയ്ക്ക് രൂപവും ഭാവവും നൽകിയത് അദ്ദേഹമാണ്. നന്നായി തമിഴ് സംസാരിച്ചിരുന്ന അദ്ദേഹം, തക്കല രൂപതയുടെ കണ്ണിലുണ്ണിയായി. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സഞ്ചരിച്ച് തക്കല രൂപതയ്ക്ക് സാമ്പത്തിക അടിത്തറ നൽകുന്നതിനും, പള്ളികളും മിഷൻ സ്റ്റേഷനുകളും രൂപീകരിക്കുന്നതിനും അദ്ദേഹം അക്ഷീണം പ്രയത്നിച്ചിട്ടുണ്ട്. രൂപതാ പ്രവർത്തനങ്ങളിൽ ഏറ്റവും ചെറിയ കാര്യങ്ങൾ മുതൽ എല്ലാ കാര്യത്തിലും അദ്ദേഹം വളരെ ശ്രദ്ധാലുവായിരുന്നു. രൂപതാ പ്രവർത്തനങ്ങളിൽ എല്ലാം തന്നെ അദ്ദേഹത്തിന്റെ കയ്യൊപ്പ് കാണാം. ഭക്ഷണത്തിന്റെയും ക്ലീനിങ്ങിന്റെയും കാര്യം മുതൽ എല്ലാ പദ്ധതികളും ആസൂത്രണം ചെയ്യുന്നതിന് അദ്ദേഹത്തിന് നേതൃത്വം നൽകേണ്ടിവന്നിട്ടുണ്ട്. അദ്ദേഹത്തിന്റെ കഠിനാധ്വാനത്തിന്റെ ഫലമായി അജപാലന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ വലിയൊരു വൈദിക-അല്മായ സമൂഹത്തെ അദ്ദേഹത്തിന് രൂപീകരിക്കാനായി. 2004ൽ ജോൺപോൾ രണ്ടാമൻ മാർപാപ്പ തൃശ്ശൂരിന്റെ സഹായ മെത്രാനായി എന്നെ നിയമിച്ചപ്പോൾ, തക്കലയിൽ പോയി ആലഞ്ചേരി പിതാവിനെ മെത്രാഭിഷേകത്തിന് ക്ഷണിച്ച കാര്യം ഞാൻ ഇന്നും ഓർക്കുന്നു. ഊഷ്മളമായ സ്വീകരണമാണ് അന്ന് എനിക്ക് ലഭിച്ചത്. അവിടെവച്ച് പിതാവിന്റെ അജപാലന തീക്ഷ്ണത നേരിട്ട് മനസ്സിലാക്കാൻ എനിക്ക് സാധിച്ചിട്ടുണ്ട്.

> **സഭയിൽ ഉണ്ടായിട്ടുള്ള വിവിധങ്ങളായ പ്രതിസന്ധികൾ ആലഞ്ചേരി പിതാവിന്റെ മനസ്സിനെ വളരെയേറെ ആകുലപ്പെടുത്തിയിരുന്നു. അദ്ദേഹത്തിന്റെ സംസാരത്തെ കുബുദ്ധികൾ തെറ്റായി വ്യാഖ്യാനിച്ചത് പലപ്പോഴും തെറ്റിദ്ധാരണകൾ പരത്തുന്നതിന് കാരണമായിട്ടുണ്ട്.**

ഭാഗ്യസ്മരണാർഹനായ വർക്കി വിതയത്തിൽ പിതാവ് മേജർ ആർച്ച്ബിഷപ്പ് ആയതിനുശേഷം സിനഡ് സമ്മേളനങ്ങളിൽ വെച്ച് ആലഞ്ചേരി പിതാവിനെ അടുത്ത് പരിചയപ്പെടാൻ എനിക്ക് അവസരം ലഭിച്ചിട്ടുണ്ട്. മേജർ ആക്കിഎപ്പിസ്കോപ്പിൽ കോടതി അധ്യക്ഷൻ എന്ന നിലയിൽ സഭാ നിയമങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുന്നതിന് അദ്ദേഹവുമായി എനിക്ക് അവസരം ലഭിച്ചിപ്പോൾ, അദ്ദേഹം വളരെ സൗഹൃദത്തോടെയാണ് എന്നോട് സംസാരിച്ചിട്ടുള്ളത്. പിന്നീട് വർക്കി പിതാവിന്റെ നിര്യാണത്തിനുശേഷം സിനഡ് പിതാക്കന്മാർ ആലഞ്ചേരി പിതാവിനെ സീറോമലബാർസഭയുടെ പിതാവും തലവനുമായ മേജർ ആർച്ച്ബിഷപ്പായി 2011 ൽ തിരഞ്ഞെടുത്തു.

സഭയുടെ സമഗ്ര വികസനത്തിനുവേണ്ടി മാർ ജോർജ്ജ് ആലഞ്ചേരി പിതാവ് അക്ഷീണം പ്രയത്നിച്ചു. 2012ൽ കർദിനാളായി ഉയർത്തപ്പെട്ട അദ്ദേഹം പരിശുദ്ധ പിതാവ് ബെനഡിക്ട് മാർപാപ്പയുമായും പിന്നീട് ഫ്രാൻസിസ് മാർപാപ്പയുമായും വളരെ അടുത്ത സൗഹൃദബന്ധം പുലർത്തിയിരുന്നു. കാക്കനാട് മൗണ്ട് സെന്റ് തോമസിൽ ഇപ്പോൾ ഉയർന്നിരിക്കുന്ന എൽ.ആർ.സി. യുടെ കെട്ടിടം പ്രധാനമായും ആലഞ്ചേരി പിതാവിന്റെ കഠിനാധ്വാനത്തിന്റെ ഫലമാണ്.

പ്രതിസന്ധികൾ നിറഞ്ഞ കാലഘട്ടങ്ങളിൽ സീറോമലബാർസഭയെ നയിക്കാനുള്ള ദൈവനിയോഗം ആലഞ്ചേരി പിതാവിലാണ് നിക്ഷിപ്തമായിരുന്നത്. സഭയിൽ ഉണ്ടായിട്ടുള്ള വിവിധങ്ങളായ പ്രതിസന്ധികൾ അദ്ദേഹത്തിന്റെ മനസ്സിനെ വളരെയേറെ ആകുലപ്പെടുത്തിയിരുന്നു. അദ്ദേഹത്തിന്റെ സംസാരത്തെ കുബുദ്ധികൾ തെറ്റായി വ്യാഖ്യാനിച്ചത് പലപ്പോഴും തെറ്റിദ്ധാരണകൾ പരത്തുന്നതിന് കാരണമായിട്ടുണ്ട്. അതുകൊണ്ടുതന്നെ സഹനത്തിന്റെ തീച്ചൂളയിലൂടെയാണ് അദ്ദേഹത്തിന് നടക്കേണ്ടിയിരുന്നത്. ഈ സമയങ്ങളിലെല്ലാം ദൈവത്തിൽ ആശ്രയം വയ്ച്ച അദ്ദേഹത്തിന് അടിപതറാതെ മുന്നേറാൻ ദൈവം തുണനൽകി എന്നാണ് ഞാൻ വിശ്വസിക്കുന്നത്.

കെ.സി.ബി.സി. പ്രസിഡന്റ് എന്ന നിലയിൽ കേരള കത്തോലിക്ക മെത്രാൻ സമിതിയിലെ ഇതര സഭകളുമായും, ഇന്റർ ചർച്ച് കൗൺസിൽ പ്രസിഡന്റ് എന്ന നിലയിൽ ഇതര ക്രൈസ്തവ സഭകളുമായും അദ്ദേഹം വലിയ സ്നേഹബന്ധം പുലർത്തിയിരുന്നു. അതുകൊണ്ടുതന്നെ ക്രൈസ്തവരുടെ ശബ്ദമാകാൻ അദ്ദേഹത്തിന് കഴിഞ്ഞു. രാജ്യത്തിന്റെ പൊതുനന്മയ്ക്കു വേണ്ടിയുള്ള പ്രവർത്തനങ്ങളെയും പാവപ്പെട്ടവരെ സഹായിക്കാനുള്ള പദ്ധതികളെയും അദ്ദേഹം പ്രോത്സാഹിപ്പിക്കുകയും നേതൃത്വം നൽകുകയും ചെയ്തിട്ടുണ്ട്.

മേജർ ആർച്ച്ബിഷപ്പ് എന്ന ശുശ്രൂഷയിൽ നിന്ന് സ്ഥാനത്യാഗം ചെയ്തിരിക്കുന്ന അദ്ദേഹത്തിന് ഇനിയും ദീർഘനാൾ ആരോഗ്യത്തോടെ സീറോമലബാർ സഭാശുശ്രൂഷയിൽ നേതൃത്വം നൽകാൻ സാധിക്കട്ടെയെന്ന് ഞാൻ ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. കഴിഞ്ഞ കാലങ്ങളിൽ അദ്ദേഹത്തിലൂടെ സഭയ്ക്കും നമ്മുടെ നാടിനും ലഭിച്ച എല്ലാ അനുഗ്രഹങ്ങൾക്കും ദൈവത്തിന് ഞാൻ കൃതജ്ഞതയർപ്പിക്കുന്നു. ദൈവം അദ്ദേഹത്തെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.



# കർദിനാൾ മാർ ജോർജ് ആലഞ്ചേരി വിരമിച്ചു മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ അഡ്മിനിസ്ട്രേറ്റർ

സീറോമലബാർസഭയുടെ മൂന്നാമത്തെ മേജർ ആർച്ചുബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി മേജർ ആർച്ചുബിഷപ് സ്ഥാനത്തു നിന്നു വിരമിച്ചു. സീറോമലബാർ സഭയിൽ വർധിച്ചുവരുന്ന അജപാലന ആവശ്യങ്ങളും തന്റെ ആരോഗ്യ സ്ഥിതിയും പരിഗണിച്ചു മേജർ ആർച്ചുബിഷപ്പിന്റെ ഉത്തരവാദിത്വത്തിൽ നിന്നും വിരമിക്കാനുള്ള ആഗ്രഹം പ്രകടിപ്പിച്ചുകൊണ്ട് കർദിനാൾ മാർ ആലഞ്ചേരി സമർപ്പിച്ച രാജി പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ സ്വീകരിച്ചു. പൗരസ്ത്യ സഭാ നിയമം, കാനൻ 127 പ്രകാരം പുതിയ മേജർ ആർച്ചുബിഷപ് സ്ഥാനം ഏറ്റെടുക്കുന്നതുവരെ കൂരിയമെത്രാൻ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ പിതാവ് സീറോമലബാർസഭയുടെ അഡ്മിനിസ്ട്രേറ്ററായി പ്രവർത്തിക്കും.

2019-ൽ കർദിനാൾ മാർ ജോർജ് ആലഞ്ചേരി മേജർ ആർച്ചുബിഷപ് സ്ഥാനത്തുനിന്നു വിരമിക്കുന്നതിനുള്ള ആഗ്രഹം പ്രകടിപ്പിച്ചുകൊണ്ട് പരിശുദ്ധ പിതാവിനു രാജി സമർപ്പിച്ചിരുന്നു. എന്നാൽ സിനഡിന്റെ തീരുമാനപ്രകാരം പരിശുദ്ധ പിതാവ് അന്നു രാജി സ്വീകരിച്ചില്ല. വീണ്ടും 2022 നവംബർ 15നു ഔദ്യോഗിക സ്ഥാനത്ത് നിന്നും വിരമിക്കാനുള്ള ആഗ്രഹം അറിയിച്ചുകൊണ്ട് സമർപ്പിച്ച രാജി സ്വീകരിച്ചുകൊണ്ടു പരിശുദ്ധ പിതാവ് നല്കിയ അനുവാദപ്രകാരമാണ് 2023 ഡിസംബർ 7-ാം തിയതി പ്രാബല്യത്തിൽവരുന്ന വിധം കർദിനാൾ മാർ ജോർജ് ആലഞ്ചേരി മേജർ ആർച്ചുബിഷപ്പിന്റെ സ്ഥാനത്തുനിന്നു വിരമിക്കുന്നത്.

സീറോമലബാർസഭയുടെ രണ്ടാമത്തെ കൂരിയ മെത്രാനായ മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ 1992ലാണു വൈദികനായത്. റോമിലെ ഹോളിക്രോസ് യൂണിവേഴ്സിറ്റിയിൽനിന്നു സഭാനിയമത്തിൽ ഡോക്ടറേറ്റ് കരസ്ഥമാക്കിയ അദ്ദേഹം കാഞ്ഞിരപ്പള്ളി രൂപതയിലെ വിവിധ ശുശ്രൂഷകൾക്കു ശേഷം 2014-ൽ മേജർ ആർക്കിഎപ്പിസ്കോപ്പൽ കൂരിയായിൽ വൈസ് ചാൻസലറായി നിയമിതനായി. 2017 നവംബർ 12-നാണു മെത്രാനായി അഭിഷിക്തനായത്. പുതിയ മേജർ ആർച്ചുബിഷപ്പിന്റെ തെരഞ്ഞെടുപ്പു നടക്കുന്ന സിനഡിന്റെ നടത്തിപ്പും സ്ഥാനാരോഹണവുമുൾപ്പെടെ സഭയുടെ ഭരണപരമായ ഉത്തരവാദിത്വങ്ങൾ അഡ്മിനിസ്ട്രേറ്റർ എന്ന നിലയിൽ പിതാവിൽ നിക്ഷിപ്തമാണ്.

1945 ഏപ്രിൽ 19 നാണു കർദിനാൾ മാർ ആലഞ്ചേരിയുടെ ജനനം. 1972 ഡിസംബർ 18 ന് അഭിവന്ദ്യ ആന്റണി പടിയറ പിതാവിൽനിന്നു വൈദികപട്ടം സ്വീകരിച്ചു. പാരീസിലെ സൊർബോൺ സർവകലാശാലയിൽനിന്നു കാത്തലിക് യൂണിവേഴ്സിറ്റിയിൽനിന്നുമായി ബൈബിൾ ദൈവശാസ്ത്രത്തിൽ ഡോക്ടറേറ്റ് ബിരുദം നേടി. ഉപരിപഠനത്തിനുശേഷം തിരിച്ചെത്തിയ അദ്ദേഹം 1986 മുതൽ ആറു വർഷക്കാലം കെ.സി.ബി.സി. യുടെ ആസ്ഥാനകേന്ദ്രമായ പി.ഒ.സി.യുടെ ഡയറക്ടർ ആയി നിയമിതനായി. തുടർന്നു ചങ്ങനാശ്ശേരി അതിരൂപതയുടെ വികാരി ജനറാളായി. ഇതിനിടയിൽ, വടവാതൂർ സെമിനാരിയിൽ ദൈവശാസ്ത്ര അധ്യാപകനായി പത്തുവർഷത്തോളം സേവനംചെയ്തു. ചങ്ങനാശ്ശേരി അതിരൂപത പതിറ്റാണ്ടുകൾക്കുമുമ്പു തുടങ്ങിയ തക്കലമിഷൻ കേന്ദ്രമാക്കി ഒരു രൂപത സ്ഥാപിക്കപ്പെട്ടപ്പോൾ പ്രഥമ മെത്രാനായി നിയോഗിക്കപ്പെട്ടത് അന്നു ചങ്ങനാശ്ശേരി വികാരിജനറാളായിരുന്ന ജോർജ് ആലഞ്ചേരിയച്ചനായിരുന്നു. 1997 ഫെബ്രുവരി 2-ാം തിയതി അഭിവന്ദ്യ ജോസഫ് പവ്വത്തിൽ മെത്രാപ്പോലീത്ത അദ്ദേഹത്തിനു മെത്രാൻപട്ടം നല്കി. ഒന്നുമില്ലായ്മയിൽ നിന്നെന്നവിധം രൂപതയ്ക്കു അടിസ്ഥാന സൗകര്യങ്ങൾ രൂപപ്പെടുത്തി. ഒരു പിതാവിന്റെ വാൽസല്യവും സഹോദരന്റെ കരുതലും സുഹൃത്തിന്റെ സൗഹൃദവും അവിടത്തെ നാനാജാതിമതസ്ഥരായ ജനങ്ങൾക്കു പകർന്നു നല്കാൻ ആലഞ്ചേരി പിതാവിനു കഴിഞ്ഞു.



2011 ഏപ്രിൽ ഒന്നിന് അന്നത്തെ മേജർ ആർച്ചുബിഷപ് അഭിവന്ദ്യ കർദിനാൾ വർക്കി വിതയത്തിൽ പിതാവു കാലംചെയ്യുമ്പോൾ ജോർജ് ആലഞ്ചേരി പിതാവു സിനഡിന്റെ സെക്രട്ടറിയായിരുന്നു. അഭിവന്ദ്യ വിതയത്തിൽ പിതാവിന്റെ സംസ്കാരകർമങ്ങൾക്കുശേഷം 2011 മെയ് മാസം കൂടിയ സീറോമലബാർ മെത്രാൻസിനഡ് സഭയുടെ നേതൃത്വം ഏല്പിച്ചത് അഭിവന്ദ്യ ആലഞ്ചേരി പിതാവിനെയായിരുന്നു. 2011 മെയ് 29ന് സ്ഥാനം ഏറ്റെടുത്തു. മാർ ജോർജ് ആലഞ്ചേരി പിതാവിനെ പരിശുദ്ധ പിതാവ് ബനഡിക്ട് പതിനാറാമൻ പാപ്പ 2012 ഫെബ്രുവരി 18ന് വത്തിക്കാനിൽ വച്ചു നടന്ന ചടങ്ങിൽ കർദിനാൾ സ്ഥാനത്തേയ്ക്കുയർത്തി. 2013ൽ ഫ്രാൻസിസ് മാർപാപ്പയെ തെരഞ്ഞെടുത്ത കോൺക്ലേവിൽ അഭിവന്ദ്യ ആലഞ്ചേരി പിതാവു പങ്കെടുത്തു.

മാർ ജോർജ് ആലഞ്ചേരി പിതാവു മേജർ ആർച്ചുബിഷപ്പായതിനുശേഷം സീറോമലബാർസഭയ്ക്കു കൈവന്ന വളർച്ചയും വിപുലീകരണവും ശ്രദ്ധേയമാണ്. ഷംഷാബാദ്, ഹൊസൂർ രൂപതകളുടെ സ്ഥാപനത്തോടെ ഭാരതംമുഴുവനിലും അജപാലനശുശ്രൂഷ ചെയ്യാനുള്ള അവകാശം സീറോമലബാർസഭയ്ക്കു പരിശുദ്ധ പിതാവു നല്കി. സഭയുടെ ദീർഘനാളായുള്ള ആവശ്യമാണ് ഇതോടെ അനുവദിക്കപ്പെട്ടത്. അതുപോലെതന്നെ ഫരീദാബാദ്, മെൽബൺ, മിസ്സിസാഗ, ഗ്രേറ്റ്ബ്രിട്ടൻ എന്നീ രൂപതകളുടെ സ്ഥാപനവും യൂറോപ്പിലെ അപ്പസ്തോലിക് വിസിറ്റേറ്ററുടെ നിയമനവും സഭയുടെ പ്രേഷിതപ്രവർത്തനങ്ങളെ വിപുലപ്പെടുത്തി. ആഗോളസഭയുടെ കേന്ദ്രമായ റോമിൽ സീറോമലബാർസഭയ്ക്കു സ്വന്തമായി ഒരു ഭവനത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിലും പിതാവിന്റെ നേതൃത്വം നിർണ്ണായകമായിരുന്നു. പ്രേഷിതാഭിമുഖ്യത്തിന് ഉതകുന്ന അജപാലനസൗകര്യങ്ങളുടെ വർധനവോടെ സീറോമലബാർസഭയുടെ പ്രേഷിതപ്രവർത്തനങ്ങളെ ശക്തിപ്പെടുത്താനും കാര്യക്ഷമമാക്കാനും സാധിച്ചതിലും അഭിവന്ദ്യ പിതാവിന്റെ ശ്രദ്ധയും താൽപര്യവും ഏറെ പ്രകടമായിരുന്നു.

സീറോമലബാർസഭയുടെ വിശുദ്ധ കുർബാനക്രമം നവീകരിക്കുന്നതിലും വിശുദ്ധ കുർബാനയർപ്പണത്തിൽ ഒരു ഏകീകൃതരൂപം നടപ്പിലാക്കുന്നതിലും യാമപ്രാർഥനകൾ നവീകരിക്കുന്നതിലും കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവിന്റെ നേതൃത്വം സഭാചരിത്രത്തിന്റെ സുവർണ ഏടുകളിൽ രേഖപ്പെടുത്തപ്പെടും.

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ് എന്ന നിലയിൽ, 35 രൂപതകളിലും അതിനുപുറത്തുമായി ലോകംമുഴുവൻ വ്യാപിച്ചുകിടക്കുന്ന 50 ലക്ഷത്തിൽപ്പരം സീറോമലബാർ കത്തോലിക്കരുടെ നേതൃത്വശുശ്രൂഷ നിർവഹിച്ച പിതാവ് എറണാകുളം-അങ്കമാലി അതിരൂപതയുടെ മെത്രാപ്പോലീത്തകൂടി ആയിരുന്നു. കേരള കത്തോലിക്ക മെത്രാൻ സമിതിയുടെ പ്രസിഡന്റ് എന്ന നിലയിൽ പിതാവു സ്തുത്യർഹമായ സേവനം ചെയ്തു. എക്യുമെനിക്കൽ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്ന കേരളത്തിലെ ഇന്റർ ചർച്ച് കൗൺസിലിന്റെ പ്രസിഡ് എന്ന നിലയിൽ പിതാവു ശുശ്രൂഷ ചെയ്യുന്നു.

സമകാലിക യാഥാർഥ്യങ്ങൾ ഉൾക്കൊള്ളുന്ന ആത്മീയനേതാവാണ് അഭിവന്ദ്യ ജോർജ് ആലഞ്ചേരി പിതാവ്. കാര്യശേഷിയും കറതീർന്ന ആത്മീയതയും തീരുമാനങ്ങളിലെ ദൃഢതയും അദ്ദേഹത്തിന്റെ പ്രത്യേകതകളാണ്. ആശയങ്ങളിലുള്ള വ്യക്തതയും സംവാദങ്ങളിൽ പ്രദർശിപ്പിക്കുന്ന സമഭാവനയും സുതാര്യമായ ആശയങ്ങളും ലളിതവും എന്നാൽ ശക്തവുമായ പ്രഭാഷണശൈലിയും പിതാവിന്റെ നേതൃത്വശുശ്രൂഷയെ കൂടുതൽ ഫലപ്രദമാക്കി. തിരക്കുകൾക്കും ആൾക്കൂട്ടങ്ങൾക്കുമിടയിലും പരിചിതമായ മുഖങ്ങൾ കണ്ടെത്താനും അവരോടു സാധ്യമാകുന്ന രീതിയിൽ സംവദിക്കാനും പിതാവു കാണിക്കുന്ന ശ്രദ്ധയും കരുതലും അനേകായിരങ്ങൾക്കു ഹൃദ്യമായ അനുഭവം പകർന്നു കൊടുത്തിട്ടുണ്ട്. വിശ്വാസപ്രതിബദ്ധതയോടൊ പ്പം സാമൂഹികപ്രതിബദ്ധതയും പിതാവിന്റെ കൈമുതലാണ്. ദൈവദാനമായ പ്രകൃതിയുടെ സംരക്ഷണവും മനുഷ്യജീവന്റെ അമൂല്യതയും പിതാവിന്റെ പ്രഭാഷണങ്ങളിലും എഴുത്തുകളിലും ആവർത്തിച്ചുവരുന്ന പ്രമേയങ്ങളാണ്. ഒരു മതവിഭാഗത്തിന്റെ ആത്മീയ നേതാവ് എന്ന ചട്ടക്കൂടിൽ മാത്രം ഒതുങ്ങാതെ മാനവികതയെ മുഴുവൻ ആശ്ലേഷിക്കുന്ന വലിയ ഹൃദയമാണ് ആലഞ്ചേരി പിതാവിന്റേത്.

കർദിനാളെന്ന നിലയിൽ പൗരസ്ത്യ സഭകൾക്കായുള്ള വത്തിക്കാൻ കാര്യാലയത്തിലുള്ള ദൗത്യം പിതാവു തുടരുന്നതാണ്. സഭയുടെ നേതൃസ്ഥാനത്തുനിന്ന് വിരമിക്കുന്ന കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവ് തന്റെ പ്രാർഥനയിലൂടെയും സ്നേഹസാന്നിധ്യത്തിലൂടെയും സീറോമലബാർസഭയെ ഇനിയും വളർത്താൻ നല്ലവനായ ദൈവം അനുഗ്രഹിക്കുന്നതിനായി പ്രാർഥിക്കാം.

# കർമ്മയോഗിയായ ഇടയശ്രേഷ്ഠൻ



**ആർച്ച്ബിഷപ് മാർ മാത്യു മൂലക്കാട്ട്**
കോട്ടയം അതിരൂപതാ മെത്രാപ്പോലീത്ത

കഴിഞ്ഞ ഒരു വ്യാഴവട്ടക്കാലം സീറോമലബാർ സഭയുടെ പിതാവും തലവനും എന്ന നിലയിൽ സ്തുത്യർഹമായ സേവനം നിർവഹിച്ച കർദിനാൾ ജോർജ് ആലഞ്ചേരി പിതാവ് സീറോമലബാർസഭയുടെ വളർച്ചയിൽ വലിയ സംഭാവനകൾ നൽകിയ ശേഷമാണു മേജർ ആർച്ചുബിഷപ്പ് സ്ഥാനത്തുനിന്ന് വിരമിച്ചിരിക്കുന്നതു.

ദൈവിക ചൈതന്യം നിറഞ്ഞുനിൽക്കുന്ന കർമ്മയോഗിയായ ഒരു ഇടയശ്രേഷ്ഠനെയാണ് ആലഞ്ചേരി പിതാവിൽ നമുക്ക് ദർശിക്കുവാൻ സാധിക്കുന്നത്. സീറോമലബാർസഭ ആത്മവിശ്വാസത്തോടെ തന്നിൽ അർപ്പിച്ച ഭാരിച്ച ഉത്തരവാദിത്വം വിശ്വസ്തതാപൂർവം നിറവേറ്റിയ ചാരിതാർഥ്യത്തോടെയാണ് പിതാവ് സ്ഥാനമൊഴിഞ്ഞത്.

ആലഞ്ചേരി പിതാവിന്റെ ശുശ്രൂഷയുടെ കാലഘട്ടത്തിൽ സീറോമലബാർസഭയുടെ സർവ്വതോന്മുഖമായ വളർച്ചയിൽ വലിയ സംഭാവനകൾ നല്കാൻ ദൈവാനുഗ്രഹത്താൽ പിതാവിന് സാധിച്ചു. ഭാരതത്തിന്റെ നാനാഭാഗങ്ങളിൽ ജീവിക്കുന്ന സീറോമലബാർസഭയുടെ എല്ലാ മക്കൾക്കും ഈ സഭയുടെ ശുശ്രൂഷ ലഭ്യമാക്കുവാനുള്ള നിരന്തര പരിശ്രമങ്ങൾ ലക്ഷ്യത്തിലെത്തിക്കുന്നതിൽ പിതാവിന് നിർണ്ണായകമായ പങ്കു വഹിക്കാൻ സാധിച്ചു. അതോടൊപ്പം തന്നെ ഭാരതത്തിനു പുറത്തു വിവിധരാജ്യങ്ങളിൽ സീറോമലബാർ സഭയുടെ അജപാലനശുശ്രൂഷകൾ ലഭ്യമാക്കുന്നതിനുള്ള സഭാ സംവിധാനങ്ങൾക്ക് വഴിയൊരുക്കുന്നതിനും പിതാവിന്റെ പരിശ്രമങ്ങൾ വളരെയേറെ സഹായിച്ചു. സദാ സംലഭ്യനായി എല്ലാവരെയും സ്നേഹത്തോടും കരുതലോടും കൂടി സമീപിക്കുവാനും പ്രായോഗിക വൈഷമ്യങ്ങളെ അതിജീവിക്കാനും സൗഹാർദ്ദത്തിന്റെ അന്തരീക്ഷത്തിൽ ഏവർക്കും സ്വീകാര്യമായ കൂട്ടായ നല്ല തീരുമാനങ്ങളെടുക്കുന്നതിൽ നേതൃത്വം നൽകുവാനും കഴിഞ്ഞുവെന്നത് സന്തോഷകരമാണ്.

അൽമായ വിശ്വാസികളെ ചേർത്ത് നിർത്തി സഭയുടെ വളർച്ചയിൽ സജീവപങ്കാളികളാക്കി മാറ്റുന്നതിൽ അഭിവന്ദ്യ പിതാവു കാണിച്ച താല്പര്യം സീറോമലബാർസഭയുടെ മക്കൾ എന്നതിൽ അഭിമാനിക്കാനും സഭയുടെയും പൊതുസമൂഹത്തിന്റെയും വളർച്ചയിൽ താൽപര്യപൂർവം പങ്കുചേരാനും സഭാമക്കൾക്കു പ്രചോദനം നൽകി.

അഭിവന്ദ്യ ആലഞ്ചേരി പിതാവിന്റെ നേതൃത്വത്തിൽ സീറോമലബാർസഭയുടെ മിഷൻ പ്രവർത്തനങ്ങൾക്കുണ്ടായ വളർച്ച ഏറെ ശ്രദ്ധേയമാണ്. സഭയുടെ മിഷൻ പ്രവർത്തനത്തിൽ മാതൃസഭയുടെ സജീവശ്രദ്ധ പതിപ്പിക്കുവാനും എല്ലാ വിശ്വാസികളിലും മിഷൻ ചൈതന്യം കൂടുതലായി വളർത്തിയെടുക്കാനും ഇക്കാലഘട്ടത്തിൽ സാധിച്ചതിന്റെ വലിയ പ്രേരകശക്തിയായി നിലകൊള്ളുവാൻ ആലഞ്ചേരി പിതാവിന് സാധിച്ചു എന്നതിൽ സംശയമില്ല.

വൈദിക വിദ്യാർത്ഥികളുടെ പരിശീലനത്തിൽ ആലഞ്ചേരി പിതാവ് നൽകിയ ശ്രദ്ധ പ്രത്യേകം എടുത്തു പറയേണ്ടതാണ്, സെമിനാരി പരിശീലനം സംബന്ധിച്ച കാര്യങ്ങൾ സിനഡിന്റെ എല്ലാ സെഷനുകളിലും മുടങ്ങാതെ ചർച്ച ചെയ്യുകയും കാലോചിതമായി വൈദികപരിശീലനം ഏറ്റം ഫലപ്രദമായി നടത്തുവാനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തുകയും ചെയ്യുന്നതിൽ പിതാവ് പ്രത്യേകം ശ്രദ്ധിച്ചിരുന്നു. മാത്രമല്ല സഭയുടെ മേജർ സെമിനാരികൾ സാധിക്കുമ്പോഴൊക്കെ സന്ദർശിക്കാനും സെമിനാരി പരിശീലനത്തിന്റെയും സിനഡിന്റെ നിർദ്ദേശങ്ങളുടെയും പ്രായോഗിക സാധ്യതകളും പ്രശ്നങ്ങളും മനസ്സിലാക്കാനും പരിഹാരങ്ങൾ നിർദ്ദേശിക്കാനും പിതാവ് പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

സീറോമലബാർസഭയുടെ കാര്യങ്ങളിൽ മാത്രമല്ല, മറ്റു സഭകളുടെ വളർച്ചയിലും പിതാവ് എപ്പോഴും താൽപര്യപൂർവം ശ്രദ്ധിക്കുകയും സാധിക്കുന്ന വിധത്തിലെല്ലാം സഭകളുടെ കൂട്ടായ ദൗത്യത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു. കേരളത്തിലെ ക്രൈസ്തവസഭകളുടെ കൂട്ടായ്മകൾ സംഘടിപ്പിക്കുന്നതിനും അതിലൂടെ സഭകളുടെ ക്രൈസ്തസാക്ഷ്യം കൂടുതൽ ഫലപ്രദമാക്കുന്നതിനും പിതാവ് നൽകിയ നേതൃത്വം ഏവരും അംഗീകരിക്കുന്നതാണ്.



*അൽമായ വിശ്വാസികളെ ചേർത്ത് നിർത്തി സഭയുടെ വളർച്ചയിൽ സജീവപങ്കാളികളാക്കി മാറ്റുന്നതിൽ അഭിവന്ദ്യ ആലഞ്ചേരി പിതാവു കാണിച്ച താല്പര്യം പ്രശംസനീയമാണ്...*



തെറ്റിദ്ധരിക്കപ്പെടുകയും അന്യായമായി വിമർശിക്കപ്പെടുകയും ചെയ്ത അവസരങ്ങളിൽ ശാന്തത കൈവെടിയാതെ സഹിച്ചും ക്ഷമിച്ചും അർപ്പിതദൗത്യങ്ങൾ അക്ഷോഭ്യനായി നിർവഹിച്ച ആലഞ്ചേരി പിതാവ് ആഴമേറിയ ദൈവവിശ്വാസത്തിൽ അടിയുറച്ച ഒരു വിശ്വസ്തനായ കാര്യസ്ഥന്റെ ചിത്രമാണ് നമ്മുടെ മനസ്സിൽ പതിപ്പിക്കുക. തിളക്കമുള്ള ആ ചിത്രം അദ്ദേഹത്തിന്റെ ജീവിതത്തിന്റെയും ദൈവത്തോടും സഭയോടുമുള്ള അചഞ്ചലമായ വിശ്വസ്തതയുടെയും പ്രതിഫലനമായി സഭയുടെ ചരിത്രത്തിൽ തുടർന്നും പ്രകാശം പരത്തട്ടെ. ആലഞ്ചേരി പിതാവിന്റെ ധന്യമായ ശുശ്രൂഷ ഇനിയും സഭക്കും സമൂഹത്തിനും വ്യത്യസ്ത രീതികളിൽ അനുഗ്രഹമായി തുടരട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

# പ്രതിസന്ധികളിൽ തളരാത്ത സഭാചാര്യൻ



**ആർച്ച്ബിഷപ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത



1964 മുതൽ ആലഞ്ചേരി പിതാവിനെ എനിക്കു പരിചയമാണ്. പാറേൽ പെറ്റിസെമിനാരിയിൽ എന്നെക്കാൾ മൂന്നുവർഷം സീനിയറായ വൈദികാർത്ഥി ആയിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ നേതൃത്വഗുണങ്ങളും സൗഹൃദഭാവങ്ങളും അക്കാലത്തുതന്നെ വളരെ പ്രകടമായിരുന്നു. സെമിനാരിയിലാണെങ്കിലും കോളേജിലാണെങ്കിലും പഠനത്തിൽ എന്നും മികവുപുലർത്തിയിരുന്ന പിതാവ്, അധ്യാപകരുടെയെല്ലാം കണ്ണിലുണ്ണിയായിരുന്നു.

വൈദികനായതിനുശേഷം ഹ്രസ്വകാലത്തെ ഇടവകശുശ്രൂഷയെത്തുടർന്ന് അതിരൂപതയിൽ മതബോധന-അജപാലനകേന്ദ്രമായ സന്ദേശനിലയത്തിന്റെ ഡയറക്ടറായി സേവനമനുഷ്ഠിച്ചു. തുടർന്ന് കേരളകത്തോലിക്കാസഭയുടെ പാസ്റ്ററൽ ഓറിയന്റേഷൻ സെന്ററിന്റെ (POC) ഡയറക്ടർ എന്ന പദവി സ്തുത്യർഹമായി നിർവഹിച്ചു. തന്റെ ശുശ്രൂഷാരംഗങ്ങളിലെല്ലാം വ്യക്തിമുദ്രപതിപ്പിക്കാൻ പിതാവിനു കഴിഞ്ഞിട്ടുണ്ട്. ഏൽപ്പിക്കപ്പെടുന്ന ഉത്തരവാദിത്വങ്ങൾ ഏറ്റവും കാര്യക്ഷമതയോടെയും സമഗ്രതയിലും നിറവേറ്റാൻ വിശ്രമമെന്യേ പ്രവർത്തിക്കുന്ന സ്വഭാവമാണ് പിതാവിന്റേത്.

വിവിധഭാഷകൾ പഠിക്കുന്ന കാര്യത്തിൽ പ്രത്യേക സാമർത്ഥ്യം പിതാവിനുണ്ട്. ഫ്രാൻസിൽ ഡോക്ടറേറ്റ് ചെയ്ത പിതാവ് ഫ്രഞ്ചുഭാഷ മാതൃഭാഷപോലെതന്നെ സ്വന്തമാക്കി. തക്കല രൂപതാദ്ധ്യക്ഷനായപ്പോൾ തമിഴും എളുപ്പത്തിൽ കൈകാര്യം ചെയ്യാൻ പഠിച്ചു. ഇവയെല്ലാം സൂചിപ്പിക്കുന്നത് തനിക്കു ലഭിക്കുന്ന നിയോഗത്തോട് പിതാവിനുള്ള ആത്മാർപ്പണമാണ്. ബഹുഭാഷാപണ്ഡിതനായ ആലഞ്ചേരി പിതാവ് നർമ്മബോധത്തോടും സംഭാഷണചാതുരിയോടുംകൂടി ഭാഷകൾ കൈകാര്യംചെയ്യാൻ സമർത്ഥനാണ്. വ്യാപകവും സുസ്ഥിരവുമായ സുഹൃദ്ബന്ധങ്ങൾ സ്ഥാപിക്കുന്നതിനും അവ സഭയുടെ നന്മയ്ക്കായി ഉപയോഗപ്പെടുത്തുന്നതിനും പിതാവിന് നൈസർഗികമായ വാസനയുണ്ട്.

സഭയിൽ ഉന്നതമായ പദവികളാണ് ആലഞ്ചേരി പിതാവ് വഹിച്ചിട്ടുള്ളത്. ചങ്ങനാശ്ശേരി അതിരൂപതയിൽ വികാരി ജനറാൾ, പുതുതായി രൂപംകൊണ്ട തക്കല രൂപതയുടെ പ്രഥമ മെത്രാൻ തിരഞ്ഞെടുക്കപ്പെട്ട ആദ്യത്തെ സീറോമലബാർ മേജർ ആർച്ചുബിഷപ്പ് എന്നീ ഉന്നതശുശ്രൂഷകളാണ് ആലഞ്ചേരി പിതാവ് നിർവഹിച്ചത്.

മാതൃസഭയെ ഏറെ സ്നേഹിക്കുകയും അതിന്റെ വിശ്വാസപാരമ്പര്യങ്ങളോട് വിശ്വസ്തത പുലർത്തുകയും അവയുടെ സംരക്ഷണത്തിനു വേണ്ടി വളരെയേറെ സഹിക്കുകയും ചെയ്ത ശ്രേഷ്ഠാചാര്യനാണ് ആലഞ്ചേരി പിതാവ്. സഭയുടെ വിശ്വാസ സംരക്ഷണത്തിനുവേണ്ടി പീഡനങ്ങളും നിന്ദനങ്ങളും ഏൽക്കേണ്ടിവന്നിട്ടുള്ള മെത്രാന്മാരുടെ ഗണത്തിലാണ് ആലഞ്ചേരി പിതാവ്. വളരെയേറെ പ്രതികൂല സാഹചര്യങ്ങളുടെ നടുവിലും സീറോമലബാർസഭയെ ഒരു ആഗോളസഭയായി വളർത്താൻ ആലഞ്ചേരി പിതാവിന്റെ നേതൃത്വത്തിനു കഴിഞ്ഞു എന്നത് നിസ്സംശയമാണ്. പിതാവിനെതിരേ വ്യാജാരോപണങ്ങളും അധിക്ഷേപങ്ങളും ഉയരുമ്പോഴും സഭാനൗകയെ ധീരതയോടെ അദ്ദേഹം മുന്നോട്ടുനയിച്ചു.

നാനാമുഖമായ വളർച്ചയാണ് ആലഞ്ചേരി പിതാവിന്റെ മേലദ്ധ്യക്ഷകാലഘട്ടത്തിൽ സീറോമലബാർസഭക്കുണ്ടായിട്ടുള്ളത്. പരിശുദ്ധസിംഹാസനത്തിന്റെയും സീറോമലബാർസഭയുടെയും ചിരകാലാഭിലാഷവും ആവശ്യവുമായിരുന്ന ആരാധനക്രമപുനരുദ്ധാരണം സാക്ഷാത്കരിക്കാൻ പിതാവിന്റെ നേതൃത്വം ശക്തിപകർന്നു. വിവിധ രാജ്യങ്ങളിലും ഭൂഖണ്ഡങ്ങളിലുമായികഴിയുന്ന പ്രവാസി മക്കൾക്കുവേണ്ടി സീറോമലബാർ രൂപതകൾ സ്ഥാപിക്കാൻ പിതാവിന്റെ വിശ്രമരഹിതമായ അധ്വാനത്തിലൂടെ സാധിച്ചു. ആലഞ്ചേരി പിതാവിന്റെ നേതൃത്വ കാലഘട്ടം സീറോമലബാർ സഭാചരിത്രത്തിലെ ക്ലേശപൂർണ്ണമെങ്കിലും തിളക്കമാർന്ന ഒരദ്ധ്യായമാണ് എന്നതിൽ സംശയമില്ല. ആലഞ്ചേരി പിതാവിന്റെ സഹനപൂരിതമായ സഭാശുശ്രൂഷയെ നന്ദിയോടും ആദരവോടും കൂടി സ്മരിക്കുന്നു.



# സന്യസ്തരെ സ്നേഹിച്ച സഹൃദയൻ



**ഫാ. തോമസ് ചാത്തംപറമ്പിൽ സിഎംഐ**
പ്രിയോർ ജനറാൾ

കർദിനാൾ ജോർജ് ആലഞ്ചേരി പിതാവിനെ ഓർക്കുമ്പോൾ തന്നെ എന്റെ മനസ്സിൽവരുന്നത് രണ്ട് തിരുവചനങ്ങൾ ആണ്: “ജസ്സെയുടെ പുത്രനായ ദാവീദിൽ എന്റെ ഹൃദയത്തിനിണങ്ങിയ ഒരു മനുഷ്യനെ ഞാൻ കണ്ടെത്തിയിരിക്കുന്നു.” (അപ്പ. പ്രവ. 13:22). “എനിക്ക് ഇഷ്ടപ്പെട്ട ഇടയന്മാരെ ഞാന് നിങ്ങൾക്കു തരും; അവർ ജ്ഞാനത്തോടും വിവേകത്തോടും കൂടെ നിങ്ങളെ പാലിക്കും.” (ജറെമിയാ 3:15). അപ്പസ്തോലിക പാരമ്പര്യമുള്ള സീറോ മലബാർസഭയെ നയിക്കുവാൻ ദൈവം തന്റെ ഹൃദയത്തിനിണങ്ങിയ ജ്ഞാനവും വിവേകവും കൊണ്ട് നിറഞ്ഞ ആലഞ്ചേരി പിതാവിനെ നമുക്ക് തന്നു. ദൈവത്തിന് സ്തുതിയും പടിയിറങ്ങുന്ന പിതാവിന് നന്ദിയും.

ഫ്രാൻസിസ് പാപ്പായുടെ പൗരോഹിത്യ ദർശനങ്ങളിൽ ഏറ്റവും ശക്തമായി എനിക്ക് തോന്നിയത് ആടിന്റെ മണമുള്ള ഇടയൻ എന്ന പ്രയോഗമാണ്. സിഎംഐ സഭയുടെ സെന്റ് ജോസഫ് തിരുവനന്തപുരം പ്രവിശ്യയുടെ അംഗമെന്ന നിലയിൽ, ചങ്ങനാശ്ശേരി അതിരൂപത പതിറ്റാണ്ടുകൾക്ക് മുമ്പ് തുടങ്ങിയ തക്കല മിഷന്റെ പ്രഥമ മെത്രാനായി നിയോഗിക്കപ്പെട്ട നാൾ മുതൽ പിതാവിനെ എനിക്ക് അടുത്തറിയാം. ഒന്നുമില്ലായ്മയിൽ നിന്ന് ആ രൂപതയ്ക്ക് അടിസ്ഥാന സൗകര്യങ്ങൾ ക്രമപ്പെടുത്തി, പുരോഹിതരെയും സന്യസ്ഥരെയും വിശ്വാസികളെയും ഒരുപിതാവിന്റെ കരുതലും വാത്സല്യവും സ്നേഹവും കൊടുത്ത് ചേർത്തുപിടിച്ച് വളർത്തിയ പിതാവ് ശരിക്കും ആടിന്റെ മണമുള്ള ഇടയൻ ആയിരുന്നു. ഒരു ഹൃദയസ്പർശിയായ അനുഭവം എനിക്ക് പങ്കുവയ്ക്കാനുണ്ട്. പിതാവ് തക്കല രൂപതയുടെ മെത്രാൻ ആയിരുന്ന സമയത്ത് വൈദിക പരിശീലനം ഉപേക്ഷിച്ചു പോകേണ്ടി വന്ന ഒരു ചെറുപ്പക്കാരന് വേണ്ടി അദ്ദേഹം ബാംഗ്ലൂർ ക്രൈസ്റ്റ് യൂണിവേഴ്സിറ്റിയിൽ എന്നെ കാണാനായി വന്നു. അഡ്മിഷൻ കാര്യങ്ങൾക്ക് മാത്രമല്ല തുടർന്നുള്ള ആ ചെറുപ്പക്കാരന്റെ പുരോഗതി വിലയിരുത്തുവാനും പിതാവ് ഇടയ്ക്കിടയ്ക്ക് എന്നെ വിളിക്കുകയും ചെയ്തിരുന്നു. എത്ര ജോലിത്തിരക്കിനിടയിലും ഇത്ര ചെറിയ കാര്യങ്ങൾപോലും സൂക്ഷ്മതയോടെ ചെയ്തിരുന്ന പിതാവ് എനിക്കൊരു അത്ഭുതമായിരുന്നു.

2011 മെയ് 29നു സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പായി 35 രൂപതകളിലും അതിനുപുറത്തുമായി ലോകംമുഴുവൻ വ്യാപിച്ചുകിടക്കുന്ന 50 ലക്ഷത്തിൽപ്പരം വിശ്വാസികളുടെ ഇടയനായി യാത്ര തുടങ്ങിയ പിതാവിന് സീറോമലബാർ സഭയെപ്പറ്റിയുായിരുന്ന സ്വപ്നവും ദീർഘവീക്ഷണവും അത് പൂർത്തിയാക്കുവാനുള്ള നിശ്ചയദാർഢ്യവും എന്നെ എപ്പോഴും സ്വാധീനിച്ചിരുന്നു. ഫരീദാബാദ്, മെൽബൺ, മിസ്സിസാഗ, ഗ്രേറ്റ്ബ്രിട്ടൻ എന്നീ രൂപതകളുടെ സ്ഥാപനവും യൂറോപ്പിലെ അപ്പസ്തോലിക് വിസിറ്റേറ്ററുടെ നിയമനവുമെല്ലാം സീറോമലബാർ സഭയെപ്പറ്റിയുള്ള അദ്ദേഹത്തിന്റെ വലിയ ദർശനങ്ങളുടെ പ്രതിഫലനങ്ങൾ ആയിരുന്നു.

ഷംഷാബാദ്, ഹൊസൂർ രൂപതകളുടെ സ്ഥാപനത്തോടെ ഭാരതം മുഴുവനും അജപാലന ശുശ്രൂഷ ചെയ്യുവാനുള്ള അവകാശം സീറോമലബാർ സഭയ്ക്ക് പരിശുദ്ധ പിതാവ് നൽകിയത് ബഹുമാനപ്പെട്ട ആലഞ്ചേരി പിതാവിന്റെ അക്ഷീണപ്രയത്നത്തിന്റെ ഫലമാണ്. അതുപോലെതന്നെ ആഗോളസഭയുടെ കേന്ദ്രമായ റോമിൽ സീറോമലബാർസഭയ്ക്കു സ്വന്തമായി ഒരു ഭവനത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിലും പിതാവിന്റെ നേതൃത്വം നിർണ്ണായകമായിരുന്നു.

സീറോമലബാർസഭയുടെ വിശുദ്ധ കുർബാനക്രമം നവീകരിക്കുന്നതിലും വിശുദ്ധ കുർബാനയർപ്പണത്തിൽ ഒരു ഏകീകൃതരൂപം നടപ്പിലാക്കുന്നതിലും യാമപ്രാർഥനകൾ നവീകരിക്കുന്നതിലും കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവിന്റെ നേതൃത്വം, അതിനായി അദ്ദേഹം എടുത്ത പ്രവാചക ധീരത, കൊടുത്ത വില എന്നിവ സഭാചരിത്രത്തിന്റെ സുവർണ ഏടുകളിൽ രേഖപ്പെടുത്തപ്പെടും. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ഏറ്റവും വലിയ പ്രബോധനമായിരുന്ന ‘ഉറവിടങ്ങളിലേക്ക് തിരിച്ചുപോവുക’ എന്ന ആശയം പിതാവിന്റെ മുഖമുദ്രയായിരുന്നു.

ഈ കാലഘട്ടങ്ങളിലെല്ലാം സീറോമലബാർസഭയിലെ എല്ലാ സന്യാസസഭകളെയും ചേർത്തുവച്ച് സീറോമലബാർസഭയുടെ പാരമ്പര്യത്തിൽ ആഴപ്പെട്ട് ജീവിക്കുവാനായി അദ്ദേഹം എപ്പോഴും പ്രബോധിപ്പിക്കുമായിരുന്നു. ഒരു പിതാവിന്റെ വാത്സല്യത്തോടെ അതിനായി നിർബന്ധിക്കുമായിരുന്നു. എല്ലാ തിരക്കുകൾക്കിടയിലും ലോകമെമ്പാടും യാത്ര ചെയ്യുന്നതിനിടയിലും ഞങ്ങളെയൊക്കെ സന്ദർശിക്കുവാനും സംസാരിക്കുവാനും ഓർത്തു പ്രാർത്ഥിക്കുവാനുമുള്ള ഒരു വലിയ ഹൃദയം അദ്ദേഹത്തിനുണ്ടായിരുന്നു. നന്ദിയോടും പ്രാർത്ഥനയോടും കൂടെ സന്യസ്തരെല്ലാം എന്നും പിതാവിനെ ഓർക്കും.







# സമർപ്പിത ഹൃദയങ്ങളിലെ പിതൃസാന്നിധ്യം

**സി. ലിറ്റി എഫ്‌സിസി**
സുപ്പീരിയർ ജനറൽ

സ്വർഗം സമ്മാനിച്ച പൗരോഹിത്യ വഴികളിൽ തന്റെ വിശ്വസ്ത ശുശ്രൂഷകന് ദൈവത്തിന്റെ പാരിതോഷികമാണ് വലിയ ഇടയ പദവി. നല്ലിടയന്റെ മേച്ചിൽപുറം കല്ലും മുള്ളും നിറഞ്ഞതെങ്കിലും ആത്മാക്കളുടെ രക്ഷയിൽ ഉത്സുകനാകുന്ന ഇടയ ഹൃദയത്തിൽ ആപാത പിൻതുടരുന്നവരെയും ആർദ്രതയോടെ കരുതുന്ന ചിത്രം ബൈബിളിൽ സുവ്യക്തമാണ്. സ്നേഹ-സഹന സാഗരത്തിൽ സഭാനൗകയെ ശാന്തഗംഭീരമായി നയിച്ച് സുവിശേഷ ദൗത്യം നിർവ്വഹിച്ച സീറോമലബാർ സഭയുടെ തലവനും പിതാവുമായ ആദരണീയനായ ആലഞ്ചേരി പിതാവ് സമർപ്പിത ഹൃദയങ്ങളിൽ എന്നും പിതൃസാന്നിദ്ധ്യമാണ്. ഒരു വ്യക്തിയുടെ ജന്മം തന്നെ നവസാധ്യതകളിലേക്കുള്ള തുറക്കലാണെന്ന തത്വം അജപാലന വഴികളിൽ സാക്ഷ്യപ്പെടുത്തിയപ്പോൾ സമർപ്പിതരുടെ ശുശ്രൂഷാ ഇടങ്ങളും വിസ്തൃതമായി. പ്രതിസന്ധികളുടെ ഇരുൾപ്പാടങ്ങളിലും സഭയുടെ പ്രേഷിത ദൗത്യനിർവ്വഹണം അതിവേഗം ഭൂമിയുടെ അതിരുകളോളം വിസ്തൃതമാക്കാൻ അത്യധ്വാനം ചെയ്ത ആ വലിയ ഹൃദയത്തിൽ ക്രിസ്തുവിന്റെ കരുണയും കരുതലും നിറഞ്ഞ ഇടയഭാവവും സീറോമലബാർസഭയുടെ വളർച്ചയ്ക്കു നെയ്തു വച്ച സ്വപ്നവും കാണാം. ആർക്കും സമീപിക്കാവുന്ന ലളിത ജീവിത രീതികളും സഹാനുഭൂതിയും വിശ്വാസജീവിതത്തെ മാറ്റുള്ളതാക്കിയ പ്രാർത്ഥനാനിഷ്ഠയും മാർതോമ്മാശ്ലീഹായുടെ കാല്പാടുകളിലൂടെയുള്ള തീർത്ഥാടനവഴിയിൽ സഭാമക്കൾക്ക് കരുത്തും മാർഗദർശനവും ആയിരുന്നു.

സഭയുടെ പ്രേഷിതയാത്രയിൽ വെല്ലുവിളികൾ ഏറ്റെടുത്ത് സ്നേഹം തന്നെയായ ദൈവപിതാവിന്റെ പൂർണ്ണ വെളിപാടായ ഈശോയ്ക്ക് സധൈര്യം സാക്ഷ്യമാകാനുള്ള സമർപ്പിതരോടുള്ള പിതാവിന്റെ ആഹ്വാനവും പ്രോത്സാഹനങ്ങളും സുവിശേഷസാക്ഷ്യ യാത്രയിൽ ഞങ്ങൾക്കു മുന്നിൽ തെളിയുന്ന നക്ഷത്രങ്ങളാണ്. കാലത്തെയും ദേശത്തെയും അതിർവരമ്പുകളില്ലാതെ കാണുന്ന പിതാവിന്റെ വിശാലസ്നേഹത്തിന്റെയും കാഴ്ചപ്പാടുകളുടെയും നേർക്കാഴ്ചകൾ പലതും മനസ്സിൽ തെളിയുന്നു.

2023 മെയ് 22-ാം തീയതി എഫ്‌സിസിയിലെ 87 ജൂണിയർ സിസ്റ്റേഴ്സ് ജനറലേറ്റിൽവച്ച് നിത്യവ്രതം ചെയ്തപ്പോൾ പിതാവായിരുന്നു കാർമ്മികൻ. കെനിയയിൽ നിന്നുള്ള ആറ് സിസ്റ്റേഴ്സും അന്ന് നിത്യവ്രതവാഗ്ദാനം നടത്തുകയുണ്ടായി. തിരുകർമ്മങ്ങൾക്കുശേഷം തിരിച്ചുപോകുന്നതിനുമുമ്പ് പിതാവ് എന്നോടു പറഞ്ഞു. അവർ ആറു പേരെയും കൊണ്ട് മൗണ്ട് സെന്റ് തോമസിൽ വരണം. അവർക്ക് ഒരു സ്വീകരണം കെടുക്കണം. സിസ്റ്റേഴ്സിനെയും കൊണ്ട് ജൂൺ 4ന് മൗണ്ട് സെന്റ് തോമസിൽ ഞങ്ങൾ എത്തി. വളരെ ഊഷ്മളമായ സ്വീകരണവും പിതൃവാത്സല്യത്തോടെയുള്ള ലളിതമായ ഇടപെടലുകളും അവരെ വളരെ സന്തോഷഭരിതരാക്കി. കൂരിയായിലെ വൈദീകരുടെയും സിസ്റ്റേഴ്സിന്റെയും സാന്നിധ്യത്തിൽ പൂച്ചെണ്ട് നല്കി അവരെ അഭിനന്ദിക്കുകയും കേക്ക് മുറിച്ച് ആശംസകൾ നേരുകയും സമ്മാനങ്ങൾ നല്കി പ്രോത്സാഹിപ്പിക്കുകയും ചെയ്തത് സഭയുടെ മിഷൻ മേഖലകളെയും അവിടെയുള്ള സമർപ്പിത ശുശ്രൂഷകളെയും പിതാവ് വളരെ വിലമതിക്കുന്നതായി ഞങ്ങൾക്ക് അനുഭവപ്പെട്ടു. പിതാവുമൊത്ത് ഫോട്ടോ എടുത്തത് സിസ്റ്റേഴ്സിന്റെ വീടുകളിലേയ്ക്ക് അയച്ചുകൊടുക്കുകയും ചെയ്യണമെന്ന് പറഞ്ഞപ്പോൾ ആ ഹൃദ്യമായ സമീപനവും ലളിതമായ ഇടപെടലുകളും അവർക്ക് ഹൃദയസ്പർശിയായിരുന്നു. സ്ഥലകാലസീമകൾക്ക് അതീതമായ പ്രേഷിത ചൈതന്യമാണ് പിതാവിന്റെ ഉള്ളിൽ എനിക്ക് കാണാൻ സാധിച്ചത്. ഏതു സാഹചര്യത്തിലും സംശയങ്ങൾ ദുരീകരിക്കാനും പ്രതിസന്ധികൾ അറിയിക്കാനും ആവശ്യങ്ങൾ അവതരിപ്പിച്ച് പരിഹാരം കാണാനും നിർദ്ദേശങ്ങൾ സ്വീകരിക്കാനും എല്ലാ സന്യസ്തർക്കും പിതാവിന്റെ അടുത്ത് സ്വാതന്ത്ര്യമുണ്ടായിരുന്നു. എല്ലാ സമർപ്പിത സമൂഹങ്ങൾക്കും പിതാവിന്റെ ഹൃദയത്തിൽ സ്ഥാനമുണ്ടായിരുന്നു എന്നത് ഞാൻ നന്ദിയോടെ ഓർക്കുകയാണ്. സീറോമലബാർ സഭയുടെ തലവൻ എന്ന ഭാരമേറിയ ദൗത്യം പൂർത്തിയാക്കി പ്രാർത്ഥനാനുഭവത്തിൽ പിതാവ് കൂടുതൽ സമയം ആയിരിക്കുമ്പോൾ അത് സമർപ്പിതരായ ഞങ്ങൾക്ക് കൂടുതൽ ശക്തിയും കരുത്തുമാകുമെന്ന് ഉറപ്പുണ്ട്. വന്ദ്യപിതാവിന് പ്രാർത്ഥനാശംസകൾ നേരുന്നു.





# FAREWELL TO THE MAJOR ARCHBISHOP

FR. GEORGE MADATHIPARAMPIL

This year's Christmas joy was overshadowed by the dark clouds of misgivings and confusion when the Vatican accepted the resignation of Cardinal Mar George Alencherry from his role as the Head of the Syro-Malabar Church. It was a heartbreaking piece of news for all those who worked with him and saw his sincerity, self-denying commitment, and simplicity.

The opposition against him was vehement as to destroy any weak-hearted man. Still, he withstood all of them because of his great sincerity, humble spirituality, and open-hearted approach to all. It can be truly said he holds no grudge against anyone even against those who opposed him tooth and nail. Some misguided and ill-educated people were prompted to destroy his influence and diminish his role as the Head of the Church. Of course, some have misunderstood the significance of the steps he has taken but they never realized those steps were taken for the good of the Church. Starting a Medical college for the Archdiocese or the updating of the liturgy are noble steps. There could be mistakes in any steps we undertake in life. We correct our mistakes and go forward. But nobody would destroy a person and blow him to smithereens as the disgruntled individuals have done.

Those who have collaborated with him in all successful ventures have not come out to speak up for him boldly and confidently. A few columnists in the media had the run of the day because nobody was opposing them. A very confident, forward-moving Church with a large number of people having liberal and progressive Western-educated values has stood empty-handed seeing the display of arrogance on the part of a few media persons or laypeople who were not involved in the progress or development of the Church. The educated and the progressive members of the Church stood watching in dismay at the arrogant and disparaging behavior of a few hoodlums.

The priests who got involved in public protests, burning the effigies of bishops, calling slanderous invectives against the bishops, offering satyagraha, or staging protests at the Bishop's house are the dregs of the society and have not been affected by any civilized values. They might have gotten some smattering in theological or philosophical matters but they were not like our gentlemen coming out of the universities. Of course, some who come out from our present-day colleges and universities are miscreants and political workers and they were paid and supported by political parties. The priests who demonstrated against him were following in the footsteps of these hoodlums making a mockery of the sacred vows they took in public before God and the people. What a parody and abuse of the ministry that we saw in the past couple of years!

Hundreds and thousands of priests have worked and are working silently in all parts of the State with great vision, values, respect, and dignity. They foster inter-religious harmony and make prosperous conditions for the people, Catholics, and non-Catholics alike to live decently and peaceably. They were all put to shame by these few persons. Their cassocks brought shame to the whole clergy of Kerala.

This great robust Church has no lay or clerical leaders or media outlets to stand up for the Church and uphold its moral and religious dignity. Half-baked journalists in some reputed newspapers played havoc with the future and destiny of the Church. They are some rotten apples among the journalists but they held the day. But those hard-working priests are in the field, building up communities, forming the youth in schools and colleges, and caring for the orphans and the physically and mentally disabled. Their voice will soon be echoed in the corridors of history thunderously condemning the blatant and blasphemous injury that has been committed against the Church for the benefit of position, glory, and material gains by a few. But there will be no dent in the fortress of the Syro-Malabar Church that has built up the development of Kerala physically and spiritually.

Through the last 12 years of his ministry as the Major Archbishop, Cardinal Mar Alencherry has brought into greater cohesion the disparate communities of the faithful living in different parts of India and abroad. Visiting them often, strengthening them in their faith, and walking with them in their arduous journey of life, he fostered a sense of unity. He never cared for achieving any personal benefits but worked for the good of all. Supporting the creation of many dioceses in different parts of the world, strengthening their organizational structures, making himself available to the ordinary people to have interactions with him, and reconciling the people who have fallen away from the Church, he lived the life of a good Pastor.

If politics is the art of the possible, spiritual life is a total submission to the will of God. Mar Alencherry kept himself as a devoted son of the Church, trying to enhance the mission entrusted to him with great devotion, faith and intelligence. He was always on the side of the poor, the victimized and the marginalized. His Christmas days were spent with the handicapped and the poor. It is said that those who stand in the valley will see everyone as great. He was always standing in the valley and not on the top of the hill.

The Syro-Malabar Church reached its greatest visibility and dynamism in evangelization during these past 12 years. He was able to guide, control, and cajole people of different views to come together and share the authentic Christian vision. As a person imbued totally with a great understanding of the Bible, he explained the message of the Gospel with passion and eloquence.

An age of biblical joy, spontaneity, and overpowering faith in the history of the Syro-Malabar Church has passed. One is reminded of the words of Mathew Arnold at this juncture: " The Sea of Faith was once too at the Full…but now I only hear its large withdrawing roar."

Laus tibi Deo.



## Defender of the Orthodoxy of the Church



FR SEBASTIAN CHALAKKAL
SECRETARY, DOCTRINAL COMMISSION

The Commission for Doctrine of the Syro-Malabar Church expresses our profound gratitude to His Beatitude Cardinal Mar George Alencherry for His loving and paternal care, wise guidance and sincere support for the effective functioning of the Commission. His Beatitude was always available for all the activities of the Commission, whether it be the meetings of the Theology Forum or discussions on the Doctrinal matters. Being a resourceful and experienced theologian of the Syro-Malabar Church, His Beatitude has always given us proper theological guidance in our different theological pursuits. It was His Beatitude who officially declared the launching of the E-Journal 'The Light', an E-Journal which is a joint venture of the Doctrinal Commission and the Internet Mission of the Syro-Malabar Church on 06 January, 2022. His Beatitude's exhortation that an E-Journal is a need of the time and that we should pay attention to the regular publication of the journal is well kept to this day. The admonition of His Beatitude to be vigilant on the erroneous teachings by some groups and movements in the Church and the exhortation to be always faithful to the teaching of the Church and obedient to the authority of the Church, will always remain in our hearts and will be a source of inspiration for all our activities. We really appreciate His Beatitude's paternal care, wise guidance and sincere support. Thank You Your Beatitude!




വെരിക്കോസ് വെയിൻ ചികിത്സയ്ക്ക്
അവസാന വാക്ക് ചെത്തിപ്പുഴ ആശുപത്രി

- നൂതന സാങ്കേതികവിദ്യ
- വൈദഗ്ദ്ധ്യം തെളിയിച്ച ഡോക്ടർമാർ
- കൂടുതൽ വിജയകരമായ വെരിക്കോസ് ശസ്ത്രക്രിയകൾ

ST. THOMAS HOSPITAL
CHETHIPUZHA
blessed for healing
Kurisummood P.O., Chethipuzha,
Changanassery, Kottayam, Kerala - 686104
Tel: 0481 27 22 100

37 ഡിപ്പാർട്ട്മെന്റുകൾ, 107 വിദഗ്ദ്ധ ഡോക്ടർമാർ (A Health Care Project of the Archdiocese of Changanassery)

# ആധുനിക സീറോമലബാർ സഭയുടെ ശില്പി



**ഫാ. എബ്രഹാം കാവിൽപുരയിടത്തിൽ**
മേജർ ആർക്കിഎപ്പിസ്കോപ്പൽ ചാൻസലർ

സീറോമലബാർസഭയുടെ രണ്ടാമത്തെ മേജർ ആർച്ചുബിഷപ്പായിരുന്ന കർദിനാൾ വർക്കി വിതയത്തിൽ പിതാവു കാലം ചെയ്തതിനെത്തുടർന്നു പുതിയ മേജർ ആർച്ചുബിഷപ്പിനെ തെരഞ്ഞെടുക്കുന്നതിനു 2011 മെയ് മാസത്തിൽ സമ്മേളിച്ച മെത്രാൻ സിനഡ് തക്കല രൂപതാധ്യക്ഷനായിരുന്ന മാർ ജോർജ് ആലഞ്ചേരി പിതാവിനെയാണു സീറോമലബാർ സഭയുടെ വലിയ ഇടയനായി നിയോഗിച്ചത്. 2011 മെയ് 29ന് എറണാകുളം-അങ്കമാലി സെന്റ് മേരിസ് കത്തീഡ്രൽ ബസിലിക്കയിൽനടന്ന ചടങ്ങിൽ സഭയുടെ പിതാവും തലവനുമായി മാർ ജോർജ് ആലഞ്ചേരി പിതാവു സ്ഥാനം ഏറ്റെടുത്തു. 1992ൽ മേജർ ആർക്കിഎപ്പിസ്കോപ്പൽ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ട സീറോമലബാർസഭയുടെ ആദ്യത്തെ തെരഞ്ഞെടുക്കപ്പെട്ട മേജർ ആർച്ചുബിഷപ്പാകാനുള്ള ദൈവനിയോഗമാണ് ആലഞ്ചേരി പിതാവിന്റേത്. ഒരു വർഷത്തിനുള്ളിൽ 2012 ഫെബ്രുവരി 18ന് വത്തിക്കാനിൽ പരിശുദ്ധ പിതാവ് ബെനഡിക്ട് പതിനാറാമൻ മാർപാപ്പ മാർ ജോർജ് ആലഞ്ചേരി പിതാവിനെ കർദിനാൾ സ്ഥാനത്തേക്ക് ഉയർത്തി. 2013ൽ ഫ്രാൻസിസ് മാർപാപ്പയെ തെരഞ്ഞെടുത്ത കോൺക്ലേവിൽ പങ്കെടുത്തു.

പിതാവും തലവനും എന്ന നിലയിൽ സീറോമലബാർസഭയുടെ ഘടനാപരവും സംവിധാനപരവും അജപാലനപരവുമായ വളർച്ചയ്ക്കുവേണ്ടി പിതാവ് കഠിനാധ്വാനം ചെയ്തു. ആലഞ്ചേരി പിതാവ് സ്ഥാനമേറ്റെടുത്തതിനുശേഷം രൂപീകൃതമായ ഫരീദാബാദ്, ഷംഷാബാദ്, ഹൊസൂർ എന്നീ രൂപതകൾ ഇന്ത്യയിൽ കേരളത്തിനുപുറത്തുള്ള സീറോമലബാർവിശ്വാസികളുടെ വളർച്ചയ്ക്കും ഏകോപനത്തിനും കാരണമായി. 2017ൽ സീറോമലബാർസഭയുടെ അധികാരാതിർത്തി ഭാരതംമുഴുവനിലേക്കും പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ വ്യാപിപ്പിച്ചു. ഇത് സാധ്യമാക്കുന്നതിൽ അഭിവന്ദ്യ ആലഞ്ചേരി പിതാവു നടത്തിയ പരിശ്രമം അവിസ്മരണീയമാണ്. ഭാരതത്തിനു പുറത്ത് ഓസ്ട്രേലിയയിലെ മെൽബൺ, കാനഡയിലെ മിസ്സിസ്സാഗ, ഗ്രേറ്റ് ബ്രിട്ടൻ എന്നീ രൂപതകളും യൂറോപ്പിലെ അപ്പസ്തോലിക് വിസിറ്റേഷനും സഭയുടെ ആഗോളതലത്തിലുള്ള വളർച്ചയുടെ വേഗതകൂട്ടി. വിദേശങ്ങളിലേക്കു കുടിയേറുന്ന സീറോമലബാർസഭാംഗങ്ങളുടെ പാലനം കൂടുതൽ ഏകോപിപ്പിക്കാൻ ഇതു കാരണമായി. 2021ൽ മെൽബൺ രൂപതയുടെ അതിർത്തി ന്യൂസിലാൻഡ് ഉൾപ്പെടുന്ന ഓഷ്യാനിയൻ രാജ്യങ്ങളിലേക്കു വ്യാപിപ്പിച്ചതിന്റെ പിന്നിലും ആലഞ്ചേരി പിതാവിന്റെ ഇടപെടൽ നിർണായകമായിരുന്നു. സീറോമലബാർസഭയുടെ റോമിലെ കേന്ദ്രമായ പ്രൊക്യൂറയുടെ പുതിയ ഭവനം കണ്ടെത്തുന്നതിനു പിതാവു പ്രകടിപ്പിച്ച ശ്രദ്ധയും താല്പര്യവും എടുത്തുപറയേണ്ടതാണ്.



സീറോമലബാർസഭയുടെ വിശുദ്ധ കുർബാനക്രമം നവീകരിക്കുന്നതിലും വിശുദ്ധ കുർബാനയർപ്പണത്തിൽ ഒരു ഏകീകൃതരൂപം നടപ്പിലാക്കുന്നതിലും യാമപ്രാർഥനകൾ നവീകരിക്കുന്നതിലും കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവിന്റെ നേതൃത്വം സഭാചരിത്രത്തിന്റെ സുവർണ ഏടുകളിൽ രേഖപ്പെടുത്തപ്പെടും. സഭയിലെ വിശുദ്ധ കുർബാനയർപ്പണത്തിലെ ഏകീകരണം പൂർണമായിട്ടില്ലെങ്കിലും ഇപ്പോൾ നിലവിലുള്ള ഐക്യം ഒരുകാലത്തു സ്വപ്നം കാണാൻ പോലും കഴിയാത്തതായിരുന്നു എന്നതു യാഥാർഥ്യമാണ്. ഈ ഐക്യം സാധ്യമാക്കിയതിനുപിന്നിൽ ആലഞ്ചേരി പിതാവിന്റെ സഹനങ്ങളുടെയും വേദനകളുടെയും ബലമുണ്ട് എന്നത് സമകാലിക ചരിത്രം.

ദുക്റാന തിരുനാൾദിവസം സഭാകാര്യാലയത്തിൽ ആരംഭിച്ച സഭാദിനാഘോഷങ്ങൾ, സീറോമലബാർപ്രേഷിത വാരാചരണം എന്നിവ അഭിവന്ദ്യ പിതാവിന്റെ സഭയെക്കുറിച്ചുള്ള ചിന്തയുടെയും കാഴ്ചപ്പാടിന്റെയും പ്രതിഫലനങ്ങളായിരുന്നു. സഭയുടെ ജീവകാരുണ്യപ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്ന സ്പന്ദൻ എന്ന ഏജൻസിയും പിതാവിന്റെ ആശയത്തിൽനിന്നു രൂപപ്പെട്ടതാണ്.

സഭയുടെ ചരിത്രവും പൈതൃകവും സംരക്ഷിക്കാൻ പിതാവിന്റെ ദീർഘവീക്ഷണത്തിന്റെയും സഭയെക്കുറിച്ചുള്ള അഭിമാനബോധത്തിന്റെയും പ്രതീകമായി സഭയുടെ കേന്ദ്രകാര്യാലയത്തിൽ പണിതുകൊണ്ടിരിക്കുന്ന കൾച്ചറൽ ആൻഡ് ഹെറിറ്റേജ് സെന്റർ സീറോമലബാർസഭയുടെ അനന്യതയും പാരമ്പര്യങ്ങളുടെ സമ്പന്നതയും തലമുറകൾക്ക് പകർന്നുനൽകുന്ന ഒരു പഠന-ഗവേഷണ കേന്ദ്രമായി നിലകൊള്ളും എന്നതും പ്രത്യേകം സ്മരണീയമാണ്.

ഗൾഫുരാജ്യങ്ങളിലുള്ള സീറോമലബാർ വിശ്വാസികൾക്കുവേണ്ടി അജപാലന സംവിധാനങ്ങൾ രൂപീകരിക്കുന്നതു ഗൗരവകരമായ പരിഗണനയിലാണ് എന്നു നവംബർ 29ന് പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ അഭിവന്ദ്യ ആലഞ്ചേരി പിതാവിന് എഴുതിയ കത്തിൽ എടുത്തുപറഞ്ഞത് ഇക്കാര്യത്തിൽ പിതാവു പുലർത്തിയ നിതാന്തജാഗ്രതയ്ക്കും ചെയ്ത പരിശ്രമങ്ങൾക്കുമുള്ള ഒരു അംഗീകാരം കൂടിയാണ്.

പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പയുടെ മേല്പ്പറഞ്ഞ കത്തിൽ ആശംസിക്കുന്നതുപോലെ ഇനിയുള്ള വർഷങ്ങൾ ഒരു കർദിനാളിന്റെ ഉത്തരവാദിത്വങ്ങൾ സാർവത്രികസഭയിൽ നിർവഹിച്ചുകൊണ്ടു ധ്യാനാത്മകതയിലും മധ്യസ്ഥപ്രാർഥനയിലും അഭിവന്ദ്യ ആലഞ്ചേരി പിതാവു സീറോമലബാർസഭയെ വഴിനടത്തട്ടെ!






# ആലഞ്ചേരി പിതാവിന് കൃതജ്ഞതയോടെ ലിറ്റർജിക്കൽ റിസേർച്ച് സെന്റർ

ഫാ. ജോജി കല്ലിങ്ങൽ
എക്സിക്യൂട്ടീവ് ഡയറക്ടർ,
ലിറ്റർജിക്കൽ റിസേർച്ച് സെന്റർ



ഏറെ നാളത്തെ കൂടിയാലോചനകൾക്കും ഒരുക്കങ്ങൾക്കും ശേഷം 1999 ഏപ്രിൽ 10ാം തിയതി സഭയുടെ ആസ്ഥാന കാര്യാലയം സ്ഥിതി ചെയ്യുന്ന കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സീറോമലബാർസഭയുടെ ഗവേഷണ പഠനകേന്ദ്രമായ ലിറ്റർജിക്കൽ റിസേർച്ച് സെന്റർ (LRC) സ്ഥാപിതമായി. LRC യുടെ എല്ലാ പ്രവർത്തനങ്ങളും ഉൾകൊള്ളാൻ തക്കവിധം ഒരു പുതിയ കെട്ടിടം വേണമെന്ന് ആഗ്രഹിക്കുകയും അതിനായി പദ്ധതികൾ ഒരുക്കുകയും ചെയ്തത് കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവാണ്. പിതാവ് തന്നെയാണ് 2017 ഫെ ബ്രുവരി 03-ാം തിയതി പുതിയ കെട്ടിടത്തിന് ശിലാസ്ഥാപനം നടത്തിയത്. 5 നിലകളുള്ള പ്രസ്തുത കെട്ടിടത്തിന്റെ നാല് നിലകളും പൂർണ്ണമായും പണിതീർന്നു. 2024 ജനുവരി 7-ാം തിയതി കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവ് ഓഫീസ് സമുച്ചയത്തിന്റെ വെഞ്ചിരിപ്പ് കർമ്മം നിർവഹിച്ചു. Library കെട്ടിടത്തിന്റെ പണികളാണ് അവശേഷിച്ചിരിക്കുന്നത്. പുതിയ കെട്ടിടത്തിലേക്ക് LRC യുടെ പ്രവർത്തനങ്ങൾ മാറുന്നതോടെ Heritage and Research Centre എന്ന പേരിൽ ഈ സ്ഥാപനം അറിയപ്പെടാൻ തുടങ്ങും. ഈ കെട്ടിടനിർമ്മാണത്തിനുള്ള പണം പൂർണ്ണമായും അഭിവന്ദ്യ ജോർജ് ആലഞ്ചേരി പിതാവിന്റെ മാത്രം പരിശ്രമഫലമായി ലഭിച്ചിട്ടുള്ളതാണ്. തന്റെ സൗഹൃദവും പരിചയവും സ്വാധീനവും ഉപയോഗപ്പെടുത്തി ഈ പ്രസ്ഥാനത്തെ വളർത്താൻ അഭിവന്ദ്യ പിതാവ് ഏറ്റെടുത്ത അത്യധ്വാനവും ത്യാഗവും മറക്കാവുന്നതല്ല. പിതാവിന്റെ ദീർഘവീക്ഷണവും കഠിനാധ്വാനവും മാത്രമാണ് LRCയ്ക്ക് പുതിയ രൂപവും ഭാവവും നൽകാൻ കാരണമായതെന്ന് കൃതജ്ഞതയോടെ അനുസ്മരിക്കുന്നു.

2020ൽ LRC ആരംഭിച്ച സീറോമലബാർസഭയുടെ ചരിത്ര ഗവേഷണ പഠനം അഭിവന്ദ്യ ആലഞ്ചേരി പിതാവിന്റെ ആഹ്വാനപ്രകാരം ഏറ്റെടുത്തതാണ്. മാർതോമാശ്ലീഹായുടെ ഭാരതപ്രേഷിതത്വത്തെക്കുറിച്ച് ധാരാളം പഠനങ്ങൾ നിലനിൽക്കുന്നുണ്ടെണ്ടങ്കിലും ജാതിമതഭേദമന്യേ പൊതുസമൂഹത്തിന് സ്വീകാര്യമാകാൻ തക്കവിധം, സംലഭ്യമായിരിക്കുന്ന തെളിവുകളുടെ അടിസ്ഥാനത്തിൽ സഭയുടെ ചരിത്രപഠനം നടത്തണമെന്ന ആശയം മുന്നോട്ട് വച്ചത് അഭിവന്ദ്യ മാർ ജോർജ് ആലഞ്ചേരി പിതാവ് തന്നെയാണ്. ഈ പഠനഗ്രന്ഥം മൂന്ന് വാല്യങ്ങളായി പ്രസിദ്ധീകരിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. ധാരാളം സെമിനാറുകളും പഠനങ്ങളും ഈ വിഷയത്തിൽ ഇതിനകം നടന്നുകഴിഞ്ഞു. ഇതിന്റെ ഒന്നാം വാല്യം പ്രസിദ്ധീകരണത്തിന് തയ്യാറായി കഴിഞ്ഞു. മറ്റു പല വിഷയങ്ങളിലും എന്ന പോലെ അഭിവന്ദ്യ പിതാവിന്റെ ചരിത്രബോധം എത്ര ആഴപ്പെട്ടതാണെന്ന് പലരും തിരിച്ചറിഞ്ഞത് ഈ പഠനത്തിന്റെ ഭാഗമായി സെമിനാറുകളിൽ പങ്കെടുത്തപ്പോഴാണ്. ഈ ചരിത്രഗ്രന്ഥം പുറത്തിറങ്ങുമ്പോൾ സീറോമലബാർസഭയുടെ ഔദ്യോഗിക ചരിത്ര റഫറൻസ് ഗ്രന്ഥമായി അത് മാറുമെന്നതിൽ തർക്കമില്ല.


ഹെറിറ്റേജ് & റിസേർച്ച് സെന്റർ കെട്ടിട സമുച്ചയത്തിന്റെ മാതൃക

12 വർഷത്തോളം സീറോമലബാർസഭയുടെ മേജർ ആർച്ച്ബിഷപ് ആയിരുന്ന കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവിനോട് ലിറ്റർജിക്കൽ റിസേർച്ച് സെന്റർ (LRC) എന്നും കടപ്പെട്ടിരിക്കുന്നു. ഈ പഠനകേന്ദ്രത്തിന് അഭിവന്ദ്യ പിതാവ് ചെയ്തുതന്ന എല്ലാ നന്മകൾക്കും നേതൃത്വത്തിനും പ്രോത്സാഹത്തിനും നന്ദി അറിയിക്കുന്നു. വിശ്രമജീവിതം കൂടുതൽ ദൈവകൃപ നിറഞ്ഞതാകട്ടെ എന്ന് ആശംസിക്കുകയും ആരോഗ്യവും ദീർഘായുസ്സും നൽകി ദൈവം പിതാവിനെ അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.



ഫാ. തോമസ് ആദോപ്പിള്ളിൽ
മേജർ ആർക്കിഎപ്പിസ്കോപ്പൽ ട്രൈബുണൽ പ്രസിഡന്റ്

# താങ്ങും തണലുമായി നയിച്ച വലിയ ഇടയൻ

സാർവത്രിക കത്തോലിക്കാസഭയുടെ നവോന്മേഷദായകമായ ഒരു വശം അതിന്റെ സിനഡൽ സ്വഭാവമാണ്, അത് ഈ പഴഞ്ചൊല്ലിലൂടെ ഏറ്റവും നന്നായി പ്രകടിപ്പിക്കാൻ കഴിയും: 'പതിനൊന്നുമില്ലാതെ പത്രോസും പത്രോസ് ഇല്ലാതെ പതിനൊന്നും ഇല്ല'. സീറോമലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയുടെ പിതാവും തലവനും എന്ന നിലയിൽ മേജർ ആർച്ച്ബിഷപ്പ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി ശ്രദ്ധേയമായ മനക്കരുത്തും വിവേകവും വ്യക്തിവിശുദ്ധിയും വിനയവും കൊണ്ട് സഭയെ വ്യക്തതയോടെ നയിച്ച വലിയ ഇടയനാണ്.

1994 സെപ്റ്റംബർ ഒന്നാം തീയതി ആരംഭിച്ച സീറോമലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ ഓർഡിനറി ട്രൈബ്യൂണലിന്റെ പിതാവും തലവനുമായി മാർ ആലഞ്ചേരി 2011 മെയ് 29 മുതൽ 2023 ഡിസംബർ 7 വരെ സ്തുത്യർഹമായ ശുശ്രൂഷയാണ് നിർവഹിച്ചത്. പൗരസ്ത്യസഭകളുടെ കാനോനകളിൽ CCEO 1063 §§ 3, 4-ൽ പ്രസ്താവച്ചിരിക്കുന്ന ഉത്തരവാദിത്വങ്ങൾ നിർവഹിക്കുന്നതിനായി ഈ കോടതിക്ക് സ്ഥിരസിനഡിന്റെ സമ്മതത്തോടെ മേജർ ആർച്ച്ബിഷപ്പിനാൽ നിയമിക്കപ്പെട്ട അതിന്റെ അധ്യക്ഷനും (president) 11 ന്യായാധിപന്മാരും (judges) ഒരു നീതി സംരക്ഷകനും (promoter of justice) നാല് ബന്ധസംരക്ഷകരും (defender of bond) ഒരു നോട്ടറിയുമാണ് ഉള്ളത്. കീഴ്കോടതികളിൽ നേരത്തെ തന്നെ വിധി പ്രസ്താവിക്കപ്പെട്ടിട്ടുള്ള കേസുകളുടെ രണ്ടാമത്തെതും അതെ തുടർന്നുമുള്ള ഘട്ടങ്ങളിലെ അപ്പീൽ കോടതിയുമാണിത്. ഇവിടെ ന്യായാധിപൻമാർ ചാക്രിയ ക്രമം (In rotation) അനുസരിച്ച് സേവനം ചെയ്യുന്നു. ശുശ്രൂഷകൾ സുഗമമാക്കാൻ മേജർ ആർച്ച്ബിഷപ്പ് ഈ കഴിഞ്ഞ കാലഘട്ടത്തിൽ ഞങ്ങൾക്ക് വലിയ പ്രചോദനമായിരുന്നു. നീതിപൂർവവും സമയബന്ധിതവുമായി കേസുകൾ തീർപ്പാക്കണമെന്ന് നിർദ്ദേശിക്കുകയും അതിനാവശ്യമായ എല്ലാ സംവിധാനങ്ങളും ഞങ്ങൾക്ക് ഒരുക്കി തരുകയും ചെയ്തിരുന്നു. അതിനുപുറമേ കാലാകാലങ്ങളിൽ സഭാ നിയമങ്ങളിൽ വരുന്ന മാറ്റങ്ങൾക്ക് അനുസരിച്ച് കാലഘട്ടത്തിന്റെ ചുവരെഴുത്തുകൾ വായിച്ചറിഞ്ഞ് പ്രവർത്തിക്കുവാൻ വലിയ പിതാവ് ഞങ്ങൾക്ക് എപ്പോഴും നിർദേശങ്ങൾ നൽകുമായിരുന്നു. സീറോമലബാർസഭയിൽ അനേകം പുണ്യാത്മാക്കളുടെ ജീവിതവിശുദ്ധി തിരിച്ചറിഞ്ഞ് അവരെ വിശുദ്ധിയുടെ മാതൃകകളും വിശ്വാസികൾക്ക് പ്രചോദനവുമായി അവതരിപ്പിക്കുന്നതിന് സീറോമലബാർ സഭയുടെ പോസ്റ്റുലേറ്റർ ജനറൽ എന്ന നിലയിൽ പ്രവർത്തിക്കുവാൻ പ്രചോദനം നൽകിയതും സീറോമലബാർസഭയിലെ Appellate Safe Environment Committee കമ്മിറ്റി ചെയർമാൻ എന്ന നിലയിൽ പ്രവർത്തിക്കുവാൻ അവസരം നൽകിയതും അഭിവന്ദ്യ കർദിനാൾ ആലഞ്ചേരി പിതാവ് ആണ്. ഈ കഴിഞ്ഞ 13 വർഷക്കാലം ഞങ്ങൾക്ക് താങ്ങും തണലുമായി ഞങ്ങളെ നയിച്ച അഭിവന്ദ്യ ജോർജ് ആലഞ്ചേരി പിതാവിന് ഒത്തിരി സ്നേഹത്തോടെ നന്ദി.

# വിശ്വാസപരിശീലനത്തിനും ദൈവവിളി പ്രോത്സാഹനത്തിനും ദിശാബോധം നൽകിയ വലിയപിതാവ്

**ഫാ. തോമസ് മേൽവെട്ടത്ത്**
സെക്രട്ടറി, വിശ്വാസപരിശീലന കമ്മീഷൻ
& ദൈവവിളി കമ്മീഷൻ



മാർതോമ്മാശ്ലീഹായാൽ സ്ഥാപിതമായ സീറോ മലബാർസഭയിലെ നാലാമത്തെ കർദ്ദിനാളും മൂന്നാമത്തെ മേജർ ആർച്ച്ബിഷപ്പുമായ മാർ ജോർജ് ആലഞ്ചേരി പിതാവ് ഈശോയുടെ അന്തിമ കല്പനയാൽ സ്ഥാപിതമായ ഈ സഭയിൽ ഏറ്റവും സ്തുത്യർഹമായ കാര്യങ്ങളാണ് വിശ്വാസപരിശീലന രംഗത്ത് കാഴ്ചവെച്ചത്. കെ.സി.ബി.സി ഡെപ്യൂട്ടി സെക്രട്ടറി ആയിരുന്ന കാലത്ത് കേരള സഭയ്ക്കുവേണ്ടി പൊതുമതബോധനഗ്രന്ഥം പരിഷ്കരിച്ച് പുതിയ പാഠാവലി പ്രസിദ്ധീകരിക്കുന്നതിന് നേതൃത്വം നൽകിയത് അഭിവന്ദ്യ പിതാവായിരുന്നു.

1999-ൽ മതബോധന കമ്മീഷൻ ആരംഭിച്ചതുമുതൽ വലിയപിതാവ് അതിന്റെ ആദ്യ ചെയർമാനായിരുന്നു. ഈ സ്ഥാനത്ത് അദ്ദേഹം മേജർ ആർച്ച്ബിഷപ്പ് ആയ 2011 വരെ തുടർന്നു. സഭയിൽ ആകമാനം വിശ്വാസ രൂപീകരണം ശരിയായ വിധത്തിൽ നടക്കുവാൻ ഓരോ വ്യക്തികഗത സഭകൾക്കും മതബോധന ഡയറക്ടറി ഉണ്ടായിരിക്കണമെന്ന സാർവ്വത്രിക സഭയുടെ നിർദ്ദേശം നമ്മുടെ സഭയിൽ Call and Response എന്ന ആദ്യ മതബോധന ഡയറക്ടറിയുടെ പ്രസിദ്ധീകരണത്തിലേക്ക് നയിച്ചു. രണ്ട് തരത്തിലുള്ള പാഠാവലികൾ ഉപയോഗപ്പെടുത്തിയിരുന്ന സീറോ മലബാർസഭ 'രക്ഷയുടെ പാതയിൽ' എന്ന പൊതുപാഠാവലി ഉണ്ടാക്കുകയും ചെയ്തു. 2004 മുതൽ 2009 വരെയുള്ള കാലയളവിൽ 12 ക്ലാസ്സുകളിലെയും പുസ്തക പ്രസിദ്ധീകരണം പൂർത്തിയായി. ഈ പൊതു പാഠാവലി മലയാളം, ഇംഗ്ലീഷ്, ഹിന്ദി, കന്നഡ, തമിഴ്, തെലുങ്ക്, മറാഠി എന്നീ ഭാഷകളിൽ ഉപയോഗിക്കുന്നു.

വർഷത്തിൽ രണ്ട് പ്രാവശ്യം നടക്കുന്ന ഡയറക്ടേഴ്സ് മീറ്റിംഗിൽ എപ്പോഴും സന്നിഹിതനാകുകയും മുന്നോട്ടുള്ള യാത്രയ്ക്ക് ഓരോ വർഷത്തെയും പ്രവർത്തനങ്ങൾ നിരീക്ഷിച്ച് വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിൽ പിതാവ് ശ്രദ്ധാലുവായിരുന്നു. 2015 നവംബർ 25 മുതൽ 27 വരെ തീയ്യതികളിൽ നടന്ന സീറോമലബാർ മതബോധന കോൺഗ്രസ്സ് പിതാവിന്റെ ദീർഘവീക്ഷണത്തിന്റെ ഫലമായിരുന്നു.

7-ാം ക്ലാസ്സിലെയും 12-ാം ക്ലാസ്സിലെയും കുട്ടികൾക്കായി നടത്തപ്പെടുന്ന പ്രതിഭാസംഗമം വലിയ പിതാവിന്റെ ദീർഘവീക്ഷണത്തിന്റെ ഫലമാണ്.





കമ്മീഷന് സ്വന്തമായി വെബ്സൈറ്റ് തുടങ്ങുന്നതും പിതാവ് മേജർ ആർച്ച്ബിഷപ്പായിരുന്ന കാലഘട്ടത്തിലാണ്. 'സീറോമലബാർസഭയുടെ ആരാധനക്രമ വിശ്വാസപരിശീലനം; വിശ്വാസവഴിയിലെ സംശയങ്ങൾ; വിശ്വാസ പരിശീലകരുടെ രൂപവത്കരണം, മിസ്റ്റഗോജിക്കൽ മതബോധനം' എന്നീ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുന്നതിനുള്ള പ്രചോദനം അഭിവന്ദ്യ പിതാവായിരുന്നു.

കോവിഡ് കാലത്ത് ഷാലോം, ഗുഡ്നെസ്സ്, ഷെക്കെയ്ന എന്നീ ടെലിവിഷൻ ചാനലുകളിലൂടെ ആയിരത്തിലധികം വീഡിയോ ക്ലാസ്സുകളാണ് ഇംഗ്ലീഷ്, മലയാളം ഭാഷകളിൽ പാഠഭാഗങ്ങളെ ആസ്പദമാക്കി സംപ്രേക്ഷണം ചെയ്തത്. 'Synodal Commission for Catechesis' എന്ന Youtube ചാനൽ തുടങ്ങിയതിനു പിന്നിലെ പ്രേരണയും അഭിവന്ദ്യ പിതാവിന്റേതാണ്.

വലിയ പിതാവിന്റെ നേതൃത്വത്തിൽ 2015-ലാണ് ദൈവവിളി കമ്മീഷൻ രൂപീകൃതമാകുന്നത്. ദൈവവിളി പ്രോത്സാഹനത്തിന് സഭാംഗങ്ങളെല്ലാവരുടെയും കരുതലും ശ്രദ്ധയുമുണ്ടായിരിക്കണമെന്ന് ഇതിന്റെ രൂപീകരണം നമ്മളെ ഓർമ്മപ്പെടുത്തുന്നു. കമ്മീഷന്റെ പ്രവർത്തനഫലമായി Vocation Promoters Guidelines പ്രസിദ്ധീകരിച്ചു. Vocation Promoters Annual Meet, പുതുതായി വരുന്ന Vocation Promoters-ന് പഠനശിബിരങ്ങൾ എന്നിവ അഭിവന്ദ്യ പിതാവിന്റെ ദീർഘവീക്ഷണത്തിന്റെ ഫലമായി സംഘടിപ്പിക്കപ്പെടുന്ന പ്രവർത്തനങ്ങളാണ്.

2016-ലെ 24-ാം സിനഡ് അഭിവന്ദ്യ ആലഞ്ചേരി പിതാവിന്റെ പ്രേരണയിലാണ് മിഷൻ ലീഗിനെ സീറോമലബാർ സഭയുടെ ദൈവവിളി കമ്മീഷന്റെ ഭാഗമായി പ്രഖ്യാപിച്ചത്. വിശ്വാസപരിശീലനരംഗത്തും ദൈവവിളി പ്രോത്സാഹനത്തിലും മിഷൻ ലീഗിന്റെ പ്രവർത്തനങ്ങളിലും വലിയ പിതാവ് നൽകിയ പിന്തുണയേയും പ്രോത്സാഹനത്തെയും കൃതജ്ഞതയോടെ ഓർക്കുന്നു.

## Chronicle of Mar George Cardinal Alencherry




# ആരാധനക്രമത്തിന്റെ അടിത്തറ പാകിയ ആലഞ്ചേരി പിതാവ്



**ഫാ. ജിഫി മേക്കാട്ടുകുളം**
സെക്രട്ടറി, ആരാധനക്രമകമ്മീഷൻ

സഭാജീവിതത്തിന്റെ ഉറവിടം ആരാധനക്രമമാണെന്നും സഭാപ്രവർത്തനങ്ങളുടെ ലക്ഷ്യം വിശ്വാസികളെ സജീവ ദൈവാരാധനക്കു ഒരുക്കുകയാണെന്നും (Sacrosanctum concilium 10) ഉറച്ചുവിശ്വസിച്ചുകൊണ്ട് സീറോമലബാർസഭയുടെ ആരാധനക്രമകമ്മീഷന്റെ പ്രവർത്തനങ്ങൾക്കു സഭയുടെ പിതാവും തലവനും എന്ന നിലയിൽ കഴിഞ്ഞ പന്ത്രണ്ടു വർഷങ്ങളായി നൽകിക്കൊണ്ടിരുന്ന കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവിന്റെ നേതൃത്വത്തിനും സാന്നിധ്യത്തിനും സീറോമലബാർസഭയുടെ ആരാധനക്രമകമ്മീഷൻ കൃതജ്ഞതാഞ്ജലി അർപ്പിക്കുന്നു. സീറോമലബാർസഭയുടെ ആരാധനക്രമ വിഷയങ്ങളുടെ ഗവേഷണപഠനത്തിനും ആരാധനക്രമഗ്രന്ഥങ്ങളുടെ രൂപീകരണത്തിനും മെത്രാന്മാരുടെ സിനഡിനെ സഹായിക്കാൻ നിയോഗിക്കപ്പെട്ട ഔദ്യോഗികസമിതിയാണ് സെൻട്രൽ ലിറ്റർജിക്കൽ കമ്മിറ്റി.

സീറോമലബാർസഭയിലെ എല്ലാ രൂപതകളിൽ നിന്നും സന്യാസ സമർപ്പിത സമൂഹങ്ങളിൽ നിന്നും പ്രാതിനിധ്യസ്വഭാവത്തോടെ തിരഞ്ഞെടുക്കപ്പെടുന്നവരുടെ സമിതിയായ സെൻട്രൽ ലിറ്റർജിക്കൽ കമ്മിറ്റിയുടെ സമ്മേളനങ്ങൾക്കും പ്രവർത്തനങ്ങൾക്കും മാർഗ്ഗനിർദേശങ്ങൾ നൽകി അനുഗ്രഹിച്ച ആലഞ്ചേരിപിതാവിന്റെ ശുശ്രൂഷയുടെ പന്ത്രണ്ടുവർഷങ്ങൾക്കിടയിൽ, സീറോമലബാർസഭക്കു സംലഭ്യമായ ആരാധനക്രമ ഗ്രന്ഥങ്ങളെ അഭിമാനപൂർവ്വം അനുസ്മരിക്കുന്നു: സുറിയാനി കുർബാന തക്സ, നവീകരിക്കപ്പെട്ട കുർബാനക്രമം, മാർ തെയോദോറിന്റെയും മാർ നെസ്തോറിയസിന്റെയും കൂദാശക്രമങ്ങൾ, നവീകരിക്കപ്പെട്ട യാമപ്രാർഥന ഗ്രന്ഥങ്ങൾ, രണ്ടു ഗണം പ്രഘോഷണഗ്രന്ഥങ്ങൾ, അക്രൈസ്തവ പങ്കാളിയോടൊത്തുള്ള വിവാഹ കർമക്രമം, നവീകരിക്കപ്പെട്ട വിവാഹവാഗ്ദാന കർമ്മക്രമം, സീറോമലബാർസഭയുടെ സുവിശേഷ പ്രഘോഷണ മാർഗരേഖ, മൃതദേഹം ദഹിപ്പിക്കുന്നതിനു മുൻപുള്ള പ്രാർഥനാശുശ്രൂഷ, വചനവിളക്ക് (ആരാധനക്രമ വായനകളുടെ രണ്ടാം ഗണം ഞായറാഴ്ചപ്രസംഗങ്ങൾ). ഒരു സ്വയാധികാര സഭയുടെ സവിശേഷതയാണ് ആ സഭയുടെ ദൈവശാസ്ത്ര-ആധ്യാത്മിക അടിസ്ഥാനങ്ങളിൽ രൂപപ്പെട്ട വിശ്വാസത്തിന്റെ നിയമങ്ങളായ പ്രാർഥനകൾ ഉൾകൊള്ളുന്ന ആരാധനക്രമഗ്രന്ഥങ്ങൾ. മാർ തോമാശ്ലീഹായുടെ വിശ്വാസപൈതൃകത്തിലും പൗരസ്ത്യസുറിയാനി പാരമ്പര്യത്തിലുമുള്ള സീറോമലബാർസഭയുടെ സമ്പന്നമായ ആരാധനക്രമം നവീകരിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും പരിരക്ഷിക്കുന്നതിനും മാർ ജോർജ് ആലഞ്ചേരി പിതാവ് നൽകിയ സംഭാവനകളെയും നേതൃത്വചുവടുകളെയും ആശീർവാദകൈവയ്പുകളെയും സഭാമക്കൾ എന്നും ഓർമിയ്ക്കുന്നതാണ്. ദൈവമഹത്വത്തിനുവേണ്ടിയും സീറോമലബാർസഭയുടെ കൂട്ടായ്മക്കും ഉന്നതിക്കുംവേണ്ടിയും അനുഭവിക്കേണ്ടിവന്ന ത്യാഗങ്ങൾക്കും സഹനങ്ങൾക്കും ആലഞ്ചേരി പിതാവിനെ ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ!



# യുവജനങ്ങൾക്കായ് സഭയുടെ വാതായനങ്ങൾ തുറന്നുവെച്ച ഇടയൻ



**അഡ്വ. സാം സണ്ണി**
എസ്.എം.വൈ.എം ഗ്ലോബൽ പ്രസിഡന്റ്

സീറോമലബാർസഭയെ അതിന്റെ എക്കാലത്തെയും മഹത്തരമായ അഭിവൃധിയിലേക്ക് നയിച്ച വലിയ ഇടയനാണ് ആലഞ്ചേരി പിതാവ്. ആ ഇടയന്റെ കരുതലും, തണലും ഏൽക്കാത്ത ഒരു അജഗണവും ഉണ്ടായിരുന്നില്ല. ആ കരുതൽ എപ്പോഴും തന്റെ അജപാലന ശുശ്രൂഷക്കുള്ളിലുള്ള സംഘടനകളോടും അദ്ദേഹം കാണിച്ചിരുന്നു. സഭയെ അതിന്റെ പൂർണ്ണർത്ഥത്തിൽ വളർച്ചയിൽ എത്തിക്കുവാൻ ഓരോ സംഘടനകളും സഭയുടെ അടിത്തട്ടിൽ പ്രവർത്തനം നടത്തണമെന്ന് അദ്ദേഹം ഓർമ്മിപ്പിക്കുമായിരുന്നു.

ആലഞ്ചേരി പിതാവ് ഏറ്റവും കൂടുതൽ ശ്രദ്ധയും, കാര്യഗൗരവത്തോടെ ഇടപെടലുകളും നടത്തിയ കമ്മീഷൻ ആയിരുന്നു യുവജന കമ്മീഷൻ. യുവജനങ്ങൾ ആണ് സഭയുടെ തൂണുകൾ എന്ന പരിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ ഉദ്ബോധനം ആലഞ്ചേരി പിതാവ് നമ്മുടെ സഭയിൽ ഊട്ടിയുറപ്പിച്ചു. സീറോമലബാർ സഭയുടെ പാരമ്പര്യത്തെ മുറുകെ പിടിച്ചുകൊണ്ട് അതിന്റെ പൂർണ്ണ വിശ്വാസ പൈതൃകത്തിൽ ലോകമെമ്പാടുമുള്ള സഭയിലെ യുവജനങ്ങൾ ഒരു കുടക്കീഴിൽ വരണമെന്ന നിശ്ചയദാർഢ്യം അദ്ദേഹത്തിന് ഉണ്ടായിരുന്നു. അന്നുവരെ ചിതറിക്കിടന്നിരുന്ന യുവജനങ്ങളെ കോർത്തിണക്കിക്കൊണ്ട് സഭാപിതാക്കന്മാരോട് ചേർന്ന് സിറോമലബാർ യുവജന പ്രസ്ഥാനത്തിന് (SMYM) തുടക്കം കുറിച്ച് സഭയുടെ യുവജന പ്രവർത്തനത്തിന് പുതിയ വാതായാനം തുറന്നു. നടത്താൻ തീരുമാനിച്ചത് പ്രസ്ഥാനത്തിന് ശക്തി പകരുന്ന ചരിത്ര തീരുമാനമായിരുന്നു. ആ സ്റ്റഡി സർവേയുമായി ബന്ധപ്പെട്ടുള്ള പ്രാരംഭ പ്രക്രിയയിലാണ് എസ്.എം.വൈ.എം. സീറോമലബാർ യുവജന പ്രസ്ഥാനം ഒരു കൊച്ച് ചെടിയിൽ നിന്നും ഒരു വലിയ വൃക്ഷമായി വളർന്നിരിക്കുന്നു. ലോകം മുഴുവനും അതിന്റെ ചില്ലകൾ പടർന്നിരിക്കുന്നു, നന്മയുടെ ഫലങ്ങൾ പുറപ്പെടുവിക്കുന്നു.



***യുവജനങ്ങൾ ആണ് സഭയുടെ തൂണുകൾ എന്ന പരിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ ഉദ്ബോധനം ആലഞ്ചേരി പിതാവ് നമ്മുടെ സഭയിൽ ഊട്ടിയുറപ്പിച്ചു.***

അന്ന് തൊട്ട് ഇന്നോളം പ്രസ്ഥാനത്തിന്റെ ഓരോ മുന്നേറ്റങ്ങളും, ഇടപെടലുകളും വളരെ ശ്രദ്ധയോടെ അദ്ദേഹം വീക്ഷിക്കുകയും ചോദിച്ച് അറിയുകയും, വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ തന്ന് കമ്മീഷന് ബലം നൽകി. സീറോമലബാർ യുവജനങ്ങൾക്കായി ഒരു യൂത്ത് പോളിസി ഉണ്ടാക്കേണ്ടത് ആവശ്യമാണ് എന്ന ബോധ്യത്തിൽ ഒരു യൂത്ത് സ്റ്റഡി സർവ്വേ

എസ്.എം.വൈ.എം. എന്ന ചെടി നട്ട് അതിന്റെ ചുവട്ടിൽ വെള്ളവും വളവും നൽകി പരിപാലിച്ച ഇടയ ശ്രേഷ്ഠൻ അഭിവന്ദ്യ ആലഞ്ചേരി പിതാവ് സംഘടനക്കും സഭയ്ക്കും നൽകിയ സേവനങ്ങൾ വാക്കുകൾക്ക് വിവരിക്കാൻ സാധിക്കുന്നതിനും അപ്പുറമാണ്. ഇടയശ്രേഷ്ഠനോട് നന്ദിയും കടപ്പാടും സ്നേഹവും എക്കാലവും സഭയിലെ യുവജനങ്ങൾക്ക് ഉണ്ടായിരിക്കും.

# സഭൈക്യത്തിന്റെ അജപാലകൻ



**ഡോ. ചെറിയാൻ കറുകപ്പറമ്പിൽ**
സെക്രട്ടറി, സീറോമലബാർ
സിനഡൽ കമ്മീഷൻ ഫോർ എക്യുമെനിസം

തുന്നൽ കൂടാതെ നെയ്യപ്പെട്ട ''കർത്താവിന്റെ വിശുദ്ധ മേലങ്കി'' എന്ന് വി. ആഗസ്തീനോസ് വിശേഷിപ്പിച്ച തിരുസഭ ഇന്ന് വിഭജനത്തിന്റെ മുറിവുകളേറ്റ് വികൃതമാക്കപ്പെട്ടിരിക്കുന്നു. ഭാരതസഭയിലെ നസ്രാണി സമൂഹത്തിന്റെ ഐക്യത്തിനു മുറിവേല്പിച്ച തുടർ സംഭവങ്ങളുടെ നാന്ദികുറിച്ച മട്ടാഞ്ചേരിയിലെ നസ്രാണി പ്രതിഷേധമായിരുന്നു 1653 ലെ കൂനൻകുരിശു സത്യം. എന്നാൽ അനൈക്യത്തിന്റെ ചിന്തകളെ യും സാഹചര്യങ്ങളെയും അതിജീവിക്കുവാ നുള്ള പരിശ്രമവും ഐക്യത്തിനായുള്ള ദാഹ വും നസ്രാണിസഭ എന്നും നിലനിർത്തിയിരുന്നു.

എക്യുമെനിസം തന്റെ ശുശ്രൂഷയിലെ പ്രഥമ പരിഗണനയാണെന്ന ഫ്രാൻസിസ് മാർപാപ്പായുടെ നയങ്ങളുടെ പാതയിലാണ് ഒരു വ്യാഴവട്ടക്കാലം സീറോമലബാർസഭയെ കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവ് നയിച്ചത്. സഭൈക്യ പ്രവർത്തനങ്ങൾക്ക്, പ്രത്യേകിച്ച് കത്തോലിക്കാ ഇതര സഭകളുമായുള്ള ബന്ധങ്ങൾക്ക് കൂടുതൽ ഊന്നൽ നല്കുവാൻ തന്റെ ശുശ്രൂഷ കാലയളവിൽ സീറോമലബാർ മേജർ ആർച്ച്ബിഷപ്പ് എന്ന നിലയിൽ ബദ്ധശ്രദ്ധനായിരുന്നു അദ്ദേഹം. ഇന്ന് ഏഴ് സഭകളായി വിഭജിതമായിരിക്കുന്ന മാർത്തോമ്മാ നസ്രാണി പാരമ്പര്യത്തിലുള്ള സഭകൾ തമ്മിലുള്ള ബന്ധത്തിനും ഐക്യത്തിനായുള്ള പരിശ്രമങ്ങൾക്കും കൂടുതൽ ഊർജം പകരുന്നതിനായി സീറോമലബാർ എക്യുമെനിക്കൽ കമ്മീഷന്റെ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിലും നേതൃത്വം നല്കുന്നതിലും അഭിവന്ദ്യപിതാവ് ഏറെ താത്പര്യമെടുത്തു. 2016 മുതൽ സഭൈക്യത്തിനായുള്ള കാര്യാലയത്തിലെ ഒരംഗം എന്ന നിലയിലുള്ള പ്രവർത്തനങ്ങളിൽ ഏറെ സജീവമായി അദ്ദേഹം ഇടപെട്ടു. കേരളത്തിലെ വിവിധ സഭകളെ തമ്മിൽ കൂട്ടിയിണക്കുന്ന ഇന്റർചർച്ച് കൗൺസിലിന്റെ ചെയർമാൻ എന്ന നിലയിൽ സഭകൾ തമ്മിലുള്ള ബന്ധം ഊഷ്മളമാക്കുന്നതിലും, സമൂഹത്തിലെ വിവിധ വിഷയങ്ങളിൽ ക്രിയാത്മകമായ ഇടപെടൽ നടത്തുന്നതിലും സഭകളുടെ കൂട്ടായ പ്രവർത്തനങ്ങൾക്ക് വേദിയൊരുക്കി. സീറോമലബാർസഭയുടെ സഭൈക്യപ്രവർത്തന ചരിത്രത്തിലെ നാഴികക്കല്ലായിരുന്നു 2017ൽ സീറോമലബാർ സിനഡ് പ്രസിദ്ധീകരിച്ച സീറോമലബാർ എക്യുമെനിക്കൽ ഡയറക്ടറി. പൗരസ്ത്യ കത്തോലിക്കാ ചരിത്രത്തിൽതന്നെ ഒരു വ്യക്തി സഭ സ്വന്തമായി ഒരു 'എക്യുമെനിക്കൽ ഡയറക്ടറി' പ്രസിദ്ധീകരിക്കുന്നത് ഇദംപ്രഥമമാണ്. ഈ ഒരു സംരംഭത്തിന് നേതൃത്വം നൽകി പ്രോത്സാഹിപ്പിച്ചത് അഭിവന്ദ്യ ആലഞ്ചേരി പിതാവിന്റെ സഭൈക്യ പ്രവർത്തനങ്ങളോടുള്ള ക്രിയാത്മക സമീപനത്തിന്റെ ഉത്തമ ഉദാഹരണമാണ്.



**കേരളത്തിലെ വിവിധ സഭകളെ തമ്മിൽ കൂട്ടിയിണക്കുന്ന ഇന്റർചർച്ച് കൗൺസിലിന്റെ ചെയർമാൻ എന്ന നിലയിൽ ആലഞ്ചേരി പിതാവ് സഭകൾ തമ്മിലുള്ള ബന്ധം ഊഷ്മളമാക്കുന്നതിലും, സമൂഹത്തിലെ വിവിധ വിഷയങ്ങളിൽ ക്രിയാത്മകമായ ഇടപെടൽ നട ത്തുന്നതിലും സഭകളുടെ കൂട്ടായ പ്രവർത്തനങ്ങൾക്ക് വേദിയൊരുക്കി.**

തന്റേതായ വ്യക്തിബന്ധങ്ങൾകൊണ്ടും, ദൈവശാസ്ത്രപരമായ അറിവുകൾകൊണ്ടും സഭൈക്യരംഗത്ത് ഉദാത്തമായ സംഭാവനകൾ നൽകാൻ ബദ്ധശ്രദ്ധനായിരുന്ന അഭിവന്ദ്യ ആലഞ്ചേരി പിതാവ് സഭൈക്യ പരിശ്രമങ്ങളുടെ പ്രവാചകരെന്നറിയപ്പെടുന്ന മാർ കരിയാറ്റിയുടെയും, മാണിക്കത്തനാരുടെയും പാറേമ്മാക്കൽ തോമ്മാ മല്പാന്റെയും തച്ചിൽ മാത്തുതരകന്റെയും സഭൈക്യ പരിശ്രമങ്ങളും, സഭാസ്നേഹവും ആധുനിക സീറോമലബാർസഭയിൽ നിലനിർത്താൻ അക്ഷീണം യത്നിച്ചിരുന്നു.

## 'സ്പന്ദൻ' – സഭയുടെ കാരുണ്യത്തിന്റെ ഒറ്റമുഖമാക്കിയ കാരുണ്യമൂർത്തി



**ഫാ. ജേക്കബ് മാവുങ്കൽ**
ചീഫ് കോർഡിനേറ്റർ, സ്പന്ദൻ

2015 ൽ ഫ്രാൻസിസ് മാർപാപ്പ പ്രഖ്യാപിച്ച ദൈവകരുണയുടെ വിശുദ്ധ വത്സരത്തിന്റെ പശ്ചാത്തലത്തിലാണ് അന്നത്തെ സീറോമലബാർ സഭാ തലവനായ കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി പിതാവിന്റെ പ്രത്യേക താത്പര്യ പ്രകാരം സഭയുടെ കാരുണ്യ പ്രവർത്തനങ്ങളുടെ ഒറ്റമുഖമായി സ്പന്ദൻ രൂപംകൊണ്ടത്. എല്ലാ രൂപതാ സാമൂഹ്യ പ്രേഷിത പ്രവർത്തനങ്ങളേയും സമർപ്പിത സമൂഹങ്ങളുടെ സാമൂഹ്യ ശുശ്രൂഷാ മേഘലകളേയും ഒരു കുടക്കീഴിലാക്കി ഇന്ത്യയിൽ ഈ സഭ പാവപ്പെട്ടവരുടെ ശാക്തീകരണത്തിനും സമുദ്ധാരണത്തിനുമായി കാലാകാലങ്ങളിൽ നടത്തിവരുന്ന കാരുണ്യ പ്രവർത്തനങ്ങളെ എല്ലാം ഏകോപിപ്പിക്കുവാൻ ഇതിലൂടെ സഭയ്ക്കായി. സ്പന്ദൻറെ രൂപീകരണ സന്ദേശത്തിൽ ആലഞ്ചേരി പിതാവ് ആഹ്വാനം ചെയ്തത് മാരകരോഗ ശുശ്രൂഷ, കാർഷിക മേഖലയുടേയും കർഷകരുടെയും അഭിവൃദ്ധി, സ്ത്രീകളുടെയും കുട്ടികളുടെയും യുവജനങ്ങളുടെയും ഉന്നമനം, വിദ്യാഭ്യാസം, പ്രകൃതി സംരക്ഷണം, ആദിവാസി സമൂഹങ്ങളുടെ ഉന്നമനം, പ്രാദേശിക വിഭവ സമാഹരണം എന്നിങ്ങനെ സമൂഹ നിർമ്മിതിയുടെ സമഗ്ര മേഖലകളിലും ഒറ്റക്കെട്ടായി സഭയുടെ സാമൂഹ്യ പ്രേഷിതത്വം നേതൃത്വം നല്കണം എന്നാണ്. 2018 ലെ മഹാപ്രളയത്തേയും തുടർന്ന് കോവിഡ് മഹാമാരിയേയും ഒറ്റക്കെട്ടായി നേരിടുന്നതിനും അതിജീവിക്കുന്നതിനും, തുടർ സമാശ്വാസ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും സ്പന്ദൻ ഒരു ചാലക ശക്തിയായി നിലകൊണ്ടു. സഭയുടെ സാമൂഹ്യ-പ്രേഷിത ശുശ്രൂഷാ മേഘലകളെ സമഗ്രതയിൽ ഏകോപിപ്പിക്കുവാൻ കർദ്ദിനാൾ പിതാവ് എടുത്ത ധീരമായ നേതൃത്വം മഹത്തരമാണ്; അതെന്നും ഓർമ്മിക്കപ്പെടും!



# സഭാകുടുംബത്തിന്റെ കരുതലുള്ള നാഥൻ



സമ്പാദകൻ:
**ഫാ. ജോബി മൂലയിൽ**
ജനറൽ സെക്രട്ടറി,
കുടുംബത്തിനും അല്മായർക്കും
ജീവനും വേണ്ടിയുള്ള കമ്മീഷൻ

കുടുംബത്തിനും അല്മായർക്കും ജീവനും വേണ്ടിയുള്ള റോമൻ ഡിക്കാസ്റ്ററി 2016ൽ സ്ഥാപിതമായതിന്റെ ചുവടുപിടിച്ച് സീറോമലബാർസഭയുടെ പരിശുദ്ധ സിനഡും അതുവരെ അൽമായ കമ്മീഷൻ എന്ന പേരിൽ പ്രവർത്തിച്ചുവന്ന വിവിധ ഫോറങ്ങൾ ഒരു കുടക്കീഴിലാക്കികൊണ്ട് കുടുംബത്തിനും അല്മായർക്കും ജീവനും വേണ്ടിയുള്ള സിനഡൽ കമ്മീഷൻ രൂപികരിച്ചു. പരിണത പ്രജ്ഞനും ക്രാന്തദർശിയുമായ അഭിവന്ദ്യ ആലഞ്ചേരി പിതാവാണ് ഈ ദിശാമാറ്റത്തിന്റെ കാരണഭൂതൻ. മാതൃവേദി, കുടുംബ കൂട്ടായ്മ, കുടുംബ പ്രേഷിതത്വം, AKCC, പ്രോലൈഫ്, അൽമായഫോറം എന്നിവയെയെല്ലാം ഈ കമ്മീഷന്റെ ഭാഗമാക്കി. കുടുംബങ്ങൾക്ക് നൽകേണ്ട അജപാലന ശ്രദ്ധ, ജീവന്റെ സംരക്ഷണം, അല്മായ പ്രേഷിതത്വം, വനിതകളുടെ ശാക്തീകരണം എന്നീ പ്രഖ്യാപിത ലക്ഷ്യങ്ങൾ സാധിതമാക്കാൻ അനുപമമായ നേതൃത്വമാണ് അഭിവന്ദ്യ ആലഞ്ചേരി പിതാവ് നൽകിയത്. അദ്ദേഹത്തിന്റെ ഉജ്ജ്വലമായ മാർഗ നിർദ്ദേശങ്ങൾ അല്മായരുടെ വിവിധ തലങ്ങളിലുള്ള ഉന്നമനത്തിനു കാരണമായി. 2019 ഓഗസ്റ്റ് 26 നു സിനഡ് സമ്മേളനത്തിലേക്ക് സഭയിലെ എല്ലാ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിമാരെയും വിളിച്ചു കൂട്ടാൻ സാധിച്ചത് ചരിത്രപരമായ നേട്ടമായി. സഭയുടെ വിവിധ കമ്മീഷനുകളുടെ സെക്രട്ടറിമാർ എല്ലാ വർഷവും റിപ്പോർട്ട് അവതരിപ്പിക്കാൻ സിനഡിൽ പങ്കെടുക്കുക എന്നത് പതിവാക്കിയത് അഭിവന്ദ്യ പിതാവാണ്.

## കുടുംബ കൂട്ടായ്മ

സീറോമലബാർ കുടുംബ കൂട്ടായ്മയ്ക്ക് ഏറെ പ്രത്യാശപകർന്ന നാളുകളായിരുന്നു അഭിവന്ദ്യ കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരിയുടെ കാലഘട്ടം. കൃത്യമായ ദിശാബോധവും മാർഗ്ഗനിർദ്ദേശങ്ങളും പിന്തുണയും നൽകി അദ്ദേഹം ഇക്കാലയളവിൽ നയിച്ചു. കുടുംബ കൂട്ടായ്മയുടെ ശക്തിയെപ്പറ്റി ഇടവകകളേയും രൂപതകളേയും ബോധ്യപ്പെടുത്താൻ ലഭിക്കുന്ന എല്ലാ അവസരങ്ങളും ഉപയോഗിക്കുകയും അടിയുറച്ച വിശ്വാസത്തിൽ നിന്നു ലഭിക്കുന്ന ഊർജ്ജമുപയോഗിച്ചു കുടുംബ കൂട്ടായ്മകൾ സാമൂഹ്യ രംഗത്ത് ഇടപെടേണ്ടതിന്റെ ആവശ്യകത സാധിക്കു അവസരങ്ങളിലെല്ലാം ഊന്നി പറയുകയും ചെയ്തിരുന്നു.

കുടുംബ കൂട്ടായ്മയെ ശൈശവദശയിൽ നിന്നും കേരളത്തിനു പുറത്തേയ്ക്കും രാജ്യത്തിനു പുറത്തേയ്ക്കും വ്യാപിപ്പിക്കാൻ അഭിവന്ദ്യ പിതാവ് കാണിച്ച ഉത്സാഹം കുടുംബ കൂട്ടായ്മ പ്രസ്ഥാനത്തിന് പുതിയ ഊർജ്ജം നൽകി. കുടുംബങ്ങൾ കൂടിച്ചേരുന്ന കുടുംബ കൂട്ടായ്മ സംവിധാനങ്ങൾ സഭയുടെ അടിസ്ഥാന ഘടകങ്ങളാണെന്ന ബോധ്യം വിശ്വാസികളിലെത്തിക്കാനും അത് സഭയുടെ യഥാർത്ഥ ചാലകശക്തികളാണെന്ന് ഭാരവാഹികളെ ഓർമ്മിപ്പിക്കാനും അഭിവന്ദ്യ പിതാവ് ജാഗ്രത കാണിക്കുകയുണ്ടായി. സീറോമലബാർ കുടുംബ കൂട്ടായ്മയെ സിനഡൽ കമ്മീഷനിൽ ഉൾപ്പെടുത്തിയതിലും സിനഡംഗീകരിച്ച പൊതുവായ നിയമാവലി പ്രസ്ഥാനത്തിനു വേണ്ടി തയ്യാറാക്കപ്പെട്ടതിലും അഭിവന്ദ്യ പിതാവിനു നിസ്തുലമായ പങ്കുണ്ട്.

## പ്രൊ ലൈഫ്

മനുഷ്യജീവന്റെ സംരക്ഷണം, മഹത്വം സഭാ വിശ്വാസികൾക്കും സമൂഹത്തിനും ബോധ്യം നൽകുകയെന്ന ലക്ഷ്യത്തോടെ ആലഞ്ചേരി പിതാവ് പ്രൊലൈഫ് അപ്പോസ്തലെറ്റിന് രൂപം നൽകി. പ്രൊലൈഫ് അപ്പോസ്തലെറ്റിന്റെ എല്ലാ ശുശ്രൂഷകളിലും പിതാവിന്റെ പ്രത്യേക ശ്രദ്ധയും കരുതലുമുണ്ടായിരുന്നു. ജീവസമൃദ്ധി എന്ന പേരിലുള്ള വലിയ കുടുംബങ്ങളെ ആദരിക്കുന്ന ബ്രഹത്തായ പദ്ധതി അദ്ദേഹം ഉദ്ഘാടനം ചെയ്തു. കാരുണ്യവർഷത്തിൽ പ്രൊ ലൈഫ് നടത്തിയ കാരുണ്യകേരള സന്ദേശ യാത്രയ്ക്കും അദ്ദേഹം വലിയ പിന്തുണ നൽകി.

ഭാരതത്തിൽ ആദ്യമായി പ്രൊലൈഫ് അപ്പോസ്തലെറ്റ് മൗണ്ട് സെന്റ് തോമസിൽ നടത്തിയ മൂക-ബധിരരുടെയും കാഴ്ചപരിമിതരുടെയും കൂട്ടായ്മയും വിശുദ്ധ കുർബാനയും നടന്നത് വലിയ പിതാവിന്റെ ആഗ്രഹപ്രകാരം ആയിരുന്നു. ക്രിസ്മസ്, ഈസ്റ്റർ സമയങ്ങളിൽ കിടപ്പ് രോഗികളെ വീടുകളിൽ പോയി കാണുന്ന പതിവ് പിതാവ് ഇപ്പോഴും തുടരുന്നു. വിവിധ അഗതി സംരക്ഷണസ്ഥാപനങ്ങളിൽ പോയി കാണുവാനും, കഴിയുന്ന സഹായങ്ങൾ ചെയ്യുവാനും പിതാവ് ശ്രദ്ധിക്കുന്നു.

രോഗികളും പ്രായമായവരും വീടുകളിൽ സുരക്ഷിതവും സുഖകരമായും സംരക്ഷിക്കപ്പെടണം എന്ന ആഗ്രഹത്തോടെ care@home എന്ന പദ്ധതി, കിടപ്പ് രോഗികളും അവരുടെ കുടുംബാങ്ങളും ഉൾപ്പെടെയുള്ള കൂട്ടായ്മകൾ, വിവിധ മതങ്ങളിലെ വ്യക്തികൾ ഉൾപ്പെടുന്ന പ്രൊലൈഫ് മുന്നേറ്റങ്ങൾ... ഇങ്ങനെ നിരവധി പദ്ധതികൾ ആവിഷ്കരിക്കുവാൻ പിതാവ് നിർദേശങ്ങൾ നൽകിയിട്ടുണ്ട്.

മേജർ ആർച്ചുബിഷപ്പ് സ്ഥാനത്തുനിന്നും സ്ഥാനത്യാഗം ചെയ്ത ശേഷം 2024 ജനുവരി 1ന് പിതാവ് വിശുദ്ധ കുർബാന അർപ്പിച്ചു സന്ദേശം നൽകിയത് പ്രൊ ലൈഫ് ശുശ്രൂഷകനായ ശ്രീ കുഞ്ഞുമോൻ പുന്നപ്രക്കുവേണ്ടിയായിരുന്നു. കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവിനെ പ്രൊ ലൈഫ് അപ്പോസ്തലേറ്റ് ഏറെ സ്നേഹത്തോടെ, ആദരവോടെ, അഭിമാനത്തോടെ, നന്ദിയോടെ ഓർക്കുന്നു.

## അൽമായഫോറം

സാമൂഹിക രാഷ്ട്രീയ രംഗത്ത് സത്യത്തിനും നീതിക്കുംവേണ്ടി നിലകൊള്ളാനും ഒരു തിരുത്തൽ ശക്തിയായി പ്രവർത്തിക്കാനും എങ്ങനെ അല്മായരെ ബോധവൽക്കരിക്കാം എന്നതായിരുന്നു മാർ ജോർജ് ആലഞ്ചേരി പിതാവിന്റെ അൽമായ ഫോറങ്ങളോടുള്ള സമീപനം. അല്മായ ശാക്തീകരണത്തിനും സഭാ ശുശ്രൂഷകളിലെ അല്മായ നേതൃത്വത്തിനും വലിയൊരു സാധ്യതയാണ് പിതാവ് തുറന്നുകൊടുത്തിരുന്നത്. എല്ലാ രൂപതകളിലും ഇടവക ശുശ്രൂഷാപ്രവർത്തനങ്ങളുമായി ബന്ധിപ്പിച്ചുകൊണ്ടുള്ള പങ്കാളിത്ത സംവിധാനങ്ങൾ വേണമെന്നതായിരുന്നു പിതാവിന്റെ ദർശനം.

സഭയിൽ അൽമായരുടെ കഴിവുകൾക്കും കാലത്തിന്റെ ആവശ്യങ്ങൾക്കും അനുസൃതമായി രക്ഷാകര ശുശ്രൂഷയിൽ തീക്ഷ്ണതാ പൂർവം പങ്കെടുക്കത്തക്കവിധമുള്ള സർവമാർഗങ്ങളും തുറന്നുതരാൻ ആലഞ്ചേരി പിതാവ് പരിശ്രമിച്ചു.

## മാതൃവേദി

രൂപതകളിൽ പ്രവർത്തിക്കുന്ന മാതൃജന പ്രസ്ഥാനങ്ങൾ ഒരുമിച്ച് ഒരു സംഘടനയായി പ്രവർത്തിച്ചാൽ കൂടുതൽ ശക്തവും, ദീപ്തവും ആകുമെന്ന യാഥാർത്ഥ്യം മനസ്സിലാക്കിയ ആലഞ്ചേരി പിതാവ് 2015 ജനുവരിയിൽ നടന്ന മെത്രാൻസിനഡിൽ ഈ ആശയം അവതരിപ്പിക്കുകയും, സിനഡ് അംഗീകാരം നൽകുകയും ചെയ്തു. അതിന്റെ വെളിച്ചത്തിൽ സീറോമലബാർ രൂപതകളിൽ പ്രവർത്തിക്കുന്ന മുഴുവൻ മാതൃ സംഘടനകളും സീറോമലബാർ മാതൃവേദി എന്ന പൊതുനാമത്തിൽ അറിയപ്പെട്ടു.

സീറോമലബാർസഭയിലെ മാതാക്കൾക്കെല്ലാം സഭയോട് ചേർന്ന് ചിന്തിക്കുവാനും പ്രവർത്തിക്കുവാനുള്ള ഉത്തമമായ ഒരു വേദിയായി സീറോമലബാർ മാതൃവേദി മാറ്റിയതിൽ അഭിവന്ദ്യ പിതാവിനോടുള്ള നന്ദിയും കടപ്പാടും അറിയിക്കുന്നു.

സ്ത്രീശാക്തീകരണം എന്ന ആശയം മുന്നിൽ വെച്ചുകൊണ്ട് സ്ത്രീകളുടെ പ്രവർത്തനങ്ങൾ കുടുംബത്തിലും സഭയിലും മാത്രം ഒതുങ്ങി നിൽക്കാതെ പൊതു സമൂഹത്തിലേക്കും അവർ ഇറങ്ങി പ്രവർത്തിക്കണം എന്നുള്ള മാർഗ്ഗനിർദേശം പിതാവ് എപ്പോഴും നൽകിയിരുന്നു. ഒരു കുടുംബത്തിലെ അപ്പന്റെ സ്നേഹത്തോടെ സീറോമലബാർ മാതൃവേദിയെ സ്നേഹിക്കുകയും, സഭയുടെ എല്ലാ പ്രവർത്തനങ്ങളിലും അർഹമായ സ്ഥാനം എപ്പോഴും മാതൃവേദിക്ക് പിതാവ് നകുകയും ചെയ്തിരുന്നു. ഇത്തരത്തിൽ കരുതലും, മാർഗ്ഗനിർദ്ദേശവും, പ്രോത്സാഹനവും നൽകി ഞങ്ങളെ മുന്നോട്ടു നയിച്ച പിതാവിന് സീറോമലബാർ മാതൃവേദിയുടെ നന്ദിയും, സ്നേഹവും.

## കുടുംബ പ്രേഷിതത്വം

സീറോമലബാർസഭയുടെ തലവനും പിതാവുമായ ആലഞ്ചേരി പിതാവ് ഫാമിലി അപ്പോസ്തലേറ്റിന്റെ വളർച്ചയ്ക്കു ചെയ്ത സേവനങ്ങൾ ഏറെയാണ്. കാലാനുസൃതമായി വിവാഹ ഒരുക്ക ധ്യാനത്തിന്റെ സിലബസ്സിൽ മാറ്റം വരുത്തുവാനും കൂടുതൽ കാര്യക്ഷമമായി വിവാഹ ഒരുക്ക ധ്യാനങ്ങൾ നടത്തുവാനും പിതാവ് കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിരുന്നു.

എല്ലാവരെയും കേൾക്കുവാനും തുറന്ന് സംസാരിക്കുവാനും പിതാവ് ഏറെ ശ്രദ്ധിച്ചിരുന്നു. അങ്ങനെ ഫാമിലി അപ്പോസ്തലേറ്റിന്റെ പ്രോഗ്രാമുകൾ കൂടുതൽ സജീവമാക്കുന്നതിലും കർദിനാൾ പിതാവ് ഏറെ ഉത്സുകനായിരുന്നു.

# ചേർത്ത് പിടിക്കുകയും ചേർന്ന് നടക്കുകയും ചെയ്ത പിതാവ്



ഡോ. കൊച്ചുറാണി ജോസഫ്
സീറോമലബാർ സഭാ വക്താവ്

സീറോമലബാർസഭയുടെ ആഗോള ഭൂമികയിൽ അല്മായരെ എന്നും സഭാഗാത്രത്തോടു ചേർത്തുപിടിക്കാനും അവരെ സഭയോട് ചേർന്ന് നടക്കാൻ പരിശീലിപ്പിക്കുന്നതിലും ഏറെ ശ്രദ്ധചെലുത്തിയ പിതാവിനെയാണ് എന്റെ കഴിഞ്ഞ മൂന്ന് പതിറ്റാണ്ടിലേറെ പിതാവിനോടൊത്തുള്ള സഭാജീവിതാനുഭവത്തിൽനിന്ന് നേരിട്ട് മനസ്സിലാക്കാനായത്. സിനഡാലിറ്റി എന്നത് സവിശേഷമായ ഒരർത്ഥത്തിൽ ഈ ചേർത്തുപിടിക്കലും ചേർന്നുനടക്കലും ആണല്ലോ. വലിയ ഉത്സാഹത്തോടെ ഓടിനടന്നു പ്രവർത്തിക്കുന്ന പി.ഒ.സി.യിലെ യുവത്വമുള്ള ആലഞ്ചേരി അച്ചൻ എനിക്കെന്നതുപോലെ അനേകർക്ക് അന്ന് ആവേശമായിരുന്നു. പിന്നീട് കർദിനാൾ മാർ വർക്കി വിതയത്തിൽ പിതാവിന്റെ കാലത്ത് സെൻട്രൽ ലിറ്റർജിക്കൽ കമ്മിറ്റിയിലും ആദ്യത്തെ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയുടെ ഭാഗമായും പ്രവർത്തിച്ചപ്പോഴാണ് ആലഞ്ചേരി പിതാവിനെ കൂടുതൽ അടുത്ത് മനസ്സിലാക്കുവാൻ ഇടയായത്.

പിതാവിന് ഓരോരുത്തരോടും അവരുടെ കുടുംബത്തോടുള്ള വാത്സല്യം വ്യക്തിപരമായി അനുഭവപ്പെട്ടത് എന്റെ മകളുടെ വിവാഹസമയത്തായിരുന്നു. ഒരിക്കൽ കൂരിയായിൽ നടന്ന മീറ്റിങ്ങിനിടയിൽ എന്തൊക്കെയുണ്ട് വിശേഷം? എന്ന് എന്നോട് ചോദിച്ചപ്പോൾ മകൾക്ക് ഒരു കല്യാണ ആലോചന ശരിയായിട്ടുണ്ട്. നവംബറിൽ നടത്തിയാലോ എന്ന് ആലോചിക്കുന്നുവെന്ന് ഞാൻ മറുപടി പറഞ്ഞു. പെട്ടെന്ന് തന്നെ പിതാവ് ഡയറിയെടുത്ത് നോക്കിയിട്ട് പറഞ്ഞു പത്താം തീയതി എറണാകുളം ബസിലിക്ക ദേവാലയത്തിൽ ഒരു മാമോദിസ ഏറ്റിട്ടുണ്ട്. എന്നോടൊപ്പം പി.ഒ.സി.ൽ സ്റ്റാഫ് ആയിരുന്ന വ്യക്തിയുടെ പേരക്കിടാവിന്റെതാണ് മാമോദിസ. അത് പത്തരയ്ക്കാണ്, നമുക്ക് ഇത് പതിനൊന്ന് മണിക്ക് വച്ചാലോ? പെട്ടെന്ന് തന്നെ തിയതിയും സമയവും തീരുമാനമായി. ''ഇങ്ങനെ സമയവും കഴിവുകളും പണവും സഭയ്ക്കുവേണ്ടി ചെയ്യുന്നതുകൊണ്ട് എന്താണ് പ്രയോജനം'' എന്ന് ചോദിച്ചുകൊണ്ടും ഇവരോടൊന്നും അടുക്കരുതെന്ന് ഉപദേശിച്ചും സഭയിലുള്ള എൻറെ പ്രവർത്തനത്തെ എപ്പോഴും നിഷേധാത്മകമായി വിമർശിച്ചിരുന്ന ഒരു സഹഅധ്യാപകൻ ''ടീച്ചറിന് ഇതിൽ കൂടുതൽ എന്ത് ധന്യതയാണ് കിട്ടേണ്ടത്'' എന്ന് ആ ദേവാലയത്തിൽവച്ച് അറിയാതെ പറഞ്ഞുപോയത് ഓർക്കുന്നു. അങ്ങോട്ട് ചോദിക്കാതെ തന്നെ ആവശ്യങ്ങളെ മനസ്സിലാക്കി അതനുസരിച്ച് ക്രമപ്പെടുത്തിതരുന്ന പിതൃസഹജമായ വാത്സല്യവും കരുതലും സമാനമായ രീതിയിൽ അനുഭവിച്ച നിരവധി അല്മായരെ കണ്ടിട്ടുണ്ട്.

> സകല കൃപാവരങ്ങളും നന്മകളും നിറഞ്ഞ് മുടി ചൂടി നിൽക്കുന്ന സീറോമലബാർസഭ ഇന്ന് ഓൾ ഇന്ത്യ ജൂറിസ്ഡിക്ഷനിലേക്കും ആഗോളസഭയായും ഉയർത്തുന്നതിൽ സ്വന്തം ആരോഗ്യവും ബുദ്ധിമുട്ടുകളും മറന്ന് യാത്ര ചെയ്യുന്ന ആലഞ്ചേരി പിതാവിനെ അത്ഭുതത്തോടെ പലപ്പോഴും നോക്കിനിന്നിട്ടുണ്ട്.

എഫ്.എ.ബി.സി.യുടെ ബാങ്കോക്കിലുള്ള പാസ്റ്ററൽ സെൻററിൽ വച്ച് നടന്ന ഏഷ്യൻ സിനഡൽ അസംബ്ലിയിൽ പിതാവിനോടൊപ്പം പങ്കെടുക്കാൻ സാധിച്ചത് അഭിമാനത്തോടെ ഓർക്കുന്നു. ഏഷ്യയിലെ സഭയുടെ ധന്യതയും ഇനിയും സംഭവിക്കേണ്ട നന്മകളും വിലയിരുത്തപ്പെട്ട ആ മീറ്റിംഗ് വലിയ പിതാവിനെ ഏഷ്യൻ സഭ എത്രത്തോളം ബഹുമാനിക്കുന്നു എന്ന് അടുത്തറിയാൻ ഉപകരിച്ചു. ആ സമ്മേളനത്തിൽ സഭയുടെ ശബ്ദമാകാൻ അവസരം നൽകിയ പിതാവിനെ നന്ദിയോടെ സ്മരിക്കുന്നു.

സകല കൃപാവരങ്ങളും നന്മകളും നിറഞ്ഞ് മുടിചൂടി നിൽക്കുന്ന സീറോമലബാർസഭ ഇന്ന് ഓൾ ഇന്ത്യ ജൂറിസ്ഡിക്ക്ഷനിലേക്കും ആഗോളസഭയായും ഉയർത്തുന്നതിൽ സ്വന്തം ആരോഗ്യവും ബുദ്ധിമുട്ടുകളും മറന്ന് യാത്ര ചെയ്യുന്ന പിതാവിനെ അത്ഭുതത്തോടെ പലപ്പോഴും നോക്കിനിന്നിട്ടുണ്ട്. ''ലോകമെമ്പാടുമുള്ള നമ്മുടെ മക്കൾ'' എന്ന പദപ്രയോഗം പലപ്പോഴും പിതാവ് ആവർത്തിച്ച് പറയുന്നത് ശ്രദ്ധിച്ചിട്ടുണ്ട്. ചെറുതും വലുതുമായ ഏതൊരു അവസരത്തിലും സഭാമക്കൾക്ക് കൃത്യമായ മതബോധനം നൽകുന്നതിൽ ഉൽസാഹിയായ പിതാവ് ഇനിയും ആ ശുശ്രൂഷയിൽ ഏർപ്പെടുമെന്നും അതുവഴി സഭാമക്കൾ അനുഗ്രഹിക്കപ്പെടുമെന്നും നമുക്ക് പ്രത്യാശിക്കാം.

# സീറോമലബാർ ഇന്റർനെറ്റ് മിഷനും ആലഞ്ചേരി പിതാവും



ഫാ. സെബി കൊളങ്ങര
എക്സിക്യൂട്ടീവ് ഡയറക്ടർ,
സീറോമലബാർ ഇന്റർനെറ്റ് മിഷൻ

ഒരു പതിറ്റാണ്ടിലധികം സീറോമലബാർസഭയെ ധീരമായി നയിച്ച കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവ് സഭയുടെ സമസ്തമേഖലകളിലും നല്കിയത് സ്തുത്യർഹമായ സേവനങ്ങളായിരുന്നു. കാലത്തിന്റെ ചുമരിൽ നിന്ന് അവയൊരിക്കലും തുടച്ചുനീക്കാനുമാവില്ല. അത്തരം മഹത്തായ സേവനപ്പട്ടികയിൽ ഒരിക്കലും വിസ്മരിക്കാൻ കഴിയാത്ത ഒരു മേഖലയായിരുന്നു സീറോമലബാർ ഇന്റർനെറ്റ് മിഷൻ. ആലഞ്ചേരി പിതാവിന്റെ കാലത്താണ് ഇന്റർനെറ്റ് മിഷൻ ഇന്നു കാണുന്ന വിധത്തിൽ ഏറ്റവും ക്രിയാത്മകവും കാലോചിതവുമായ രൂപഭാവങ്ങൾ കൈവരിച്ചതും വിവിധ പദ്ധതികൾ അതിന്റെ കീഴിൽ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയതും.

കാലഘട്ടം മാറുന്നതിനനുസരിച്ച് സുവിശേഷപ്രഘോഷണ മേഖലയും സഭാംഗങ്ങളുടെ ആത്മീയഭൗതികജീവിതസാഹചര്യങ്ങളും പുതിയ രൂപഭാവങ്ങൾ സ്വീകരിക്കുകയും നവീകരിക്കപ്പെടുകയും ചെയ്യേണ്ടതുണ്ടെന്ന് ക്രാന്തദർശിയായ മാർ ജോർജ് ആലഞ്ചേരി കൃത്യമായി മനസ്സിലാക്കിയിരുന്നു.



സീറോമലബാർസഭാ വിശ്വാസികൾക്ക് സഭയെക്കുറിച്ചും സഭയുടെ പ്രവർത്തനങ്ങളെക്കുറിച്ചും മനസ്സിലാക്കാൻ സഹായകരമായ വിധത്തിൽ രൂപതകൾക്കും സന്യാസസമൂഹങ്ങൾക്കും സഭാസ്ഥാപനങ്ങൾക്കുമായി നവീന രീതിയിൽ വെബ്സൈറ്റുകളും, സോഫ്റ്റ്വെയറുകളും നിർമ്മിച്ചതും സീറോമലബാർസഭയുടെ പരിഷ്ക്കരിച്ച വെബ്സൈറ്റ് നിലവിൽ വന്നതും ആലഞ്ചേരി പിതാവിന്റെ കാലത്തായിരുന്നു.

ഇതിന് പുറമെ സീറോമലബാർ സഭാംഗങ്ങളായ യുവതീയുവാക്കൾക്ക് അനുയോജ്യരായ ജീവിതപങ്കാളികളെ കണ്ടെത്താൻ സഹായിക്കുന്ന നവീകരിച്ച മാട്രിമണി വെബ്സൈറ്റ്, സഭയുടെ ഡോക്ട്രിനൽ കമ്മീഷന്റെ സഹകരണത്തോടെ മാസം തോറും പ്രസിദ്ധീകരിക്കുന്ന ദൈവശാസ്ത്രപരമായ പ്രബോധനങ്ങൾ വിഷയമാകുന്ന "The Light," ധ്യാനത്തിനും പ്രാർത്ഥനയ്ക്കും സഹായകരമായ വിധത്തിൽ അനുദിന ബൈബിൾ വാക്യങ്ങളുടെ വ്യാഖ്യാനങ്ങൾ നല്കുന്ന “The Way” എന്നിങ്ങനെ മാധ്യമങ്ങളിലൂടെയുള്ള സുവിശേഷപ്രഘോഷണത്തിന്റെ പുതിയ വാതായനങ്ങൾ നമ്മുടെ സഭയ്ക്ക് ലഭിച്ചത് ആലഞ്ചേരി പിതാവിന്റെ കാലത്തായിരുന്നു. സീറോമലബാർ ഇന്റർനെറ്റ് മിഷന്റെ ഇതുവരെയുള്ള വളർച്ചയ്ക്കും നാളേയ്ക്കുള്ള സ്വപ്നങ്ങൾക്കും വലിയൊരു മുതൽക്കൂട്ടായിമാറിയതിന് പിന്നിൽ ആലഞ്ചേരി പിതാവിൽ നിന്ന് ലഭിച്ച മാർഗ്ഗനിർദ്ദേശങ്ങളും മതിയായ പിന്തുണയും പ്രോത്സാഹനവും ആവോളമുണ്ടായിരുന്നു.

ഇക്കാലമത്രയും ഇന്റർനെറ്റ് മിഷന് പിതാവ് നൽകിയ സംഭാവനകളെ സ്നേഹത്തോടെ ഓർമ്മിക്കുകയും ഹൃദയപൂർവ്വം നന്ദി അർപ്പിക്കുകയും ചെയ്യുന്നു.

# പ്രേഷിതനും സുവിശേഷകനുമായ ആലഞ്ചേരി പിതാവ്



**ഫാ. സിജു അഴകത്ത് MST**
സെക്രട്ടറി, സീറോമലബാർ മിഷൻ, പ്രവാസികളുടെ അജപാലനം & ദളിത് വികാസ് സൊസൈറ്റി

## സുവിശേഷവത്കരണത്തിനും പ്രവാസികളുടെ അജപാലന ശുശ്രൂഷക്കുമായുള്ള കമ്മീഷൻ

**സുവിശേഷവത്കരണം:** മിഷനെ അറിയുകയും മിഷനെ സ്നേഹിക്കുകയും മിഷനറിയായി പ്രേഷിതമേഖലകളിൽ ഏറെക്കാലം സേവനമനുഷ്ഠിക്കുകയും ചെയ്ത കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവ് സീറോമലബാർസഭയുടെ പിതാവും തലവനുമായി സേവനമനുഷ്ഠിച്ച പന്ത്രണ്ടു വർഷക്കാലം (2011–2023) ഈ സഭയുടെ പ്രേഷിത പ്രവർത്തനങ്ങളുടെ പുരോഗതിക്കായി നൽകിയ സംഭാവനകൾ നിസ്തുലമാണ്. തമിഴ്നാട്ടിലെ ആദ്യ പ്രേഷിത രൂപതയായ തക്കല രൂപതയുടെ പ്രഥമ മെത്രാനായി ഒന്നര പതിറ്റാണ്ടോളം (1998–2011) ശുശ്രൂഷയർപ്പിച്ച പിതാവിന് സീറോമലബാർസഭയുടെ മേജർ ആർച്ച് ബിഷപ്പ് എന്ന നിലയിൽ സഭയുടെ വിവിധങ്ങളായ പ്രേഷിത മേഖലകളെയും സംസ്കാരങ്ങളെയും ഭാഷകളെയും അടുത്തറിയാനും പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാനും പ്രേഷിത ശുശ്രൂഷയിലിലേർപ്പെട്ടിരിക്കുന്നവരെ മനസ്സിലാക്കാനും സ്നേഹിക്കാനും പ്രേഷിത ചൈതന്യം പകർന്നു നൽകാനും സാധിച്ചു.

സീറോമലബാർസഭയുടെ പിതാവും തലവനുമായി തിരഞ്ഞെടുക്കപ്പെട്ട മാർ ജോർജ് ആലഞ്ചേരി പിതാവ്, തന്റെ പ്രേഷിതാനുഭവവും തീക്ഷ്ണതയും സഭയുടെ സമസ്ത മേഖലകളിലും ശുശ്രൂഷകളിലും പകർന്നുനല്കുന്നതിൽ ഏറെ ശ്രദ്ധ ചെലുത്തി. സീറോമലബാർസഭയുടെ ആദ്യ പ്രേഷിത രൂപതയായ ചാന്ദരൂപതയുടെ സ്ഥാപനത്തിന്റെ സുവർണ ജൂബിലീവർഷത്തെ, 2011–12 പ്രേഷിതവർഷമായി സഭയിൽ പ്രഖ്യാപിച്ചതും സമുചിതമായി ആചരിച്ചതും സഭയിലാകമാനം പ്രേഷിത ചൈതന്യം ജ്വലിപ്പിക്കുന്നതിന് ഏറെ ഉപകരിച്ചു. ആ തീക്ഷ്ണത തുടർന്നു പോകത്തക്കവിധം സഭാ സംവിധാനങ്ങളിൽ പുതിയ ഓഫീസുകളും അൽമായ പ്രേഷിതർക്കിടയിൽ ധാരാളം പ്രേഷിത മുന്നേറ്റങ്ങളും രൂപംകൊള്ളുകയും അവ ഇന്നും സജീവമായി പ്രവർത്തിക്കുകയും ചെയ്യുന്നു. കേരളത്തിലുള്ള രൂപതകളെ മിഷൻ പ്രദേശങ്ങൾ ഏറ്റെടുക്കാൻ പിതാവ് പ്രോത്സാഹിപ്പിച്ചതും വൈദികർക്കും സന്യസ്തർക്കും അല്മയർക്കും പ്രേഷിത രൂപീകരണത്തിനായി പദ്ധതികളും സംരംഭങ്ങളും രൂപകൽപന ചെയ്തതും പ്രേഷിത മേഖലയിൽ ഏറെ പ്രയോജനപ്പെട്ടിട്ടുണ്ട്.

> മാർ ജോർജ് ആലഞ്ചേരി പിതാവ് തന്റെ പ്രേഷിതാനുഭവവും തീക്ഷ്ണതയും സഭയുടെ സമസ്ത മേഖലകളിലും ശുശ്രൂഷകളിലും പകർന്നുനല്കുന്നതിൽ ഏറെ ശ്രദ്ധ ചെലുത്തി.

**പ്രവാസികളുടെ അജപാലന ശുശ്രൂഷ:** ഭാരതത്തിനു അകത്തും പുറത്തുമായി ചിതറിക്കിടക്കുന്ന സീറോമലബാർ വിശ്വാസികളുടെ അജപാലനപരവും പ്രേഷിതപരമായ സേവനത്തിന് മാർ ജോർജ് ആലഞ്ചേരി പിതാവിന്റെ നേതൃത്വത്തിൽ സീറോമലബാർ സിനഡ് നടത്തിയ പരിശ്രമങ്ങളുടെ ഫലമായാണ് ഭാരതം മുഴുവൻ സുവിശേഷവൽക്കരണത്തിനും പ്രവാസി ശുശ്രൂഷക്കും അവസരം ലഭിക്കുന്ന രീതിയിൽ ഷംഷാബാദ് രൂപതയും ഹൊസൂർ രൂപതയും 2017ൽ സ്ഥാപിതമാവുന്നത്. ഭാരതത്തിനുപുറത്തുള്ള സീറോമലബാർ പ്രവാസികളുടെ ശുശ്രൂഷക്കായി ഓസ്ട്രേലിയയിൽ മെൽബൺ രൂപതയും (2013), ഗ്രേറ്റ് ബ്രിട്ടൻ രൂപതയും (2016), കാനഡയിൽ മിസ്സിസൗഗ രൂപതയും (2015) യൂറോപ്പിൽ അപ്പസ്തോലിക വിസിറ്റേഷനും സ്ഥാപിതമായി. നമ്മുടെ സഭയിലെ പ്രവാസികളുടെ സാന്നിധ്യമുള്ള സിങ്കപ്പൂർ, സൗത്ത് ആഫ്രിക്ക, ബോട്സ്വാന തുടങ്ങിയ രാജ്യങ്ങളിൽ വൈദികരുടെ സേവനം ലഭ്യമാക്കിയിട്ടുമുണ്ട്. ഗൾഫ് മേഖലയിലെ സീറോമലബാർ വിശ്വാസികളായ പ്രവാസികളുടെ അജപാലന സംവിധാനത്തിനായുള്ള പ്രക്രിയ ഏറെക്കുറെ പൂർത്തിയായിക്കഴിഞ്ഞു.







## മിഷൻ ഫണ്ട് ഓഫീസ്

പ്രേഷിത പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും സഭയിലെ ഓരോ അംഗത്തെയും പ്രേഷിത സഹകാരിയാക്കുന്നതിനും മാർ ജോർജ് ആലഞ്ചേരി പിതാവിന്റെ നേതൃത്വത്തിൽ സീറോമലബാർ സിനഡിനാൽ 2011ൽ സ്ഥാപിതമായ ഓഫീസാണ് 'സീറോമലബാർ മിഷൻ ഫണ്ട് ഓഫിസ്' (SyMM). പന്ത്രണ്ടിലേറെ മിഷൻ സപ്പോർട്ട് പ്രോഗ്രാമുകൾ സജീവമായി പ്രവർത്തിക്കുന്നുണ്ട്. 2015 മുതൽ എല്ലാവർഷവും ജനുവരി ആറുമുതൽ ആചരിക്കപ്പെടുന്ന 'പ്രേഷിതവാരം' സഭാമക്കളിൽ പ്രേഷിത ചൈതന്യം പകരുന്നതിനും അവരെ പ്രേഷിതസഹകാരികളാക്കുന്നതിനും പ്രേഷിത പ്രവർത്തങ്ങൾക്കായി സാമ്പത്തിക സഹായങ്ങൾ സ്വരൂപിക്കുന്നതിനുമായി രൂപകൽപന ചെയ്തിട്ടുള്ളതാണ്. സീറോമലബാർസഭയുടെ കേരളത്തിനുപുറത്തുള്ള എല്ലാ പ്രേഷിത മേഖലകളിലും ഈ ഓഫീസിന്റെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

## ദളിത് വികാസ് സൊസൈറ്റി

സീറോമലബാർസഭയിലെ ദളിത് സമൂഹാംഗങ്ങളുടെ ഉന്നമനത്തിനായി 2017ൽ സീറോമലബാർ സിനഡിനാൽ സ്ഥാപിതമായ ഓഫീസാണ് സീറോമലബാർ ദളിത് വികാസ് സൊസൈറ്റി. കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവിന്റെ രക്ഷകർതൃത്വത്തിലും മാർ ഗ്രിഗറി കരോട്ടെമ്പ്രേൽ CMI പിതാവിന്റെ ഉപരക്ഷകർതൃത്വത്തിലുമാണ് ഈ ഓഫീസ് വിഭാവനം ചെയ്യപ്പെട്ടത്. ഹയർ സെക്കണ്ടറി പഠനം പൂർത്തിയാക്കിയ ശേഷം പ്രൊഫഷണൽ കോഴ്സ് ചെയ്യുന്ന സീറോമലബാർ ദളിത് വിദ്യാർഥികൾക്ക് ഈ ഓഫീസിൽ നിന്നും സ്കോളർഷിപ് നൽകുന്നു. ഈ ഓഫീസിതുവരെ 653 സ്കോളർഷിപ്പുകൾക്കായി ഒരു കോടിയിലധികം തുക വിവിധ അഭ്യുദയകാംക്ഷികളിൽനിന്നും സമാഹരിച്ചു വിതരണം ചെയ്തിട്ടുണ്ട്. നൂറിലധികം ഗുണഭോക്താക്കൾ പഠനം പൂർത്തിയാക്കി ജോലിയിൽ പ്രവേശിക്കുകയും ബാക്കിയുള്ളവർ പഠനം തുടരുകയും ചെയ്യുന്നു.

# സന്യസ്തരെ സഭാഗാത്രത്തോട് ചേർത്തുനിർത്തിയ വലിയപിതാവ്



**ഫാ. സെബാസ്റ്റ്യൻ മുട്ടംതൊട്ടിൽ**
സമർപ്പിത – അപ്പസ്തോലിക സമൂഹങ്ങൾക്കായുള്ള കമ്മീഷൻ സെക്രട്ടറി

അഭിവന്ദ്യ കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി പിതാവ് സീറോമലബാർസഭയുടെ പിതാവും തലവനുമായുള്ള തന്റെ നേതൃത്വശുശ്രൂഷയിൽ നിന്നും വിരമിച്ച ഈ അവസരത്തിൽ സമർപ്പിത സമൂഹങ്ങൾക്കും അപ്പസ്തോലിക സമൂഹങ്ങൾക്കും വേണ്ടിയുള്ള സീറോമലബാർസഭയുടെ കമ്മീഷൻ സെക്രട്ടറിയെന്ന നിലയിൽ അഭിവന്ദ്യ പിതാവിനെ ഏറെ നന്ദിയോടെയാണ് ഓർക്കാനാകുക. സമർപ്പിതരെ എന്നും ഹൃദയത്തോട് ചേർത്ത് നിർത്തുന്ന വ്യക്തിത്വത്തിനുടമയാണ് അഭിവന്ദ്യ വലിയപിതാവ്. സഭയുടെ കേന്ദ്ര കാര്യാലയമായ മൗണ്ട് സെന്റ് തോമസ് സന്ദർശിക്കുന്ന ഏവർക്കും അനുഭവമുള്ള കാര്യമാണത്. സമർപ്പിതരുടെ ശുശ്രൂഷകളെ എന്നും വിലമതിക്കുകയും അവരെ എല്ലാ വിധത്തിലും പ്രോത്സാഹിപ്പിക്കുകയും സഭാഗാത്രത്തോട് ചേർത്തുനിർത്തുകയും ചെയ്തുകൊണ്ട് പിതാവും തലവനുമെന്ന തന്റെ ശുശ്രൂഷ വളരെ പ്രശംസനീയമായ രീതിയിൽ ദൈവഹിതാനുസൃതം നിർവ്വഹിച്ച ഇടയശ്രേഷ്ഠൻ അതായിരുന്നു അഭിവന്ദ്യ വലിയ പിതാവ്. സഭയുടെ കേന്ദ്രകാര്യാലയം എല്ലാവരുടെയും ഭവനമാണെന്ന് ആവർത്തിച്ച് പറയുകയും എല്ലാവരെയും അവിടേക്ക് സ്വാഗതം ചെയ്യുകയും, വരുന്ന എല്ലാവർക്കും അത് അനുഭവവേദ്യമാക്കിക്കൊടുക്കുകയും ചെയ്തുകൊണ്ട് തന്റെ പിതാവിനടുത്ത ശുശ്രൂഷ നിർവ്വഹിച്ച വ്യക്തിത്വം.

മേജർ സുപ്പീരിയേഴ്സിന്റെ സമ്മേളനങ്ങളുടെ സമയത്തും, പുതുതായി നേതൃത്വശുശ്രൂഷ ഏറ്റെടുക്കുന്ന സമൂഹാധികാരികൾ മൗണ്ട് സെന്റ് തോമസ് സന്ദർശിക്കുന്ന സമയത്തും അവരെ ഹൃദ്യമായി സ്വീകരിക്കുകയും പിതൃവാത്സല്യം നൽകുകയും ചെയ്യുന്നത് മനസ്സിൽ എക്കാലവും നിറഞ്ഞുനിൽക്കുന്ന ഓർമ്മകളാണ്. സമർപ്പിതരുടെ കാര്യങ്ങളിലും വളരെ താൽപ്പര്യത്തോടെ ഇടപെട്ടിരുന്ന അഭിവന്ദ്യ വലിയ പിതാവ്, സുവിശേഷ ചൈതന്യം ലോകത്തെ അറിയിക്കാൻ കടപ്പെട്ടവരായ സമർപ്പിതർ തങ്ങൾക്കുള്ള പകരം വയ്ക്കാനാവാത്ത ദൗത്യത്തിന്റെ നിർവ്വഹണത്തിലൂടെ തിരുസഭാഗാത്രത്തെ പടുത്തുയർത്തുന്നവരാണ് എന്ന അവബോധം എല്ലാ സമർപ്പിതരിലേക്കും പകർന്നു നൽകുകയും, തിരുസഭയിലല്ലാതെ സമർപ്പിത ജീവിതത്തിന് അസ്തിത്വമില്ലെന്നും സഭയോട് ചേർന്നല്ലാതെ സമർപ്പിത ജീവിതത്തിന് പ്രസക്തിയില്ലെന്നും സമർപ്പിത സമൂഹാംഗങ്ങളെയും സാമൂഹാധികാരികളെയും നിരന്തരം ഓർമ്മപ്പെടുത്തുകയും ചെയ്യുമായിരുന്നു. അഭിവന്ദ്യ പിതാവിന്റെ തുടർന്നുള്ള പ്രാർത്ഥനകൾ സമർപ്പിത സമൂഹങ്ങളെ ശക്തിപ്പെടുത്തും എന്ന് ഉറപ്പുണ്ട്.

ഞങ്ങളുടെ വലിയ ഇടയനായി, വത്സല പിതാവായി, സഭാതലവനായി ഞങ്ങളെ നയിച്ച, ഞങ്ങളുടെ കൂടെ സഞ്ചരിച്ച, ഞങ്ങളെ പ്രോത്സാഹിപ്പിച്ച, ഞങ്ങളെ വഴിനടത്തിയ വലിയ പിതാവേ, ഒത്തിരി സ്നേഹത്തോടും പ്രാർത്ഥനയോടുംകൂടെ നന്ദി .

# നേർവഴികളിലൂടെ മാത്രം സഞ്ചരിച്ച ശ്രേഷ്ഠപിതാവ്



**ടോണി ചിറ്റിലപ്പിള്ളി**
അല്മായ ഫോറം സെക്രട്ടറി

തക്കല എന്ന തമിഴ് ഗ്രാമത്തിന്റെ പൊടിയിൽ നിന്നും ജീവിതത്തിന്റെ പുതിയ കാലഘട്ടത്തിലേക്ക് ഉയർത്തപ്പെട്ട അഭിവന്ദ്യ ആലഞ്ചേരി പിതാവ് വെറും പന്ത്രണ്ടു വർഷങ്ങൾ കൊണ്ട് സീറോ മലബാർ സഭയെ ഏറ്റവും പ്രബലമായ ക്രൈസ്തവവിശ്വാസ സമൂഹമായി രൂപപ്പെടുത്തി. സഭയിലെ ഏറ്റവും ഉന്നതമായ സ്ഥാനം വഹിക്കുമ്പോൾ, തന്നെ ഇഷ്ടപ്പെടാത്തവരെയും തന്നെ അനുഗമിക്കാത്തവരെയും ഒഴിവാക്കാതെ ആരോടും വിദ്വേഷം പ്രകടിപ്പിക്കാതെ എല്ലാവരെയും ചേർത്ത് നിറുത്തി മുന്നോട്ട് പോയ വ്യക്തിത്വമാണ്.

മറ്റുള്ളവരോടുള്ള കരുതൽ, സ്നേഹം, മര്യാദ, ആദരവ്, തുറവി എന്നീ മൂല്യങ്ങളാണ് ഞാൻ ആലഞ്ചേരി പിതാവിൽ കാണുന്നത്. സൗമ്യതയും, മൃദുലതയും, കുലീനത്വവും നിറഞ്ഞ പെരുമാറ്റം മറ്റുള്ള സഭാപിതാക്കന്മാരിൽ നിന്നും അദ്ദേഹത്തെ വേറിട്ട് നിർത്തുന്നു. തന്റെ നിറഞ്ഞ ചിരിയിലൂടെ ഗഹനങ്ങളായ വിഷയങ്ങളെ ലളിതമാക്കാനും, തന്റെ സ്വസിദ്ധമായ നർമ്മങ്ങളിലൂടെ മറ്റുള്ളവരെ നിരായുധരാക്കാനും, അവരുടെ ആശയങ്ങളുടെ പൊള്ളത്തരം വെളിച്ചത്തു കൊണ്ടുവരാനും അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. ലാളിത്യവും അധികാര ഗർവ്വില്ലാത്ത പെരുമാറ്റവും വഴി ആഗോള തലത്തിൽ തന്നെ ജാതിമത ഭേദമന്യേയുള്ള ജനങ്ങളുടെ സ്നേഹവും പ്രീതിയും ആദരവും നേടിയെടുക്കാൻ ആലഞ്ചേരി പിതാവിന് കഴിഞ്ഞു.

സ്വന്തമായി ഒന്നും സൂക്ഷിച്ചു വയ്ക്കാതെ, തന്റെ അടുക്കൽ വരുന്ന ജീവിത പ്രശ്നങ്ങളിൽ ഉഴലുന്ന അനേകായിരങ്ങളെ പിതാവ് സഹായിച്ചിട്ടുണ്ട്. ഒന്നിനും കണക്കു പറയാതെ, തനിക്കു ലഭിക്കുന്ന വിലയേറിയ സമ്മാനങ്ങൾ അടുത്ത് വരുന്ന സന്ദർശകന് കൈമാറുന്ന പ്രകൃതമായിരുന്നു. അദ്ദേഹത്തിൽ നിന്നും സഹായം ലഭിച്ച് സന്തോഷ കണ്ണീരോടെ മടങ്ങിയ നിരവധി പേരെ വ്യക്തിപരമായി അറിയാം. ഈശോമിശിഹായെ തന്റെ സ്നേഹത്തിലൂടെയും ജീവിതത്തിലൂടെയും ഹൃദയത്തിലൂടെയും ലോകത്തിന് വെളിപ്പെടുത്തിക്കൊടുത്ത നിർമ്മലനായ പിതാവാണ് മാർ ആലഞ്ചേരി. ആലഞ്ചേരി പിതാവിനെ കാണുവാനുള്ള അനുമതി ആർക്കും നിഷേധിച്ചിട്ടില്ല. എല്ലാവർക്കും സംലഭ്യനായിരുന്നു പിതാവ്. എല്ലാ ഫോൺ വിളികൾക്കും മറുപടി നൽകി. അദ്ദേഹത്തിന്റെ നയം പ്രോത്സാഹനവും മറ്റുള്ളവരുടെ അഭിവൃദ്ധിയുമായിരുന്നു.

ലോകത്ത് ഒരാളെ അടയാളപ്പെടുത്തുവാനായി ഒന്നും തന്നെയില്ലെങ്കിൽ ആ വ്യക്തി അവശേഷിപ്പിച്ചുപോയ മാറ്റങ്ങൾ ഒരടയാളമായി അവശേഷിക്കും. സീറോമലബാർസഭയിലെ എന്നെ പോലൊരു ശരാശരി വിശ്വാസിക്ക് ഭാഷയുടെയും ഭൂമിയുടെയും വിശ്വാസത്തിന്റെയും അതിരുകൾക്കപ്പുറം വിശാലമായി ചിന്തിക്കാനും ആത്മീയതയിലേക്ക് കൈപിടിച്ച് എത്തുവാനും കഴിഞ്ഞത് യാദൃച്ഛികതയോ ഭാഗ്യമോ മൂലമല്ല, മറിച്ച് ചതഞ്ഞ ഞാങ്ങണ ഒടിക്കാതെയും, പുകയുന്ന തിരി കെടുത്താതെയും ഋഷിതുല്യമായ സൗമ്യതയോടെ സ്നേഹവും, മനുഷ്യത്വവും കൊണ്ട് ജീവിതത്തിന്റെ നേർവഴികളിലൂടെ സഞ്ചരിക്കാൻ മനുഷ്യരെ പ്രേരിപ്പിക്കുന്ന ഇടയനായ കർദിനാൾ മാർ ജോർജ് ആലഞ്ചേരിയെന്ന താപസശ്രേഷ്ഠൻ നയിച്ച സഭയിലെ അംഗമായതു കൊണ്ടാണ്.

അദ്ദേഹത്തിന്റെ അപാരമായ ഓർമ്മശക്തി എന്നെ അത്ഭുതപ്പെടുത്തിയിട്ടുണ്ട്. പിതാവിന്റെ പണ്ഡിതോചിതമായ ബുദ്ധികൂർമ്മത എന്നെ അമ്പരപ്പിച്ചിട്ടുണ്ട്. പുതുതലമുറയുടെ ഡിജിറ്റൽ ലോകത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ജ്ഞാനം തേജോമയമാണ്. പിതാവിന്റെ വാക്ചാതുര്യവും അറിവിന്റെ ആഴവും അദ്ദേഹം പ്രസംഗിച്ച തത്ത്വങ്ങളുടെ



മൂർത്തീകരണവും വിലപ്പെട്ട ഉൾക്കാഴ്ചകൾ എനിക്ക് നൽകിയിട്ടുണ്ട്. സാധാരണക്കാരായ വിശ്വാസികൾക്ക് എപ്പോഴും പ്രിയങ്കരനാണ് ആലഞ്ചേരി പിതാവ്. ചെയ്യാത്ത കുറ്റങ്ങൾക്ക് ആരോപണ വിധേയനായ ആലഞ്ചേരി പിതാവിന്റെ ജീവിത വിശുദ്ധി ആഗോള കത്തോലിക്കാസഭ അംഗീകരിക്കുന്ന കാലം ഒട്ടും വിദൂരമല്ല.

# കത്തോലിക്കാ കോൺഗ്രസ്സിന് ജനകീയ അടിത്തറ പാകിയ ആത്മീയനേതാവ്

**അഡ്വ. ബിജു പറയന്നിലം**
കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ പ്രസിഡന്റ്



കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവ് സീറോമലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ് സ്ഥാനത്തുനിന്നും പിന്മാറുന്നതിൽ ഏറ്റവുമധികം ദുഃഖിക്കുന്നത് കത്തോലിക്ക കോൺഗ്രസാണ്. സഭയിൽ അല്മായരുടെ റോൾ എന്താണെന്ന് നമുക്ക് ഏവർക്കും അറിയാവുന്നതാണല്ലോ. ആലഞ്ചേരി പിതാവ് മേജർ ആർച്ച്ബിഷപ്പ് ആയ കാലഘട്ടം മുതലാണ് സഭാ ആസ്ഥാനമായ കാക്കനാട് മൗണ്ട് സെന്റ് തോമസിന്റെ വാതിലുകൾ അല്മായർക്കായി തുറന്നിട്ടത്. സഭാതലവനും സഭാമക്കളും തമ്മിൽ നേരിട്ട് അടുപ്പം സ്ഥാപിക്കുക എന്ന ലക്ഷ്യത്തിൽ കത്തോലിക്ക കോൺഗ്രസ് നടത്തിയ ''മേജർ ആർച്ച്ബിഷപ്പ് പങ്കെടുക്കുന്ന രൂപതാ സമ്മേളനങ്ങൾ'' ജനപങ്കാളിത്തംകൊണ്ട് ചരിത്രത്തിൽ ഇടം പിടിച്ചു. കത്തോലിക്ക കോൺഗ്രസിന്റെ പ്രവർത്തനപരിധി ലോകമെമ്പാടുമുള്ള സീറോമലബാർ സഭാമക്കൾ വസിക്കുന്ന മുഴുവൻ പ്രദേശങ്ങളിലേക്കും വ്യാപിപ്പിച്ചതിനു ശേഷം വിവിധ രാജ്യങ്ങളിലെ പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് നടത്തിയ ദുബായ് ഗ്ലോബൽ മീറ്റിനും, ബാങ്കോക്ക് ഗ്ലോബൽ മീറ്റിനും ആലഞ്ചേരി പിതാവ് നൽകിയ പിന്തുണയേറെ വലുതാണ്. ഗാഡ്ഗിൽ കസ്തൂരിരംഗൻ റിപ്പോർട്ട്, പട്ടയപ്രശ്നം, വന്യമൃഗശല്യം, റബ്ബർ ഉൾപ്പെടെയുള്ള കാർഷിക ഉത്പന്നങ്ങളുടെ വിലയിടിവ്, സർക്കാരുകളുടെ ന്യൂനപക്ഷ അവകാശങ്ങളുടെ മേലുള്ള കടന്നു കയറ്റം തുടങ്ങി നിരവധി ജനകീയ പ്രശ്നങ്ങൾ സംഘടന ഏറ്റെടുത്തപ്പോൾ കത്തോലിക്ക കോൺഗ്രസിനെ സമര സംഘടനയെന്ന് ആലഞ്ചേരി പിതാവ് വിശേഷിപ്പിച്ചു. ''കത്തോലിക്ക കോൺഗ്രസ് സഭയുടെ ശബ്ദം''എന്ന് ആലഞ്ചേരി പിതാവ് പ്രഖ്യാപിച്ചപ്പോൾ ലോകം മുഴുവനുമുള്ള കത്തോലിക്ക കോൺഗ്രസ് അംഗങ്ങൾ കൂടുതൽ ഉത്തരവാദിത്വത്തോട് കൂടി സഭയോട് ചേർന്ന് പ്രവർത്തിക്കുവാൻ തുടങ്ങി. തൃശ്ശൂരിൽ വെച്ച് അൻപതിനായിരം പേരെ പങ്കെടുപ്പിച്ചുകൊണ്ട് നടത്തിയ കത്തോലിക്ക കോൺഗ്രസിന്റെ ശതാബ്ദി ആഘോഷസമാപനം ഉദ്ഘാടനം ചെയ്ത ആലഞ്ചേരി പിതാവ് കത്തോലിക്ക കോൺഗ്രസ് സമുദായത്തിന്റെ പ്രശ്നങ്ങൾ ഏറ്റെടുക്കാൻ വിധം ശക്തിപ്പെട്ടുവെന്ന് പ്രഖ്യാപിച്ചത് സംഘടനയ്ക്ക് ആവേശം പകരുന്നതായിരുന്നു. കാർഷിക പ്രശ്നങ്ങളാൽ ജനങ്ങൾ വലഞ്ഞപ്പോൾ 2015ൽ നടത്തിയ മോചനയാത്രയ്ക്കും, 2023ൽ കാസർകോഡ് മുതൽ തിരുവനന്തപുരം വരെ നടത്തിയ അതിജീവനയാത്രയ്ക്കും പ്രേരകശക്തി ആലഞ്ചേരി പിതാവാണ്. എനിക്ക് ഏറ്റവും ശ്രദ്ധേയമായി തോന്നിയിട്ടുള്ളത് സഭയുടെ വളർച്ചയ്ക്ക് ഒപ്പംതന്നെ സമൂഹത്തിന്റെ നന്മയ്ക്കായി ഏത് നിർദ്ദേശം വച്ചാലും സർവാത്മനാ പ്രോത്സാഹിപ്പിക്കുന്ന ആലഞ്ചേരി പിതാവിനെയാണ്. മറ്റൊരു പ്രധാന സവിശേഷത സഭയുടെ പരമാദ്ധ്യക്ഷനായി ഇരിക്കുമ്പോഴും എല്ലാവരെയും നിറപുഞ്ചിരിയോടെ ഹൃദ്യമായി സ്വീകരിക്കുവാനും കുശലം പറയുവാനും വീട്ടുകാര്യങ്ങൾ അന്വേഷിക്കുവാനും പിതാവ് പ്രത്യേകം ശ്രദ്ധിച്ചിരുന്നു എന്നുള്ളതാണ്. വലുപ്പച്ചെറുപ്പം നോക്കാതെ ആരു വിളിച്ചാലും ഫോൺ കോളുകൾ എടുത്തും, അല്ലെങ്കിൽ തിരികെ വിളിച്ചും, മാന്യതയുടെയും ലാളിത്യത്തിന്റെയും പ്രതിരൂപമായിരുന്നു പിതാവ്. ഇപ്രകാരം സഭാമക്കളോട് ദൃഢമായ ബന്ധം കാത്തുസൂക്ഷിച്ചും ഒരു വലിയ പിതാവിനടുത്ത സ്നേഹവും കരുതലും നൽകി എല്ലാവരെ യും തന്നിലേക്ക് ആകർഷിച്ചു നിർത്തുവാൻ ആലഞ്ചേരി പിതാവിന് സാധിച്ചു.

പ്രിയ പിതാവേ, കത്തോലിക്ക കോൺഗ്രസ് നാളിതുവരെ നൽകിയിട്ടുള്ള സ്നേഹത്തെക്കാൾ കൂടുതൽ സ്നേഹവും ആദരവും നൽകി അങ്ങയെ ഞങ്ങൾ ഹൃദയത്തിലേറ്റുമെന്ന് ഉറപ്പു നൽകുന്നു.



# കർദിനാൾ മാർ ആലഞ്ചേരി: പബ്ലിക് അഫയേഴ്സ് കമ്മീഷന്റെ പ്രണേതാവ്



**ഫാ. എബ്രഹാം കാവിൽപുരയിടത്തിൽ**
പബ്ലിക് അഫയേഴ്സ് കമ്മീഷൻ സെക്രട്ടറി



**ഫാ. ജയിംസ് കൊക്കാവയലിൽ**
അസി. സെക്രട്ടറി,
പബ്ലിക് അഫയേഴ്സ് കമ്മീഷൻ

സീറോമലബാർ സഭയിലെ അംഗങ്ങളുടെ സമുദായോന്നമനം ലക്ഷ്യംവച്ചുകൊണ്ടും സാമൂഹിക-രാഷ്ട്രീയ രംഗങ്ങളിലെ ചലനങ്ങൾ നിരീക്ഷിച്ച് ഉചിതമായ നിലപാടുകൾ സ്വീകരിക്കുന്നതിനുമായി 2020 ജനുവരിയിൽ കൂടിയ സിനഡിലാണ് സീറോമലബാർ പബ്ലിക് അഫയേഴ്സ് കമ്മീഷൻ രൂപീകരിക്കപ്പെടുന്നത്. തുടർന്ന് കമ്മീഷന്റെ എല്ലാ പ്രവർത്തനങ്ങളും സഭയുടെ പിതാവും തലവനുമെന്ന നിലയിൽ അഭിവന്ദ്യ ആലഞ്ചേരി പിതാവ് പൈതൃകവാത്സല്യത്തോടെ നിരീക്ഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും മാർഗ്ഗനിർദേശങ്ങൾ നൽകുകയും ചെയ്തിരുന്നു. ഇഡബ്ല്യുഎസ് സംവരണം, വിവിധ ന്യൂനപക്ഷ വിഷയങ്ങൾ എന്നിവയിൽ കമ്മീഷൻ സ്വീകരിച്ച ശക്തമായ നിലപാടുകളെ അഭിവന്ദ്യ പിതാവ് എപ്പോഴും ശ്ലാഘിച്ചിരുന്നു.

റിട്ട. ജസ്റ്റിസ് ജെ.ബി.കോശി കമ്മീഷനു സമർപ്പിക്കുന്നതിനുള്ള സഭയുടെ ഔദ്യോഗിക നിവേദനം തയ്യാറാക്കുന്നതും അതുമായി ബന്ധപ്പെട്ട മറ്റു ചുമതലകളും അഭിവന്ദ്യ ആലഞ്ചേരി പിതാവ് പബ്ലിക് അഫയേഴ്സ് കമ്മീഷനെയാണ് ഏൽപ്പിച്ചത്. പബ്ലിക് അഫയേഴ്സ് കമ്മീഷൻ തയാറാക്കിയ റിപ്പോർട്ട് അംഗീകരിക്കുകയും 2021 നവംബർ 22 ന് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ ചേർന്ന യോഗത്തിൽ വച്ച് അഭിവന്ദ്യ ആലഞ്ചേരി പിതാവ് പ്രസ്തുത റിപ്പോർട്ട് ജെ.ബി.കോശി കമ്മീഷന് നേരിട്ട് സമർപ്പിക്കുകയും ചെയ്തു.

സീറോമലബാർസഭയിലെ സുറിയാനിക്കാർ ആർസി, ആർസിഎസ്സി തുടങ്ങിയ വ്യത്യസ്ത സമുദായ നാമങ്ങളിലാണ് അറിയപ്പെട്ടിരുന്നത്. അവയെല്ലാം ഏകീകരിച്ച് 'സീറോമലബാർ സിറിയൻ കാത്തലിക്' എന്ന പൊതുനാമം ഔദ്യോഗികമായി അംഗീകരിക്കുന്നതിന് സർക്കാരിൽ ശക്തമായ ഇടപെടൽ അഭിവന്ദ്യ പിതാവ് നടത്തിയിരുന്നു. സർക്കാർ ഉത്തരവിൽ തന്നെ ഇത് സൂചിപ്പിച്ചിട്ടുമുണ്ട്.

സീറോമലബാർ സമുദായ ശാക്തീകരണ കർമ പദ്ധതിയുടെ രൂപീകരണമാണ് കമ്മീഷന് അഭിവന്ദ്യ പിതാവിന്റെ ഇടപെടലിനെക്കുറിച്ച് പ്രതിപാദിക്കാനുള്ള മറ്റൊരു പ്രധാന മേഖല. സർക്കാരിന്റെ മുമ്പിൽ വിവിധ ആവശ്യങ്ങൾ ഉന്നയിക്കുന്നതു പോലെ തന്നെ സമുദായത്തിന്റെ ഉന്നമനം ആവശ്യമുള്ള മേഖലകൾ കണ്ടെത്താനും അവയിൽ സഭയ്ക്ക് ചെയ്യാൻ സാധിക്കുന്ന കാര്യങ്ങൾ നിർദ്ദേശിക്കാനും സിനഡ് ഈ കമ്മീഷനെ ചുമതലപ്പെടുത്തി. തുടർന്ന് കമ്മീഷൻ വിശദമായ പഠനത്തിലൂടെ കണ്ടെത്തിയ കാര്യങ്ങൾ സിനഡിൽ അവതരിപ്പിക്കാനും പുസ്തകരൂപത്തിൽ പുറത്തിറക്കാനും അഭിവന്ദ്യ പിതാവ് അനുവാദം നൽകി.

സഭാംഗങ്ങളെ വിശ്വാസത്തിൽ വളർത്തുന്നതോടൊപ്പം തന്നെ അവരുടെ സാമൂഹികവും സാമുദായപരവുമായ ഉന്നമനംകൂടി ലക്ഷ്യംവച്ചുകൊണ്ട്, ഇതരവിഭാഗങ്ങളുടെ അവകാശങ്ങളെ മാനിച്ചുകൊണ്ടുതന്നെ സുധീരനിലപാടുകൾ സ്വീകരിക്കുകയും നടപടികൾ എടുക്കുകയും ചെയ്ത അഭിവന്ദ്യ ആലഞ്ചേരി പിതാവിനോട് സീറോമലബാർസഭ എന്നും കടപ്പെട്ടിരിക്കുന്നു. പബ്ലിക് അഫയേഴ്സ് കമ്മീഷൻ രൂപീകരിക്കുകയും അതിന്റെ പ്രവർത്തനങ്ങളെ എപ്പോഴും പ്രശംസിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്ത സ്നേഹനിധിയായ പിതാവിന് നന്ദിയുടെ നറുമലരുകൾ.

# കൂപ്പുകൈ



**കർദിനാൾ ജോർജ് ആലഞ്ചേരി**
മേജർ ആർച്ചുബിഷപ് എമെരിത്തൂസ്

**ഔദ്യോഗിക ചുമതലയിൽനിന്നും വിരമിച്ചതിനുശേഷം 2024 ജനുവരി 04 – ാം തിയതി കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവ് നൽകിയ സന്ദേശം**

ഈശോയിൽ പ്രിയ സഹോദരീസഹോദരന്മാരേ,

പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവത്തിനു സ്തുതി ഉണ്ടാകട്ടെ! മേജർ ആർച്ചുബിഷപുസ്ഥാനത്തുനിന്നു ഞാൻ വിടപറയുമ്പോൾ സഭമുഴുവനോടും ഏതാനും ചിന്തകളും മനോവികാരങ്ങളും പങ്കുവയ്ക്കാൻ ആഗ്രഹിക്കുന്നു. വിശുദ്ധ പൗലോസ് ശ്ലീഹായുടെ വാക്കുകൾ ഈ സാഹചര്യത്തിൽ ഏറെ അർഥപൂർണമാണ്: ‘‘ഞാൻ നട്ടു; അപ്പോളോസ് നനച്ചു; എന്നാൽ ദൈവമാണു വളർത്തിയത’’(1 കോറി. 3:6). മെത്രാൻസിനഡിന്റെ തെരഞ്ഞെടുപ്പിലൂടെ സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പായി നിയോഗിക്കപ്പെട്ട എന്നെ 12 വർഷവും ആറു മാസവും പ്രസ്തുത ശുശ്രൂഷ ചെയ്യാൻ ദൈവം അനുവദിച്ചു.

കൂടാതെ, തക്കല രൂപതയിൽ മെത്രാനായി സേവനംചെയ്ത 13 വർഷങ്ങളുടെ ഓർമ എന്റെ മനസ്സിൽ സജീവമായി നിലനില്ക്കുന്നു; എന്റെ മേല്പട്ടശുശ്രൂഷ വലിയ സന്തോഷത്തോടും സംതൃപ്തിയോടുംകൂടിയാണ് ഞാൻ നിർവഹിച്ചത്. മെത്രാൻ എന്നനിലയിലും മേജർ ആർച്ചുബിഷപ് എന്നനിലയിലും എന്റെ ശുശ്രൂഷാകാലഘട്ടത്തിലുടനീളം എന്റെ ഏറ്റവും ആത്മാർഥമായ പരിശ്രമം വിവിധ ശുശ്രൂഷാമേഖലകളിൽ സീറോമലബാർ സഭയെ പരിപാലിക്കുക, അഥവാ വി. പൗലോസിന്റെ വാക്കുകളിൽ പറഞ്ഞാൽ ‘നനയ്ക്കുക’, എന്നതായിരുന്നു. സുവിശേഷവത്ക്കരണം, പ്രേഷിത സംരംഭങ്ങൾ, ആരാധനക്രമനവീകരണത്തിനായി ആരാധനാക്രമപുസ്തകങ്ങളുടെ പുതുക്കൽ, പുരോഹിതാർഥികളുടെ പരിശീലനം, അത്മായ സംഘടനകളുടെ പുനഃശക്തീകരണം, സമർപ്പിതരെ സഭയോടു കൂടുതൽ ചേർത്തുനിറുത്തൽ, ഭാരതത്തിനകത്തും പുറത്തുമായി ചിതറിക്കിടക്കുന്ന സീറോമലബാർവിശ്വാസികളുടെ അജപാലനപരവും പ്രേഷിതപരവുമായ ആവശ്യങ്ങൾ, സഭൈക്യപ്രസ്ഥാനം, സഭയുടെ പാരമ്പര്യത്തെ പകർന്നുകൊടുക്കുന്നതിനും ചരിത്രഗവേഷണത്തിനുംവേണ്ടിയുള്ള ഹെരിറ്റേജ് ആൻഡ് റിസർച്ച് സെന്റർ, മാധ്യമപ്രേഷിതത്വം എന്നീ മേഖലകളിലാണ് എന്റെ ശ്രദ്ധ കൂടുതൽ പതിഞ്ഞിട്ടുള്ളത്. ഇതിനുപുറമേ, പാവങ്ങളോടും ചൂഷിതരോടും പാർശ്വവത്കരിക്കപ്പെട്ടവരോടുമുള്ള നമ്മുടെ കരുതൽ പ്രതിഫലിപ്പിക്കുന്ന പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.

ഇത്തരം പരിശ്രമങ്ങൾ നടത്തിയെന്നുവരികിലും ഈ മേഖലകളിൽ ഇനിയും ധാരാളം ജോലികൾ ചെയ്യേതുണ്ട്. പൊതുസമൂഹത്തിന്റെയും സഭയുടെയും നന്മയ്ക്കുവേണ്ടിയുള്ള നമ്മുടെ പദ്ധതികളിലും പ്രവർത്തനങ്ങളിലും അഭിമുഖീകരിക്കേണ്ടിവരുന്ന എല്ലാ വെല്ലുവിളികളിലും പ്രയാസങ്ങളിലും ദൈവം നമ്മെ നയിക്കുകയും അവയെ അതിജീവിക്കാനുള്ള ശക്തിനല്കുകയും ചെയ്യും.

നമ്മുടെ സഭയിൽ എനിക്ക് ഏല്പ്പിക്കപ്പെട്ട ശുശ്രൂഷാനിർവഹണത്തിൽ പൂർണഹൃദയത്തോടെ സഹകരിച്ച സിനഡിനോടും വൈദികരോടും സമർപ്പിതരായ വ്യക്തികളോടും അല്മായനേതാക്കളോടും എല്ലാ സഹോദരീസഹോദരന്മാരോടും യുവജനങ്ങളോടും നന്ദിപ്രകാശിപ്പിക്കാൻ ഈ അവസരം ഞാൻ വിനിയോഗിക്കുന്നു. എന്റെ സേവനകാലഘട്ടത്തിൽ തങ്ങളുടെ കഴിവുകളും വിഭവങ്ങളും വളരെ ഉദാരമായി പങ്കുവെച്ച എല്ലാവരോടും ഞാൻ നന്ദിപറയുന്നു.

മേജർ ആർച്ചുബിഷപ്പ് എന്ന നിലയിലും എറണാകുളം-അങ്കമാലി അതിരൂപതയുടെ മെത്രാപ്പോലീത്ത എന്ന നിലയിലും എന്റെ ദൗത്യനിർവഹണത്തിൽ വന്നുപോയ കുറവുകളിലും പോരായ്മകളിലും ഞാൻ ഖേദിക്കുന്നു. സഭയുടെ നേതൃത്വത്തിൽനിന്നു മാറുമ്പോഴും നമ്മുടെ സഭയുടെ എല്ലാ ദൗത്യമേഖലകളിലും കൂട്ടായ്മ, സംഘാതാത്മകത, സഹകരണം എന്നിവയോടെ സാക്ഷ്യംവഹിക്കാൻ സാധിക്കുമെന്ന ഉറച്ച പ്രത്യാശയും എനിക്കുണ്ട്. നമ്മുടെ സഭയുടെ പ്രവർത്തനങ്ങളിലൂടെ ദൈവമഹത്വം പ്രകാശിതമാകുന്നതിനുവേണ്ടി സഭാംഗങ്ങൾ എല്ലാവരും സംശുദ്ധമായ ലക്ഷ്യങ്ങളോടും നിർമലമായ മനസ്സാക്ഷിയോടുംകൂടി ഒന്നിച്ചുവരികയും ഐക്യത്തോടെ പ്രവർത്തിക്കുകയും ചെയ്യട്ടെ എന്നതാണ് എന്റെ പ്രാർഥന. ഉത്തമ ക്രൈസ്തവരെന്നനിലയിൽ മതസൗഹാർദവും മതേതരമൂല്യങ്ങളും ഉയർത്തിപ്പിടിച്ചു നല്ല പൗരന്മാരായിരിക്കാനും നമുക്കു കഴിയട്ടെ. തുടർന്നും നിങ്ങൾ എനിക്കുവേണ്ടി പ്രാർഥിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. നിങ്ങൾക്കുവേണ്ടി ഞാനും പ്രാത്ഥിക്കുന്നതാണ്.

ദൈവനാമം മഹത്വപ്പെടട്ടെ! ദൈവം നിങ്ങളേവരെയും അനുഗഹിക്കട്ടെ!

ഏവർക്കും പുതുവത്സരാശംസകൾ!


Build your PROFESSION from DiSAT



De Paul | DiSAT
INSTITUTE OF SCIENCE AND TECHNOLOGY | NILAMBUR
Run by Vincentian Fathers — Under De Paul Education Trust
Affiliated to University of Calicut and Recognized by Government of Kerala

COURSES OFFERED
BCA — Bachelor of Computer Application
BSW — Bachelor of Social Work
B.Com — Bachelor of Commerce in Finance

Industrial Training
Placement Assistance
Add on Diploma Courses

DiSAT Nilambur, De Paul Nagar, Near Nilambur Railway Station, Malappuram - 679 330, Kerala, India.
www.disat.in
depauldisat@gmail.com
+91 83040 33 246
+91 04931 221518